പുസ്തകം 10 ലക്കം 1
ഡിസംബർ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

മാസിക

Eka Thathwa



## ഈ അവസ്ഥയും മാറും...

# ഏക തത്ത്വയുടെ ആഭിമുഖ്യത്തിൽ സൗഹൃദസദസ്സും, പുസ്തക പ്രകാശനവും



27 ഒക്ടോബർ 2019 ഞായറാഴ്ച പാലക്കാട് ഹോട്ടൽ 'ഗസാല ഇൻ'ലെ സംഗീതം ഹാളിൽ വൈകീട്ട് 3.30 മണിമുതൽ രാത്രി 8 മണി വരെ ഏക തത്ത്വ സൗഹൃദ കൂട്ടായ്മയും പുസ്തകപ്രകാശനവും നടത്തി.

ഏക തത്ത്വ സൗഹൃദസദസ്സ് പ്രശസ്ത കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് ശ്രീ. ടി. കെ. ഉണ്ണികൃഷ്ണന്റെ 'കാത്തിരിപ്പ്' എന്ന കഥാസമാഹാരം പ്രൊഫ. വി. കെ. എം. നായർ പ്രകാശനം ചെയ്തു. പുസ്തകം ചിത്രകാരനും സാഹിത്യകാരനും അദ്ധ്യാപകനുമായ ശ്രീ. ടി. വി. നാരായണൻകുട്ടി സ്വീകരിച്ചു. കവയിത്രിയും അദ്ധ്യാപികയുമായ ശ്രീമതി. തുളസി കേരളശ്ശേരി പുസ്തക പരിചയം നടത്തി. കഥാകൃത്ത് ശ്രീ. ഈശ്വർകുമാർ തരവത്ത്, ശ്രീ. സൈനുദീൻ മുണ്ടക്കയം, ശ്രീ. അശോകൻ രാജീവം, SASG ഡയറക്ടർ ശ്രീ. കൃഷ്ണകുമാർ ആശംസകളർപ്പിച്ചു. ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ മറുപടി പ്രസംഗം നടത്തി. ഏക തത്ത്വ എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങ് ബേബി നന്ദനയുടെ പ്രാർത്ഥനയോടെ ആരംഭം കുറിച്ചു. ചിത്രകാരനും സാമൂഹിക പ്രവർത്തകനുമായ ശ്രീ. എൻ. ജി. ജോൺസ്സൺ സ്വാഗതം പറഞ്ഞു. കഥാകൃത്ത് ശ്രീ. ഉണ്ണി വിശ്വനാഥ് നന്ദി രേഖപ്പെടുത്തി. കഥയും കവിതയും ശ്ലോകങ്ങളും ഡാൻസും പാട്ടുമായി ഏവരും ചേർന്ന് സൗഹൃദ സദസ്സിനെ ധന്യമാക്കി.

ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ സാറുടെ പേരക്കുട്ടികളായ തുഷാർ മേനോൻ ഗിത്താറിലൂടെ നിരവധി ഗാനങ്ങൾ കോർത്തിണക്കി വായിച്ചു, ആദ്യ മേനോൻ കുച്ചിപ്പുടിയും രാജസ്ഥാനി നൃത്തവും ചെയ്തു. ശ്രീമതി. സുഗുണ സന്തോഷും ശ്രീ. ശ്രീപ്രകാശ് ഒറ്റപ്പാലവും കവിതകൾ ആലപിച്ചു. ഏക തത്ത്വ എഡിറ്റർ ദമ്പതിമാരുടെ മകളായ ബേബി നന്ദനയുടെ സിനിമാറ്റിക് ഡാൻസും ശ്രീ. സയീദ് മുഹമ്മദ്, ശ്രീ. അശോകൻ രാജീവം, ശ്രീമതി. ഇന്ദു മാരാത്തിന്റെ മകളായ കുമാരി കൃപ കെ. ദാസ് തുടങ്ങിയവർ സിനിമാഗാനങ്ങൾ ആലപിക്കുകയും ചെയ്തു. മണി ഗുരുക്കൾ വിസിലിങ്ങിലൂടേയും ശ്രീമതി. അനിത വോക്കലിലൂടേയും ആലപിച്ച യുഗ്മഗാനവും കലാപരിപാടിക്ക് മികവേകി.



₹ 15

# ഏക തത്ത്വ
മാസിക

പുസ്തകം 10 ലക്കം 1
ഡിസംബർ 2019

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ചിത്രം**
ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 - ഭാഗവതസപ്താഹവും അന്ന മഹാദാനവും ആർക്കുവേണ്ടി ? - എം. എൽ ശ്യാമള
10 - ഏയ്, കുഴഞ്ഞുവീഴരുതേ... - അശോപ്പി ചേർത്തല
11 - നയാപൈസ - പി. ആർ. ജോസ്
12 - വചനസംസ്കാരം - പ്രൊഫ. കെ. ശശികുമാർ
13 - ചില നാട്ടുതമാശകൾ - രാജൻ കിണറ്റിങ്കര
27 - കരിമ്പന കാറ്റിൽ ഭ്രമരം - മുരളി മൂത്തേടം

**കഥ**
26 - എന്റെ അമ്മ - കെ. പി. ശ്രീകുമാരി
30 - കൃഷ്ണ പക്ഷം - ജയശ്രീ രാജേഷ്
32 - മറിയം പൂവ് - ജോക്സി ജോസഫ്
33 - കോമാളി - ടി. കെ. ഉണ്ണികൃഷ്ണൻ
36 - മാത്രയഞ്ചക്ഷരം - സുധീർ സുലൈമാൻ
37 - ഉരുസ്സിപ്പാലം - അബ്ദുറബ്ബ്

**കവിത**
9 - കണ്ണാടി - ഭാരതി ഹരിദാസ്
12 - ആരുനൽകീയിവയെല്ലാം - കേശവൻ നമ്പൂതിരി
13 - മർമ്മരം - ധന്യാലയം പ്രമോദ്
18 - അടയാളം - മുരളീധർ കൊല്ലത്ത്
21 - സെൽ പറഞ്ഞത്, ഗുരുവേ... - തുളസി കേരളശ്ശേരി
22 - ഉത്തരമില്ലാച്ചിലയ്ക്കൽ - രാജീവ് മാമ്പുള്ളി
31 - കനലുകൾ - ബിബിത് പാലക്കാട്
34 - കേൾക്കാത്ത വിളികൾ - ബിജു പൊയ്കയിൽ
37 - പേടി - അലക്സാണ്ടർ മുട്ടത്തുപാടം
38 - കലഹം (അവളുടേത്) - ശ്രീജ ജയചന്ദ്രൻ
38 - ഒരാളെ ഇല്ലാതെയാക്കാൻ - ദിലീപൻ
41 - വിട - ടി. കെ. രഘുനാഥ്
42 - ഔചിത്യബോധം - അജയ് ബാലചന്ദ്രൻ
42 - ചെരുപ്പ് - ഉണ്ണി വിശ്വനാഥ്

**ഓർമ്മച്ചിത്രങ്ങൾ**
9 - കണക്കൻ മാഷും കിഴുക്കും - മുക്കം ഭാസി

**ഗായകരത്നങ്ങൾ**
14 - മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ - ടി. വി. നാരായണൻ കുട്ടി

**ആരോഗ്യം**
16 - പുഴുക്കടി - ഡോ. സി. രാമകൃഷ്ണൻ

**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
17 - മൂല്യാവബോധനം അന്യമാകുന്നുവോ ? - രാജേന്ദ്രൻ വയല

**വിജ്ഞാനച്ചെപ്പ്**
18 - നാടിനെ അറിയാം, നാട്ടാരേം - ഡോ. ഒ. സി. പ്രമോദ്

**അനുഭവം**
22 - എന്റെ പഴനി യാത്ര - മനോഹരി സി. ബി.

**പൊതുവിജ്ഞാനം**
25 - പൊതുവിജ്ഞാനം - നൗഷാദ് ഖാൻ

**യാത്രകളിലൂടെ**
28 - പ്രൗഢിയുടെ ചരിത്രാവശിഷ്ടങ്ങളിലേക്ക് ഒരു സഞ്ചാരം - ഡോ. സുനീത് മാത്യു

**ദൈവനാമത്തിൽ**
36 - ഒഴിവുവേള - മുഹമ്മദ് കനി

**പാചകം**
38 - ക്രിസ്തുമസ് കേക്ക് - ജയ ചന്ദ്രൻ

**കതിരും പതിരും**
38 - പുതുച്ചൊല്ലുകൾ - സൈനുദീൻ മുണ്ടക്കയം

**പുസ്തകാസ്വാദനം**
40 - മാതൃസ്നേഹം വഴിഞ്ഞൊഴുകും കവിതകൾ - സുരേഷ് തെക്കീട്ടിൽ

**ദർശനഭൂമിയിലൂടെ**
42 - ഈശ്വര സഹായം - ജയൻ പുതുമന

# ഈ അവസ്ഥയും മാറും...



ഇ. ടി. മുരളീധരൻ

കൂടോത്രത്തെക്കുറിച്ചും ഒടിയനെക്കുറിച്ചുമുള്ള കഥകൾ ഞാൻ പറഞ്ഞുതരാം.
എന്തിനാ ?
എങ്കിലേ എന്റെ കൂടോത്രങ്ങൾ നിന്നിൽ ഫലിക്കൂ.
ആ ചൂലെടുത്തുകൊണ്ടുവരൂ.
എന്തിനാ ?
അതുകൊണ്ട് നിന്റെ ചന്തിക്കൊരെണ്ണം തരാനാ.
എല്ലാവരും ഭക്തൻമാരാകണം.
എന്തിനാ ?
എങ്കിലേ എന്റെ ബിസിനസ്സ് വിജയിക്കുകയുള്ളു.

എന്തിനാ എന്ന് ചോദിക്കാതെ ഓരോരുത്തരും മറ്റുള്ളവർ പറയുന്നത് ചെയ്യുന്നു. പലരേയും പലതിനേയും ഭയപ്പെടുന്നു, പറ്റിക്കപ്പെടുന്നു.

അന്ധവിശ്വാസത്തെ നിലനിർത്തി ജ്യോതിഷിയും പുരോഹിതനും പൂജാരിയും മന്ത്രവാദിയും മനുഷ്യദൈവവും മണിമാളികകൾ പണിത് ശീതീകരിച്ച കാറിൽ വിലസുന്നു. ചൂഷണത്തിനിരയായവനേ വീണ്ടും ചൂഷണം ചെയ്യാൻ ഇക്കൂട്ടർ പുതിയ ചരടുമായി വരുന്നു. അതുപോലെ രാഷ്ട്രീയ നേതാക്കളെല്ലാം ഇവിടെ സുഖിച്ച് വാഴുന്നു. വോട്ട് ചെയ്ത പാവങ്ങൾ ദുരിതം തീരാതെ നട്ടം തിരിയുന്നു. മന്ത്രച്ചരട് വാങ്ങുമ്പോൾ ഒന്നും ആലോചിക്കില്ല എന്നതുപോലെ വോട്ടു ചെയ്യുമ്പോഴും കൂടുതലായൊന്നും ചിന്തിക്കാറില്ല. അതാണ് കുഴപ്പം.

ഒരാൾ വിവിധ ഘട്ടങ്ങളിലായി എം. എൽ. എ. ആവുന്നു, എം.പി. ആവുന്നു, പിന്നീട് മന്ത്രിയായും സേവനമനുഷ്ഠിക്കുമ്പോൾ വൻതുക ശമ്പളമായി കിട്ടുന്നതിനുപുറമേ നേരത്തേ വഹിച്ച പദവികളുടെ പെൻഷനും ലഭിക്കുന്നു. അതുപോലെ കുറേനാൾ മിലിട്ടറിയിൽ, പിന്നെ ബാങ്കിലെയോ മറ്റോ സെക്യൂരിറ്റി ജോലി. ഒരിടത്തുനിന്ന് പെൻഷനും പുതിയ ജോലിയിലെ ശമ്പളവും. എന്തായിത് ? മിലിട്ടറിക്കാർക്കും അവർ റിട്ടയർ ചെയ്ത ശേഷവും മദ്യക്വോട്ട. അതുപോട്ടെ കുടിച്ചും കുടിപ്പിച്ചും ശീലിച്ചതല്ലേ ? അയാൾ മരിച്ചാൽ ഭാര്യയ്ക്ക് എന്തിനാണാവോ പെൻഷനോടൊപ്പം ഈ മദ്യക്വോട്ട? മദ്യം കഴിച്ച് ഭർതൃവിയോഗം, ദുഃഖം മറന്നോട്ടെ എന്നാണോ ? അതോ മദ്യം ബ്ലാക്കിൽ വിറ്റ് ജീവിച്ചോട്ടെ എന്നാണോ ? ജീവിക്കാനൊരുപാധിയാണെങ്കിൽ കുറച്ച് പെൻഷൻ തുക കൂടുതൽ നല്കിയാൽ പോരേ ? തൊഴിലില്ലായ്മ രൂക്ഷമായി തുടരുന്ന ഈ കാലത്ത് ഒരാൾക്കുതന്നെ പലവിധത്തിൽ പെൻഷൻ കൊടുക്കാമോ ? തുച്ഛമായ തുക പെൻഷൻ പറ്റുന്നവരുമുണ്ട്. ജോലി ചെയ്യുമ്പോൾ ശമ്പളമായി വാങ്ങിയ പണത്തേക്കാളും പെൻഷൻ തുകയായി കൈപ്പറ്റുന്നവരുമുണ്ട്. എന്നിട്ടും അവർ സംതൃപ്തരല്ല. ആഗ്രഹിച്ച ജോലി കിട്ടിയിട്ടും ജോലി ചെയ്യാൻ സാധിക്കാത്ത വകുപ്പുകളുണ്ട്. ഉദാഹരണത്തിന് ആഗ്രഹിച്ച് ലഭിച്ച ജോലി അദ്ധ്യാപനം, ക്ലാസ്റൂമിൽ ചെന്ന് കുട്ടികളെ പഠിപ്പിക്കാൻ അയാൾക്ക് കൊതിയായി പക്ഷെ പഠിപ്പിക്കാൻ നേരമില്ല കാരണം കലോത്സവ ചാർജ്ജ്, പരിസ്ഥിതിപഠനത്തിന്റെ ചുമതല, പഠനയാത്ര തുടങ്ങി ഒട്ടേറെ ചുമതലകൾ, മാനസികപിരിമുറുക്കം. അതുപോലെ ജോലി അഗ്രികൾച്ചർ അസിസ്റ്റന്റ് അതുമല്ലെങ്കിൽ കൃഷി ഓഫീസർ പക്ഷെ കൃഷിയുമായി നേരിട്ടൊരു ബന്ധവുമില്ല. പാടത്ത് പോകുകയേ വേണ്ട. പലവിധ സ്കീമുകൾ തയ്യാറാക്കുകയും അതിന്റെ ഫണ്ടുകൾ വിതരണം ചെയ്ത് കണക്ക് സൂക്ഷിക്കുകയും ചെയ്യലാണ് പണി. മൈസൂർ പഴത്തിൽ മൈസൂരുണ്ടാകുകയില്ലല്ലോ അതുപോലെയാണ്. പഠിച്ചത് ഒന്ന് ജോലി വേറൊന്ന്. ആ ജോലിയുടെ പേരും അതിന്റെ സ്വഭാവവും മറ്റൊന്ന്. എന്തുവിചിത്രം ?

പണ്ട് പല സർക്കാർ ഓഫീസുകളും വൈകുന്നേരമായാൽ മദ്യഷാപ്പുകളായിരുന്നു. കൈക്കൂലിയിനത്തിൽ ലഭിച്ചവയെ ഓഫീസിലിരുന്ന് പൊടിപൊടിക്കും. ഇപ്പോൾ ആളുകൾ മാന്യന്മാരായി. എല്ലാം ഡിജിറ്റൽ ആയി. പണം അവർ പറയുന്ന വ്യാജ അക്കൗണ്ടിലേയ്ക്ക് ഇട്ടുകൊടുത്താൽ മതി. കൈപ്പറ്റിയത് കൈക്കൂലിയാണെന്ന് തെളിയിക്കാൻ നോട്ടിൽ പുരട്ടാറുള്ള ഫിനോൽഫ്ത്തലിൻ (Phenolphthalein) പൗഡറിനെ ഒന്നും പേടിക്കേണ്ട. കൈക്കൂലി വാങ്ങിക്കാൻ ഇടനിലക്കാരും വേണ്ട. അർഹതയിൽ കൂടുതലാണ് ശമ്പളം. സർക്കാർ വാഹനമെടുത്ത് സർക്കാർ ചിലവിൽ ഒരാളെ കാണാൻ പോയാൽ ഇന്നത്തെ ഡ്യൂട്ടി കഴിഞ്ഞു. എന്താ അല്ലേ ജോലിഭാരം ? പണ്ടും ഇന്നും പാവങ്ങൾ പണിയെടുത്ത് ക്ഷീണിച്ചുവരുമ്പോൾ അവരുടെ വേതനത്തെ ചൊല്ലി തർക്കം. നാണം തോന്നുന്നില്ലേ ? നിങ്ങൾ ചെയ്യുന്നതും നിങ്ങൾക്ക് കിട്ടുന്ന ശമ്പളവും ഒന്ന് താരതമ്യപ്പെടുത്തിനോക്കൂ. വെറുതെയിരിക്കുന്ന നിങ്ങൾക്ക് രണ്ടായിരത്തിനുമേലേ ദിവസവേതനമുള്ളപ്പോൾ കൂലിപ്പണിക്കാരന് കൂലി കൊടുക്കാൻ എന്താ ഇത്ര വിഷമം ? തൊഴിലാളി പാർട്ടിയെല്ലാം മുതലാളി പാർട്ടിയെപ്പോലെയായി. പരിപ്പുവടയും ചായയും പിടിക്കാതെയായി. പാവങ്ങൾക്ക് ഒരു രാഷ്ട്രീയ പാർട്ടിയില്ലാതെയായി.

കല്യാണവും കാതുകുത്തുമൊന്നും കൂലിപ്പണിക്കാരനെ ബാധിക്കുന്നില്ല. അനുവാദമെടുത്തുപോകാൻ അവന് അവകാശമില്ലല്ലോ. വേണമെങ്കിൽ വേതനമില്ലാത്ത ലീവെടുത്ത് പോകട്ടെ. പക്ഷെ സർക്കാർ ജോലിക്കാർ ലീവെടുക്കാതെ തന്നെ അവരുടെ എല്ലാ സ്വകാര്യ ആവശ്യങ്ങളും ജോലി സമയത്തുതന്നെ നിർവ്വഹിക്കുന്നു. ആ കാര്യത്തിൽ ജീവനക്കാർ പരസ്പരം സഹകരിക്കുന്നു. എന്താ ഒരുമ? ലീവില്ല, ലീവ് തരില്ല എന്നൊന്നും പറയാനാവില്ല. ഞാൻ പോകുന്നു എന്നുപറഞ്ഞ് പോയാൽ തന്നെ ഏറിയാൽ ഒരു സസ്പെൻഷൻ. കുറച്ചുനാൾ വീട്ടിലിരുന്ന് പണിയെടുക്കാതെ ശമ്പളം പറ്റും. പിന്നെ പ്രമോഷനോടൊപ്പമൊരു സ്ഥലമാറ്റം. എന്തുനല്ല ശിക്ഷ !

എന്റെ കൂടെ കോളേജിൽ പഠിച്ച ഒരു സഹപാഠിയുടെ മുടിയെല്ലാം ദിനംപ്രതി കൊഴിഞ്ഞുകൊഴിഞ്ഞ് ഡിഗ്രി കോഴ്സിന്റെ അവസാന വർഷമായപ്പോഴേയ്ക്കും പൂർണ്ണമായും കഷണ്ടിയായി. നല്ല പണമുള്ള വലിയൊരു ബിസിനസ്സുകാരന്റെ മകനായിരുന്നു അവൻ. അവൻ പറഞ്ഞു ഡൽഹിയിൽ പോയാൽ ലേസർ ട്രീറ്റ്മെന്റുണ്ട്. അന്ന് അവിടെ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്ന് മുടികൊഴിച്ചിൽ തടയാനും കഷണ്ടിക്ക് പലവിധ പ്രതിവിധികളും കണ്ടെത്തിയിട്ടുണ്ട്. പക്ഷെ അന്ന് ഡൽഹിയിൽ തന്നെ പോകണമായിരുന്നു ഈ ട്രീറ്റ്മെന്റിന്. അവൻ പറഞ്ഞു ഡിഗ്രി പരീക്ഷ കഴിഞ്ഞിട്ടു വേണം ഡൽഹിയിൽ പോയി മുടി പിടിപ്പിക്കാൻ. അന്നുതന്നെ ഒരു ലക്ഷത്തിനുമേലെ ചിലവുവരുന്നുണ്ട് ട്രീറ്റ്മെന്റിന്. ഡിഗ്രി പരീക്ഷ കഴിഞ്ഞ് ഞാൻ എറണാകുളത്തുനിന്ന് പാലക്കാട്ടേ

ക്ക് താമസം മാറി. ഒരുവർഷത്തിനു ശേഷം എറണാകുളത്തുപോയപ്പോൾ ഞാൻ അവനെ കണ്ടു. ഒരു മാറ്റവുമില്ല പഴയതുപോലെ തന്നെ കഷണ്ടി. ഞാൻ ചോദിച്ചു ട്രീറ്റുമെന്റ് ഫലം കണ്ടില്ലേ ? അവൻ ചിരിച്ചുകൊണ്ടുപറഞ്ഞു ഞാൻ ട്രീറ്റുമെന്റിന് പോയില്ല. തലയിൽ മുടിയില്ലെങ്കിലും ബുദ്ധിയുണ്ടല്ലോ ഒരുപക്ഷെ ലേസർ അടിക്കുമ്പോൾ ഒന്ന് പിഴച്ചാൽ, തലയ്ക്കകത്ത് ബുദ്ധിക്ക് എന്തെങ്കിലും സംഭവിച്ചാൽ മുടിയുണ്ടായിട്ടു വല്ല കാര്യവുമുണ്ടോ ? കാണാൻ കരടിയെപ്പോലെ തലയിൽ മുടിയുണ്ടാകും പക്ഷെ ബുദ്ധി നഷ്ടപ്പെട്ടിട്ട് ജീവിക്കാനാകുമോ? അതിനാൽ ഞാൻ ആ ചികിത്സ വേണ്ടെന്നുവെച്ചു. ഈ അനുഭവം ഇവിടെ പറയാനൊരു കാരണമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയുടെ ഭാഗമായി കേരളത്തിലെ മൂന്നു ജില്ലകൾ അടിമുടി മാറാൻ പോവുകയാണ്. ഉള്ള മതിലിനെ തല്ലിത്തകർത്ത് പുതിയൊരെണ്ണം കെട്ടുന്നു, പഴയ ചാലുകളെ ജെ. സി. ബിയിൽ കോരിയെടുത്ത് പുതിയവ പണിയുന്നു, നടപ്പാതകൾ വരുന്നു. പെട്രോൾ, ഡീസൽ വിലയുടെ വർദ്ധന ഇനി കാര്യമാക്കേണ്ടതില്ല. സൈക്കിൾ യാത്രക്കാർക്കായി പ്രത്യേകം റോഡുകൾ വരുന്നു. നിറയെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നു. കോടിക്കണക്കിന് രൂപയാണ് ഇതിനുവേണ്ടി ചിലവഴിക്കുന്നത്. ഈ പണമൊന്നും ഓഡിറ്റിന് വിധേയമല്ലത്രെ. പണി പൂർത്തിയാവുന്ന പക്ഷം അതിന്റെ ഫോട്ടോയെടുത്ത് അയച്ചുകൊടുത്താൽ മതി. നല്ലൊരു അവസരം വീണുകിട്ടി. നേതാക്കൾ ഹാപ്പിയായി. ഇതുകൊണ്ട് സാധാരണക്കാരന് എന്തുഗുണം ? വികസനത്തിന്റെ പേരിൽ മുറിക്കപ്പെടുന്ന മരങ്ങളെപ്പോലെ പരിഷ്ക്കാരങ്ങൾ സാധാരണക്കാരനെ ഇല്ലാതാക്കാനെ ഉതകൂ. ട്രീറ്റുമെന്റിനുശേഷം ബുദ്ധി നഷ്ടപ്പെട്ടാലും തലയിൽ നിറയെ മുടി മുളച്ചു എന്നതുപോലെയാവും സ്ഥിതി.

റോഡിലൂടെ പല കാര്യങ്ങൾക്കായി, ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനായി, ജോലിക്കായി നടന്നും സൈക്കിളിലും പോകുന്നവർ തൊഴിലില്ലായ്മമൂലം പട്ടിണിയിലും ദാരിദ്ര്യത്തിലേയ്ക്കും തള്ളിവിട്ട് ഈവിധം കോടികൾ ചിലവഴിച്ച് ഉണ്ടാക്കി എടുക്കുന്ന ഈ പാതയിലൂടെ സൈക്കിൾ ചവിട്ടിപ്പോകുന്നവൻ ആരായിരിക്കും? ആറുനേരവും വെട്ടിവിഴുങ്ങി ശരീരം തടിച്ചുകൊഴുത്തുവന്നാൽ, കൊഴുപ്പ് കുറയ്ക്കാനായി സൈക്കിൾ വാങ്ങി ചവിട്ടുകയും ശരീരവണ്ണം കുറയുന്നതിനനുസരിച്ച് വീണ്ടും ഭക്ഷണം വാരിക്കഴിച്ച് തന്റെ ഗിയറുള്ള സൈക്കിളിന്റെ മഹിമകളെക്കുറിച്ച് പൊങ്ങച്ചം പറയുന്നതിനുവേണ്ടിയാണോ ഈ പരിഷ്ക്കാരങ്ങൾ? വലിയ മൈതാനങ്ങളുടേയും, സർക്കാർ ഓഫീസുകളുടേയും മതിലുകൾ മാസങ്ങളെടുത്ത് പൊളിച്ച് കോടികൾ മുടക്കി പുതുക്കിപ്പണിയുമ്പോൾ നാല് വോട്ട് എന്ന ലക്ഷ്യത്തിനപ്പുറം ഒരു യഥാർത്ഥ നന്മ ലക്ഷ്യമുണ്ടായിരുന്നെങ്കിൽ പതിനാറ് ഇഞ്ച് വണ്ണത്തിൽ ഒരാൾ ഉയരത്തിൽ പുതിയ മതിൽ കെട്ടുമ്പോൾ ഉള്ളിലേയ്ക്കും പുറത്തേയ്ക്കുമായി കയറ്റിയിറക്കി ഒറ്റക്കല്ലുകൊണ്ട് മുറികളായി കെട്ടിയിട്ട് ഷട്ടർ വെച്ച് മിതമായ നിരക്കിൽ വാടകയ്ക്ക് സാധാരണക്കാരന് ഒരു ചെറിയ ബിസിനസ്സ് ചെയ്യാൻ പാകത്തിന് നിർമ്മിച്ചതാണെങ്കിൽ എന്തു ഗുണമായേനേ. ഗവൺമെന്റ് വരുമാനവും ലഭിച്ചേനേ. റോഡോരത്തിരുന്ന് കച്ചവടം ചെയ്യുന്ന അർഹതപ്പെട്ടവർക്ക് ഈ മുറികൾ കൊടുത്താൽ അവർക്കും ഒരു ജീവിതമായേനെ. പക്ഷെ തലപ്പത്തിരിക്കുന്നവർക്ക് ബുദ്ധിയില്ലാതല്ല, ഉള്ളത് വക്രബുദ്ധിയായി പോയി. നഗരത്തെ കാണാൻ ഭംഗിയാക്കിയാൽ വോട്ട് കിട്ടും. അതുമാത്രമേ അവർ ചിന്തിക്കുന്നുള്ളു. പിന്നെ ഈ വികസനത്തിലൂടെ സ്വന്തം ജീവിതനിലവാരം മെച്ചപ്പെടുത്താമെന്ന് അവർ കരുതുന്നു. അധികാര സ്ഥാനങ്ങളിലിരുന്ന് പലവിധത്തിൽ അനധികൃതമായി സ്വരൂപിച്ച ധനവും വസ്തുവകകളും എവിടെയെല്ലാം ഉണ്ടെന്നോ, എത്രയുണ്ടെന്നോ അറിയാതെ, ആസ്വദിയ്ക്കാനാകാതെ, ചത്തതാണോ കൊന്നതാണോ എന്നറിയാതെ നമ്മുടെ അയൽ സംസ്ഥാനത്തെ ഒരു നേതാവ് രണ്ടു വർഷങ്ങൾക്കുമുൻപ് മരിച്ചുപോയി. ഈയിടെ അറുപത് ദിവസം ജയിലിൽ കിടന്നുവന്ന ഒരു നേതാവ് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥലവും വീടും സ്വരൂപിച്ചിട്ടും മതിയാവാതെ പ്രയത്നം തുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ വന്നുചേർന്ന സ്വത്തിനാൽ മനസ്സമാധാനം പോയി. നേരേമാർഗ്ഗം ഉണ്ടാക്കാത്ത പണം കൊണ്ട് മകന് വാങ്ങിക്കൊടുത്ത ഭക്ഷണം മകന്റെ ശരീരത്തിലിരുന്ന് പ്രവർത്തിച്ചതിന്റെ ഫലമായി അച്ഛനേക്കാളും വലിയ കള്ളനായി രണ്ടുപേരും ജയിലിലായത് നമ്മൾ ഈയിടെ വായിച്ചു. ഇത്തരത്തിൽ എത്രയെത്ര സംഭവങ്ങൾ നടക്കുന്നു, നടന്നിരിക്കുന്നു, നടക്കാനിരിക്കുന്നു ഈ ലോകത്ത്. എല്ലാം നമുക്ക് പഠിക്കാനും ചിന്തിക്കാനുമായി സൃഷ്ടിച്ചവ, അവ കാഴ്ചകളായിത്തന്നെ ഇരിക്കട്ടെ. നമ്മിലേക്കടുപ്പിച്ച് അനുഭവമാക്കി മാറ്റാതിരിക്കാനായാൽ ഭാഗ്യം. അത്രയ്ക്ക് പ്രലോഭനങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

എന്റെ ആവശ്യങ്ങളല്ല നിങ്ങളുടേത്. നമ്മളോരോരുത്തരുടേയും ആവശ്യങ്ങൾ വ്യത്യസ്തങ്ങളാണ്. സാഹചര്യങ്ങളും പണവും ഒത്തുചേരുമ്പോൾ ആഗ്രഹങ്ങൾ പതിന്മടങ്ങ് കൂടും. നമുക്ക് ഭക്ഷണമാകുന്ന ചെടികളും കായ്കനികളും പിന്നെ ആട്, പശു, കോഴിയേയും അവരുടെ അവസ്ഥയേയും കുറിച്ച് വലുതായി ചിന്തിച്ചില്ലെങ്കിലും പോട്ടെ നമ്മളെ പോലെത്തന്നെ മനുഷ്യനായി പിറന്ന് ജീവിക്കാൻ വന്നവരെ നാം നമ്മുടെ ചില ആഗ്രഹപൂർത്തീകരണത്തിനായി ഉപയോഗിക്കാമോ, നശിപ്പിക്കാമോ ? ഒമ്പതും പതിമൂന്നും വയസ്സുള്ള രണ്ട് പെൺകുട്ടികളെ സാമൂഹ്യപ്രവർത്തനം ചെയ്യുന്ന, രാഷ്ട്രനന്മയ്ക്കായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ വക്താക്കൾ തന്നെ പീഡിപ്പിക്കാമോ ? അതും പലതവണ ക്രൂരമായിത്തന്നെ പീഡിപ്പിച്ച് കൊന്ന് ആത്മഹത്യയാക്കി മാറ്റാമോ ? അതിന് മാതാപിതാക്കൾ കൂട്ടുനിൽക്കാമോ ? എല്ലാം പണം പെടുത്തും പാട്...

ഒമ്പതും പതിമൂന്നും വയസ്സുള്ള രണ്ടു പെൺകുട്ടികളെ പീഡിപ്പിച്ചു കൊന്നു എന്നത് വാർത്ത. നമ്മളാരെയെങ്കിലും പീഡിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമാണിത്. പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ ഈ സമൂഹത്തിൽ പലരും പലവിധ പീഡനങ്ങൾ ചെയ്യുന്നുണ്ട് എന്നതാണ് എന്റെ പക്ഷം. വാളയാറിലെ കുട്ടികളുടെ ആത്മഹത്യയുടെ പിറകിൽ ആ കുട്ടികളുടെ മാതാപിതാക്കളുടെ പങ്ക് വലുതാണ്. ചെറുതായി തൊടാനും പിടിക്കാനും വർത്തമാനം പറയാനുമെല്ലാം സൗകര്യമൊരുക്കുമ്പോൾ ഒന്നുമല്ലെങ്കിൽ ആലോചനക്കുറവ് അതുമല്ലെങ്കിൽ ഇവരെ നുണപ്പിച്ച് അവരെ ചൂഷണം ചെയ്യാം എന്ന ചിന്ത. എന്നിട്ട് എന്തായി ? ആരാണ് ചൂഷണത്തിൽ പെട്ടത് ? കിട്ടിയതിനേക്കാളും പോയില്ലേ ? നഷ്ടം ആർക്ക് ? അതിമോഹം ആപത്ത്...

നമ്മളോരോരുത്തരും ശരിയല്ല. നമ്മൾ ചെറിയ രീതിയിൽ ചെയ്യുന്നതിന്റെ വലിയ പതിപ്പുകളാണ് പല വാർത്തകളിലൂടെ ദൈവം നമുക്കുതന്നെ കാണിച്ചുതരുന്നത്. പക്ഷെ അത് വേറെ, ഞാൻ ചെയ്യുന്നത് ഇതുപോലെയല്ല, ഇതല്ല എന്നാണ് ചിന്ത. ചിലരെ ദൈവം വാനോളം വളർത്തി പൊളിച്ചടുക്കുമ്പോൾ അതുകണ്ടിട്ടും മനസ്സിലാകാതെ നാം ആ തെറ്റിന്റെ ചെറിയൊരംശം ചെയ്തുകൊണ്ടേയിരിക്കുന്നു.

വാളെടുത്തവൻ വാളാലെ എന്നു കേട്ടിട്ടില്ലേ ? അതുപോലെ രാഷ്ട്രീയക്കാർ രാഷ്ട്രീയത്താലും അദ്ധ്യാപകൻ അദ്ധ്യാപനത്താലും കലാ

കാരൻ കലയാലുമെല്ലാം നശിക്കാം പക്ഷെ ഏത് ചുമതല വഹിക്കുമ്പോഴും ദൈവാർപ്പിതമായി മാത്രം കാര്യങ്ങൾ ചെയ്യുക. നുണ പറയാതിരിക്കുക, കള്ളത്തരങ്ങൾ ചെയ്യാതിരിക്കുക. അംഗീകാരങ്ങൾക്കായി കാശുകൊടുക്കാതിരിക്കുക. അർഹതപ്പെട്ടവയെല്ലാം താനേ വന്നുചേരും.

മഹാത്മാഗാന്ധിയും നെഹ്റുവും ജയിലിൽ കിടന്നത് അഴിമതി നടത്തിയിട്ടല്ല. അതുകൊണ്ടുതന്നെ നമ്മൾ അവരുടെ ചരിത്രം വായിക്കുമ്പോൾ അഭിമാനത്തോടെ പറയും ആറു വർഷം അതുമല്ലെങ്കിൽ ഒമ്പത് വർഷം ജയിലിൽ കിടന്നയാളാ എന്ന്. പക്ഷെ ഇന്നത്തെ നേതാക്കളെ നോക്കൂ, അവർ അഴിമതിയുടെ പേരിലാണ് ജയിലിൽ കിടക്കുന്നത്. ഇവർക്ക് ജയിലിൽ കിടന്ന കാര്യം പുറത്ത് മിണ്ടാൻ പറ്റില്ല. ഒന്നുമില്ലാത്തിടത്തുനിന്നുവന്ന് മണിമാളികകൾ പണിത് മക്കളെ വിദേശത്തുവിട്ട് പഠിപ്പിച്ച് പ്രമാണിമാരായി തുടരുന്നു. പാവങ്ങളുടെ പേരിലധികാരത്തിലെത്തിയ പാർട്ടിയുടെ തലപ്പത്തിരിക്കുന്നവരും പെടും. സ്ഥാനം ഒഴിയാൻ പറഞ്ഞാൽ ഒഴിയില്ല. അഞ്ചു വർഷത്തിൽ നീ രണ്ടരവർഷം ഞാൻ രണ്ടര വർഷം എന്നിങ്ങനെയാണ് ഭരണം പങ്കിടുന്നത്. മകളുടെ കല്യാണം കഴിയട്ടെ, ലോകസഭാ ഇലക്ഷനൊന്നു കഴിയട്ടെ, ഇറങ്ങാനേ തോന്നുന്നില്ല. ശരിക്കും ഉത്തരവാദിത്വങ്ങൾ കൂടുതലുള്ള പദവിയാണെന്നിരിക്കുക ഉദാഹരണത്തിന് ബാങ്ക് മാനേജർ പദവിയിലിരിക്കുന്ന ആളോട് ചോദിക്കുക റിട്ടയർമെന്റ് പ്രായം അറുപത്തൊന്നാക്കട്ടെ എന്ന്. അപ്പോൾ അദ്ദേഹം പറയുക ഇങ്ങനെയാവും - ഇന്ന് വി.ആർ.എസ്. കിട്ടിയാൽ ഇന്നുതന്നെ അതെടുത്ത് ഞാൻ വീട്ടിൽ പോയി സുഖമായിരിക്കും. പക്ഷെ ഈ രാഷ്ട്രീയക്കാരും അവരുടെ പദവികളും ഒഴിഞ്ഞുപോകാൻ അവർ തയ്യാറാകില്ല. മരണം വരെ അവിടെത്തന്നെ ഇരിക്കണം എന്നാണ് ആഗ്രഹം. പറ്റുമെങ്കിൽ രാജ്ഘട്ടിന്റെ അടുത്തുതന്നെ സമാധിക്ക് രൂപം നല്കി പേരിട്ട് ബന്ധപ്പെട്ടവരെ അതിന് നിയോഗിച്ച് സുഖിച്ച് പറന്നുനടക്കും. സ്മാരകം ഗംഭീരമായി നിർമ്മിയ്ക്കും. മരണം വരെ മണിയടിച്ച് കൂടെ നിന്നവർ തന്നെ തരംകിട്ടിയാൽ മണി (Money) അടിച്ചുമാറ്റി നേതൃനിരയിലെത്തും കാലം.

ഫ്ളാറ്റുകെട്ടാൻ, നഗരവികസനത്തിന് തുടങ്ങി വർഷങ്ങളായി നമ്മൾ വില കൊടുത്തുവാങ്ങി താമസിച്ചുകൊണ്ടിരുന്ന ഒരു വീട് പണം തന്ന് സ്വന്തമാക്കാൻ കഴിയില്ലെന്നുമനസ്സിലായപ്പോൾ ബലം പിടിച്ച് അതുമല്ലെങ്കിൽ അവിടെ താമസിക്കുന്നവരെ മുഴുവൻ ഉന്മൂലനം ചെയ്ത് ആ പ്രവർത്തിയേയും ന്യായീകരിക്കുന്ന കാലമാണ്. ഞങ്ങളുടെ പൂർവ്വീകരുടെ സ്ഥലമാണിതെന്ന് പറഞ്ഞ് കൈയ്യേറിയാൽ എന്തുചെയ്യും ? നഷ്ടപ്പെട്ടവനേ അറിയൂ ആ വേദന. അത് കെട്ടടങ്ങിയെന്നുവരില്ല, പതിന്മടങ്ങ് ശക്തിയോടെ ഇന്നല്ലെങ്കിൽ നാളെ ആഞ്ഞടിക്കുകതന്നെ ചെയ്യും. അത് ആര് എന്ത് നിയമമുപയോഗിച്ച്, അധികാരമുപയോഗിച്ച്, പണമുപയോഗിച്ച് കീഴ്പ്പെടുത്തിയാലും ശരി എല്ലാം വലിയ വിനയായിത്തീരും. നിങ്ങളെപ്പോലെ തന്നെ അവനും ബുദ്ധിയുണ്ടല്ലോ. അവനും കഴിക്കുന്നത് നിങ്ങൾ കഴിക്കുന്നതുപോലുള്ള ഭക്ഷണം തന്നെയാണല്ലോ.

മാവോയിസ്റ്റ്, നെക്സലേറ്റ്, തീവ്രവാദികൾ, വർഗ്ഗീയവാദികൾ തുടങ്ങിയവയെല്ലാം മറ്റ് ഗ്രഹത്തിൽ നിന്നും വന്നവരല്ല. നമ്മുടെ ഇടയിൽനിന്ന് പ്രതിഷേധത്തിന്റെ പലവിധ മുഖങ്ങളുമായി വരുന്നവരാണ്. അറിവില്ലായ്മയ്ക്കുപരി അടിച്ചമർത്തലുകളാണ് ഇവരെ സൃഷ്ടിക്കുന്നതും വളർത്തുന്നതും. ഭരണാധികാരികൾ ഇത്തരക്കാരെ കൊന്നുതള്ളുകയല്ല വേണ്ടത്. കേൾക്കണം അവരുടെ പരാതികൾ. എല്ലാത്തിനും പരിഹാരമുണ്ടാക്കണം. അവരും മനുഷ്യരാണ്. അവർക്കും ഒരുപാട് പറയാനുണ്ടാകും. പക്ഷെ നീതിപൂർണ്ണമല്ലാതെ കാര്യങ്ങൾ ചെയ്യുന്നവർക്ക് അവരെ പേടിച്ചേ പറ്റൂ. അവരെ കുറ്റവാളികളായി ചിത്രീകരിച്ചേ രക്ഷപ്പെടാൻ കഴിയൂ.

ലോകാത്ഭുതങ്ങൾ ഏഴ്. അതിലൊന്നാണല്ലോ താജ്മഹൽ. അതിനുശേഷവും നിരവധി ലോകാത്ഭുതങ്ങൾ കണ്ടെത്തിയിട്ടുണ്ട്, കണ്ടെത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിലൊന്നാവും സർക്കാർ കെട്ടിടങ്ങൾ, പ്രത്യേകിച്ച് സ്കൂൾ കെട്ടിടങ്ങൾ. കാലാവധി തീർന്നിട്ടും കുരുന്നുജീവനുവേണ്ടി പിടിച്ചുനിൽക്കുന്ന കെട്ടിടങ്ങൾ. കുട്ടികൾക്കിരിക്കാൻ ബെഞ്ചും ഡസ്ക്കുകളുമില്ലാത്ത ക്ലാസ്സ് മുറികളുണ്ട്. ക്ലാസ്സ് റൂമുപോലും ഇല്ലാത്ത സ്കൂളുകളുണ്ട്. അങ്ങനെയുള്ളൊരു സ്കൂളിൽ പാമ്പു കടിയേറ്റ് ഈയിടെ ഒരു കുട്ടി മരിച്ചു. നമ്മൾ പതിവുപോലെ ചർച്ച തുടങ്ങി. മ്യൂസിക് ബോൾ കളിയിലെ ബോൾ കിട്ടിയ ആളെപ്പോലെ അവരവർക്കു നേരേ വന്ന കുറ്റാരോപണങ്ങളെ അടുത്താളുടെ കൈയ്യിലേല്പ്പിച്ച് അയാൾ അടുത്താളുടെ കൈയ്യിലേക്ക്. അങ്ങനെ കളി ഉഷാറായി വരുമ്പോഴാണ് പെട്ടെന്ന് മ്യൂസിക് നിറുത്തിയത്. എല്ലാവരും ബോൾ ആരുടെ കൈയ്യിലാണെന്നറിയാൻ പരസ്പരം നോക്കി. ബോൾ കാണാനില്ല. അപ്പോഴേയ്ക്കും അപ്പുറത്ത് വേറൊരു കൂട്ടർ വേറൊരു ബോളുമായി മ്യൂസിക് ബോൾ കളി തുടങ്ങി. കളി കാണാൻ എല്ലാവരും അങ്ങോട്ടേയ്ക്ക് ചെന്ന് കളിയാസ്വദിച്ചു തുടങ്ങി. ആദ്യത്തെ കളിക്കാർ പരസ്പരം വാരിപ്പുണർന്ന് കൈ കൊടുത്ത് പിരിഞ്ഞു. കളിയ്ക്കിടയിൽ പലതവണ ബോളിനെ വിദഗ്ദ്ധമായി മുക്കാൻ ഓരോരുത്തരും ശ്രമിക്കുന്നുണ്ടായിരുന്നു. ഒടുവിലൊരാൾക്ക് അത് സാധിച്ചു. അയാളെ ഏവരും അനുമോദിച്ചു. ഭാഗ്യം, ഇല്ലെങ്കിൽ എല്ലാവരും കുടുങ്ങിയേനേ. എന്താ നമ്മുടെ ഓരോ ചാനൽ ചർച്ചകൾ. ഇന്ന് ജീവിച്ചിരിക്കുന്നതുപോലുള്ള ആളുകളാണ് പണ്ട് ഉണ്ടായിരുന്നെങ്കിൽ നമുക്ക് സ്വാതന്ത്ര്യമേ കിട്ടില്ലായിരുന്നു. വിശപ്പ് അറിഞ്ഞവനേ ഭക്ഷണത്തിന്റെ വിലയറിയൂ...

അമിതമായി ദുഃഖം വരുമ്പോഴും സുഖം വരുമ്പോഴും ഓർക്കുക, മനസ്സിലുറപ്പിക്കുക, ഉറക്കെ പറയുക ഈ അവസ്ഥയും മാറും. നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന പലതും യഥാർത്ഥമായതോ സ്ഥായിയായതോ അല്ല. രാസപ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന രാസവസ്തുവിന്റെ അവസ്ഥയെപ്പോലെ രൂപമാറ്റം വന്നുകൊണ്ടിരിക്കുന്ന മനുഷ്യരാണ് ചുറ്റും. രാസപ്രവർത്തനത്തിനൊടുവിൽ ആയിത്തീരുന്ന വസ്തുവിനെപ്പോലെ എല്ലാമുൾക്കൊണ്ട് ജീവിക്കുന്ന സ്ഥായിഭാവത്തിലെത്തിയ മനുഷ്യരേ തിരിച്ചറിയുക, അവരെ മാതൃകയാക്കുക. നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തിയിലെ ശരി തെറ്റുകളെക്കുറിച്ച് മനസ്സിലാക്കി തെറ്റുകൾ പരമാവധി കുറച്ച് ജീവിക്കുക. ഇതുവരെ ജീവിച്ചതുപോലെ ജീവിക്കാൻ ഇനിയാവില്ല. ഇനിയുള്ള ദിനങ്ങൾ ആകെ കലുഷിതമാണ്. ഇവിടെ എല്ലാവരും അതിജീവനത്തിനായി പരക്കം പാച്ചിലിലാണ്. ക്യാൻസർ കോശങ്ങളെ നശിപ്പിക്കാൻ കീമോ കൊടുത്തപ്പോൾ സംഭവിക്കും പോലെ ആവശ്യമുള്ള സെല്ലുകളും കൂട്ടത്തിൽ നശിക്കുന്നുണ്ട്. ഭരണ പരിഷ്ക്കാരങ്ങൾ കൊണ്ട് ഇല്ലാതെയാകുന്നത് നന്മയാണോ തിന്മയാണോ എന്ന് തിരിച്ചറിയാനാകാത്ത കാലം. നാമുള്ളതുവരേയും നമുക്കാവുംവിധം നന്മയേ, നന്മയുള്ളവരെ സംരക്ഷിക്കാം. നമുക്കൊപ്പം ജീവിച്ച് ചെറുത്തു നിൽപ്പുകൾക്കൊടുവിൽ ക്ഷീണിതരായി, മരിച്ചുപോയവർക്കായി നമുക്ക് പ്രാർത്ഥിക്കാം. കാലം കലികാലം. എല്ലാ വേദബുക്കുകളിലേയും ദുഷ്ടകഥാപാത്രങ്ങളെയെല്ലാം തുറന്നുവിട്ടിരിക്കുകയാണിവിടെ. പതറാതെ പിടിച്ചുനിൽക്കുക. വിവിധ പരീക്ഷണങ്ങൾക്കൊടുവിൽ നന്മയേ അവൻ സംരക്ഷിക്കുകതന്നെ ചെയ്യും. നന്മ നമ്മളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ നമ്മളേയും...

# ഭാഗവതസപ്താഹവും അന്ന മഹാദാനവും ആർക്കുവേണ്ടി ?



എം. എൽ. ശ്യാമള
8301045039

**ഉ**ത്തര മധുരാപുരിയിൽ ഏകദേശം 5500 വർഷങ്ങൾക്ക് മുൻപ് ശ്രീ വസുദേവരുടേയും ദേവകിയുടേയും എട്ടാമത്തെ പുത്രനായി ലോകനന്മയ്ക്കായി അവതാരം ചെയ്ത ഭഗവാൻ ശ്രീകൃഷ്ണൻ (വിശ്വാസികൾക്ക്) യാദവവംശജനായിരുന്നു. ഭഗവാന്റെ മുത്തച്ഛൻ ശ്രീ ശൂരസേനൻ രാജാവായതും അതേ വംശജരുടെ കൂട്ടായ്മയുടേയും ആവശ്യപ്രകാരവുമായിരുന്നു എന്നാണ് പൂർവ്വീകർ പറഞ്ഞുകേട്ടിട്ടുള്ളത്.

അധഃകൃതവർഗ്ഗമെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞവരെ മഹാത്മാ ഗാന്ധി 'ഹരിജനങ്ങൾ' എന്ന നാമകരണം ചെയ്ത വിഭാഗത്തിൽ പെട്ടവരാണ് ഈ യാദവരും. മനുഷ്യൻ ജനിക്കുമ്പോൾ അവർ പ്രത്യേകമായൊരു ജാതിയിലും മതത്തിലും ഉൾപ്പെടുത്തിയിട്ടല്ല സൃഷ്ടികർത്താവായ ഈശ്വരൻ ജന്മം കൊടുക്കുന്നത്.

സ്വേച്ഛാധിപതികളായ മനുഷ്യനാണ് ജാതിയും മതവും തരംതിരിക്കുന്നത്. അതിൽത്തന്നെ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ അതിന്റേയും അവാന്തര വിഭാഗങ്ങളാക്കി മാറ്റുന്നുണ്ട്. ഇത് മനുഷ്യന്റെ സൃഷ്ടിയാണ്. ഈശ്വരന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല.

***ഭാഗവതം***

ശ്രീകൃഷ്ണഭഗവാന്റെ ജന്മോദ്ദേശ്യവും ലോകനന്മയ്ക്കുവേണ്ടി ആയിരുന്നുവല്ലോ. അങ്ങിനെ പ്രകീർത്തിക്കുന്നതും മനുഷ്യനിലുള്ള സങ്കുചിതവും ദുരാചാരവും അക്രമാസക്തമായ ദുഷിച്ച പ്രവൃത്തികളും ഉന്മൂലനം ചെയ്യുന്നതുമാണ് ഭാഗവതത്തിന്റെ 'അന്തസത്ത'. അതിന്റെ രചയിതാവ് പതിനെട്ട് പുരാണങ്ങൾക്കും കർത്താവായ ഭഗവാന്റെ മറ്റൊരു അംശാവതാരമായ ശ്രീ വേദവ്യാസനിൽ വിരചിതമായതും, ശ്രീ മഹാഗണപതിയുടെ ലിഖിതവുമാണെന്നുള്ളതാണ് പൂർവ്വീകമായ വിശ്വാസം.

ഇനി ഈ വേദവ്യാസൻ ആരാണന്നല്ലേ ? സത്യവതി എന്ന മുക്കുവ പെൺകുട്ടിക്ക് (നികൃഷ്ട ജാതിയായി ചിത്രീകരിക്കാറുള്ള) പരാശര മാമുനിയിൽ നിന്നുണ്ടായ മകനാണ്. അദ്ദേഹം സവർണ്ണനല്ല. അതുപോലെത്തന്നെ പരിപാവനമായ വിഗ്രഹങ്ങൾ നിർമ്മിച്ച് മഹാക്ഷേത്രത്തിൽ എത്തിക്കുന്ന കൽപ്പണി ചെയ്യുന്നവർക്കും ക്ഷേത്രത്തിൽ കയറാൻ സർവ്വശ്രേഷ്ഠന്മാർ അനുവദിക്കില്ല.

ഇങ്ങനെയുള്ള സാഹചര്യത്തിൽ ഭാഗവതം സർവ്വശ്രേഷ്ഠനായ, ബ്രഹ്മത്വം കിട്ടിയ സവർണ്ണൻ മാത്രമേ പാരായണം നടത്താവു എന്ന് വാദിക്കുന്നതിൽ എന്ത് നീതിനിഷ്ഠയാണുള്ളത്? അവർണ്ണന് അവരുടെ വീടുകളിലിരുന്ന് പാരായണം നടത്തുന്നതിലും തടസ്സമുണ്ടെങ്കിൽ അതിന്റെ വ്യക്തമായ കാരണങ്ങൾ പറഞ്ഞാൽ ഉൾക്കൊള്ളാമല്ലോ. സവർണ്ണരിൽ ചണ്ടാല പ്രവൃത്തിയുള്ളവരും സ്വഭാവമുള്ളവരും നിരവധി പേരുണ്ട്. നീച ജാതികളെന്ന് ചിത്രീകരിക്കുന്നവരിലും നന്മയും ശ്രേഷ്ഠസ്വഭാവക്കാരും ഉണ്ടെന്ന് അറിയുക.

സംസ്കൃതം ശ്രേഷ്ഠമായതും മനസ്സിലാക്കാൻ അധികം പ്രയാസമില്ലാത്തതും എന്നാൽ അതിന്റെ വ്യാകരണം മനസ്സിലാക്കാൻ കുറച്ചുബുദ്ധിമുട്ടുള്ളതുമാണ്. കേരള ജനതയിൽ ബഹുഭൂരിപക്ഷവും മലയാളം കൈകാര്യം ചെയ്യുന്നതിൽ താല്പര്യമുള്ളവരാണെങ്കിലും ഒരിക്കലും കുറച്ചു നല്ല രീതിയിൽ മലയാളവും വഴങ്ങാറില്ല. ഈ സാഹചര്യത്തിൽ സർവ്വശ്രേഷ്ഠമായ ആചാര്യന്മാർ സംസ്കൃതഭാഗവതമേ പാരായണം ചെയ്യൂ എന്ന് ശഠിക്കുന്നതിൽ എന്തുനീതിയാണുള്ളത് ? സപ്താഹത്തിൽ പാരായണം ശ്രവിക്കാൻ എത്തുന്നവരിൽ കൂടുതലും ഗ്രാമീണരും, അധികവും സ്ത്രീകളുമാണ്.

ഭാഗവതാചാര്യൻ (യജ്ഞാചാര്യൻ) എന്ന പേരിൽ ഒരു പ്രധാനിയും, രണ്ട് പിൻഗാമികളും ചേർന്ന് സപ്താഹമെന്ന പരിപാവനമായ നാമത്തിൽ കാട്ടിക്കൂട്ടുന്നതും ഒരു പത്തുതരം ഭക്ഷണം, ഉറങ്ങാൻ എ.സി. യുള്ള മുറികളും മറ്റു പലതും, സപ്താഹം കഴിയുമ്പോൾ രണ്ടുമൂന്നു ലക്ഷം രൂപയാണ് ചെറിയ ക്ഷേത്രങ്ങളിൽ പോലും ചിലവാകുന്നതും അതിന്റെ പേരിൽ സംഘാടകർ വിഷമിക്കുന്നതും കാണുന്നുണ്ട്.

ഭക്തജനങ്ങൾക്ക് ഒന്നും മനസ്സിലാവില്ല. മന്ത്രം ജപിക്കുന്നതുപോലെ റോക്കറ്റിന്റെ വേഗതയിലാണ് വായന പോകുന്നത്. ഇതിന്റെ കഥനം നടത്തുന്ന സർവ്വജ്ഞനായ ഒരാൾ അദ്ദേഹത്തിന് തോന്നുന്ന പോലെ ശ്രോതാക്കൾക്ക് ഒന്നുമറിയില്ലെന്ന ധാരണയിൽ ഒരു പ്രസംഗം നടത്തും, പോകും.

മലയാളത്തിലെ മൂലം ഭാഗവതം ഉണ്ടല്ലോ. അത് പാരായണം ചെയ്താൽ ബ്രാഹ്മണ്യം തകരുമോ ? പ്രജ്ഞാനം ബ്രഹ്മഃ (ഏറ്റവും ശുദ്ധമായ അറിവാണ് ബ്രഹ്മഃ) തൃശ്ശൂർ ജില്ലയിൽ പാറളിക്കാട് എന്ന സ്ഥലത്ത് 'നൈമിഷാരണ്യം' (ഉത്തരേന്ത്യയി

ൽ ഗംഗാതീരത്തുള്ള നൈമിഷാരണ്യം അല്ല) എന്ന് നാമകരണം ചെയ്ത നാരായണാശ്രമ തപോവനവും വ്യാസ തപോവനവും ചേർന്ന് നടത്തുന്ന 10 ദിവസത്തെ 'ഭാഗവത സത്രം' എല്ലാ വർഷവും ഡിസംബർ 20ന് ശേഷം നടത്തുന്നുണ്ട്. ലക്ഷക്കണക്കിന് ജനങ്ങൾ ജാതി, മത വ്യത്യാസമെന്യേ ഇതിൽ പങ്കെടുക്കുന്നുണ്ട്. പുലർച്ചെ 4 മണിക്ക് വിഷ്ണുസഹസ്രനാമത്തിൽ തുടങ്ങി രാത്രി 8 മണിവരെ 35 വയസ്സിനു താഴെ പ്രായമുള്ള 2 ചെറുപ്പക്കാരാണ് പാരായണം നടത്തുന്നത്. ഈ ആചാര്യന്മാർ അവിടെ പോയി അതൊന്ന് കാണുന്നത് നന്നായിരിക്കും. അവിടെ പാരായണം തുടങ്ങിയാൽ ഭക്തജനങ്ങൾ സമയാസമയങ്ങളിലുള്ള ഭക്ഷണത്തിനുപോലും എഴുന്നേല്ക്കുന്നത് പലർക്കും വിഷമമാണ്. അത്രയ്ക്ക് ആത്മീയതയും ഭക്തിയും നിറഞ്ഞുനില്ക്കുന്ന അന്തരീക്ഷമാണ്. (നിഗമനാനന്ദനും ഉണ്ണികൃഷ്ണനുമാണ് പാരായണം നടത്തുന്നത്. രാവിലെ 5 മണി മുതൽ രാത്രി 9 മണി വരെ പതിനായിരങ്ങൾ വന്നാലും പ്രസാദം വിളമ്പിക്കൊണ്ടേയിരിക്കും.) ഇതിനിടയിൽ പ്രാഗത്ഭ്യരായ വളരെ പേർ വന്ന് പുരാണങ്ങളും സാംസ്കാരിക പ്രഭാഷണങ്ങളും വളരെ നല്ല രീതിയിൽ നടത്താറുണ്ട്.

### *അന്നമഹാദാനം*

കേരളത്തിൽ ആഹാരം കിട്ടാതെ പട്ടിണി കിടക്കുന്നവർ 100ൽ ഒന്നുപോലുമില്ല. ഉണ്ടെങ്കിൽത്തന്നെ എഴുന്നേൽക്കാൻ വയ്യാത്തവരോ ഒറ്റയ്ക്ക് കിടക്കുന്നവരോ ആണെങ്കിലും അവർക്കും സന്മനസ്സുള്ളവരും സംഘടനക്കാരും ആഹാരം എത്തിച്ചുകൊടുക്കുന്നുമുണ്ട്. പെരുവഴിയിൽ കിടക്കുന്നവർ പോലും ഇന്ന് പട്ടിണിയിലല്ല. ഇതിനുപുറമേ മറ്റെന്തു കുറവുകളുണ്ടെങ്കിലും ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്കും സൗജന്യമായും ആവശ്യത്തിനുള്ള അരിയും മറ്റു സാധനങ്ങളും കിട്ടുന്നുമുണ്ട്.

ഞാൻ പറയുന്നത് ഈ മഹാദാനത്തിന്റെ പേരിൽ ചില ക്ഷേത്രങ്ങളിൽ നടത്തുന്ന അനീതിയാണ്. ദാനം തുടങ്ങുന്നതുതന്നെ ആർഭാടപൂർവ്വവും അലങ്കാരത്തോടുകൂടിയും വരുന്ന സവർണ്ണർക്കും തലയെടുപ്പുള്ളവർക്കും വേണ്ടിയാണ്. ഭോജനശാലയുടെ മുൻവാതിലിൽ കൂടി (മറ്റുള്ളവരെ കയറ്റില്ല) ഉള്ളിൽ കയറ്റി വാതിലടച്ചാൽ അവരുടെ അമൃതേത്ത് കഴിഞ്ഞതിനുശേഷം മറ്റുള്ളവരെ സൈഡിലെ വാതിലിലൂടെയെ അകത്ത് കടത്തിവിടാറുള്ളൂ. ഇത്രയും നീചത്വം സാംസ്കാരിക കേരളത്തിന് യോജിച്ചതാണോ ? കൂട്ടത്തിൽ പലരും ഉദ്ഘാടനത്തിനും സമാപനത്തിനും ഘോരഘോരം പ്രസംഗിച്ച് കൈയടി വാങ്ങുന്ന സവർണ്ണരുമാണ്.

ഇങ്ങനെയുള്ള സാഹചര്യത്തിൽ ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളുമായി താരതമ്യ പഠനം നടത്തിയാൽ കേരളത്തിലും തുല്യ അവസ്ഥ തന്നെയല്ലേ ? മണ്ണിൽ ഇലക്കുമ്പിളിൽ കഞ്ഞി കൊടുത്ത അവസ്ഥയൊക്കെ തിരിച്ചുവരുമോ ? ഇതു പറയുമ്പോൾ തെക്കൻ കേരളത്തിൽ കരുനാഗപ്പള്ളിയിൽ നടന്ന രസകരമായ ഒരനുഭവ കഥ പറയാം. ഏതാണ്ട് 85 വർഷം മുൻപുനടന്നതാണ്. അന്ന് വിദ്യാഭ്യാസ രംഗമാകെ വളരെ മോശമായിരുന്നു. ഏതാണ്ട് മുപ്പത് മുപ്പത്തഞ്ച് കിലോമീറ്ററിനുള്ളിൽ കരുനാഗപ്പള്ളിയിൽ 7 – 10 സ്റ്റാൻഡേർഡ് വരെയുള്ള ഒരു ഇംഗ്ലീഷ് സ്കൂളാണ് പ്രധാനമായും ഉള്ളത്. പല പഞ്ചായത്തിലും 4 – 10 ക്ലാസ്സുവരെയുള്ള ചെറുപള്ളിക്കൂടങ്ങളുണ്ട്. അവിടെനിന്ന് വരുന്ന ചുരുക്കം ചില കുട്ടികൾ 5, 6, 7 ക്ലാസ്സുകളിലേയ്ക്ക് താല്പര്യവും സമ്പത്തുമുള്ളവർ ഇംഗ്ലീഷ് പഠിക്കാനയയ്ക്കും. ഫീസ് കൊടുക്കണം, യാത്രാ സൗകര്യങ്ങളുമില്ല. പല ഭാഗങ്ങളിൽ നിന്ന് 16 കുട്ടികൾ, 9 ആൺകുട്ടികളും 7 പെൺകുട്ടികളും (സംഘത്തിൽ എന്റെ ചെറിയച്ഛനും അമ്മയും അമ്മാവന്റെ 2 ആൺമക്കളുമുണ്ടായിരുന്നു) വളരെ രാവിലെ തിരിച്ചാലേ 10 മണിക്ക് സ്കൂളിൽ എത്തൂ. ഇടവഴികളിലൂടെ കരുനാഗപ്പള്ളിയുടെ ഒന്നര കിലോമീറ്റർ പടിഞ്ഞാറ് മരുതൂർകുളങ്ങര എന്ന സ്ഥലത്ത് ഒരു ശിവക്ഷേത്രമുള്ളതിൽ സ്ഥലത്തെ പ്രധാനപ്പെട്ട ഇല്ലത്തെ ഒരു നമ്പൂതിരിയാണ് പൂജ നടത്തുന്നത്. അദ്ദേഹത്തിന്റെ മൂത്ത ജ്യേഷ്ഠൻ കേശവൻ നമ്പൂതിരി സാർ ഈ സ്കൂളിലെ അദ്ധ്യാപകനാണ്. (അന്ന് ഇംഗ്ലീഷ് ഏഴാം ക്ലാസ്സ് പാസ്സായാൽ അദ്ധ്യാപക ജോലികിട്ടും.) സ്വാമി പൂജ കഴിഞ്ഞ് പൂജാദ്രവ്യങ്ങളും നിവേദ്യവുമായി ഒരു ഫർല്ലോങ്ങ് ദൂരമുള്ള ഇല്ലത്തേയ്ക്ക് തിരിക്കുന്നത് 12 മണിക്കുശേഷമാണ്. ഈ സമയത്താണ് പല സ്ഥലത്തുനിന്ന് വരുന്ന കുട്ടികൾക്ക് ആ വഴി സ്കൂളിലേയ്ക്ക് പോകേണ്ടത്. സ്വാമി ക്ഷേത്രത്തിൽ നിന്ന് തിരിക്കുമ്പോൾ 'ഹൊയ് ഹൊയ്' എന്ന് പറഞ്ഞ് നടക്കാറാണ് പതിവ്. ആരും അതുവഴി വന്ന് അയിത്തമാക്കാതിരിക്കാനാണ് അങ്ങനെ ചെയ്യുന്നത്. അതിനാൽ കുട്ടികൾ പലപ്പോഴും വളരെ വൈകി സ്കൂളിൽ ചെല്ലുമ്പോൾ അദ്ധ്യാപകരുടെ ശിക്ഷ ലഭിക്കാറുണ്ട്. ഒരിക്കൽ ആൺകുട്ടികൾ ഒരു തീരുമാനമെടുത്തു. പെൺകുട്ടികളോട് പറഞ്ഞപ്പോൾ അവർ ഭയന്നു. വീട്ടിൽ പറയരുതെന്നും അവരോട് പറഞ്ഞിട്ട്, സ്വാമി വരുമ്പോൾ ആൺകുട്ടികൾ പല സ്ഥലത്ത് മറഞ്ഞിരുന്നിട്ട് സ്വാമിയ്ക്ക് മുൻപിൽ വരും. നമ്പൂതിരി അയിത്തമായ ദ്രവ്യങ്ങൾ കളഞ്ഞിട്ട് ഇല്ലത്തുപോകും. ഇത് പതിവായപ്പോൾ സ്വാമി മൂത്ത ജ്യേഷ്ഠനോട് പറഞ്ഞു. ആ വഴി വരുന്ന കുട്ടികളോട് അദ്ദേഹം അന്വേഷണം നടത്തിയ സാഹചര്യത്തിലാണ് കുട്ടികൾക്ക് കൃത്യസമയത്ത് സ്കൂളിൽ എത്താൻ പറ്റുന്നില്ലെന്ന് മനസ്സിലാവുന്നത്. ഇതിന് മാറ്റം വരുത്തണമെന്ന് തീരുമാനിച്ച് കേശവൻ പോറ്റി സാറാണ് സഹപ്രവർത്തകരുമായി കൂടിയാലോചിച്ച് ആ സ്ഥലത്തൊരു മാറ്റം വരുത്തിയത്.

ഇത്രയും ഇല്ലെങ്കിലും ചില ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾ പ്രദക്ഷിണം ചെയ്യുമ്പോൾ ശാന്തിക്കാരൻ വന്നാൽ ദൂരെ പോകണമെന്നാണ് നിബന്ധന.

*ലോക സമസ്താ*
*സുഖിനോ ഭവന്തു*

എന്നതല്ലേ നമ്മുടെ ആപ്തവാക്യം.

■ കവിത

# കണ്ണാടി



**ഭാരതി ഹരിദാസ്**
**7902338436**

രൂപസൗന്ദര്യമൊന്നാസ്വദിയ്ക്കാൻ
ചേലെഴും കണ്ണാടി വാങ്ങിവെച്ചു.
എൻരമ്യഹർമ്മ്യം നിറഞ്ഞിരിയ്ക്കാൻ
കണ്ണാടിവൃന്ദങ്ങളേറെ വേണം
നക്ഷത്രപൂരപ്പൊലിമതൂകും
വെൺനിലാവോലുന്ന ചാരുചന്തം
പച്ചച്ചപാട വരമ്പിലായി
പീലിവിടർത്തും മയൂരനൃത്തം
ആരാമമധ്യേ വിടർന്നു നിൽക്കാൻ
വെമ്പുന്ന തൂമുല്ല മന്ദഹാസം
എല്ലാമതെന്നിൽ സമൃദ്ധമെന്നോ
കണ്ണാടി മന്ദഹസിച്ചുചൊല്ലീ ?

പോയകാലത്തിൻ പ്രതിച്ഛായകൾ
കാണാം മനസ്സെന്ന ദർപ്പണത്തിൽ
നീളുന്ന ജീവിതപ്പാതയിങ്കൽ
ആളും മനസ്സതിന്നാന്തോളനം,
നീറുന്ന വിഹ്വലമാനസങ്ങൾ
നീൾ മിഴിത്തുമ്പിലെ കണ്ണീർ കണം,
ചിന്താശതങ്ങൾ, വിധിനിയോഗം -
ചിന്തേരിടുന്ന മുറിപ്പാടുകൾ
മുന്നിൽ ഫണം വിടർത്താടിനില്ക്കും
മുറ്റും വിഷമുള്ള സർപ്പജാലം
കാണുവാൻ കണ്ണാടിയേറെ വേണം
കാമിതം സാധ്യമായ്ത്തീർന്നിടേണം
എന്റെ ജന്മത്തിൻ പടിപ്പുരയിൽ
ഏറെ നാളായി ഞാൻ കാത്തിരുപ്പൂ.

വരിക്കാരായി സഹകരിക്കുക


**ഏക തത്ത്വ മാസിക**
**വാർഷിക വരിസംഖ്യ - 170 രൂപ**
**രണ്ടുവർഷത്തേയ്ക്ക് - 340 രൂപ**
**മൂന്നുവർഷത്തേയ്ക്ക് - 500 രൂപ**

**രചനകളും കത്തുകളുമയക്കേണ്ട വിലാസം**

Eka Thathwa
A 9 New Civil Nagar
Behind Civil Station
Palakkad 678 001

■ ഓർമ്മച്ചിത്രങ്ങൾ

# കണക്കൻ മാഷും കിഴുക്കും !



**മുക്കം ഭാസി**
**9846138693**

മലബാർ പ്രദേശത്ത് കണക്കൻ ജാതിപ്പേരാണ്. പക്ഷെ, ജാതി ചോദിയ്ക്കരുത്; പറയരുത് എന്ന പക്ഷക്കാരനാണ് ഞാൻ. ശ്രീനാരായണീയനത് കൊണ്ടല്ല. പറഞ്ഞാലോ ചോദിച്ചാലോ അഴിയെണ്ണേണ്ടിവരുമെന്ന പേടി കൊണ്ടാണ്. 'എന്റെ ജാതിപ്പേർ വിളിച്ചു' എന്നുപറഞ്ഞ് എത്രയോ കേസുകൾ നിലവിലുണ്ട്. ജാതിപ്പേർ വിളിച്ചീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാൾ ഏറ്റവും പേടിയ്ക്കണം. (മഹാകവേ ! മാപ്പ്)

വിളിയ്ക്കുന്നവനെയല്ല പേടിയ്ക്കേണ്ടത്. വിളിയ്ക്കപ്പെടുന്നവനെയാണ്. 'കണക്കൻ മാഷ്' എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ചത് കണക്ക് പഠിപ്പിയ്ക്കുന്ന മാഷ് അഥവാ കണക്കറിയാവുന്ന മാഷ് എന്ന് മാത്രമാണ്. വ്യാകരണപ്പിശക് ഉണ്ടെങ്കിൽ ക്ഷമിയ്ക്കുക.

വൈക്കം മുഹമ്മദ് ബഷീറിനോട് മലയാളം അദ്ധ്യാപകനായ അനിയൻ ഒരിക്കൽ ചോദിച്ചത്രെ "എവിടെ കാക്കേ നിങ്ങടെ വാക്യത്തിൽ ആഖ്യയും ആഖ്യാതവും ?" ബഷീർ എന്ന മഹാ എഴുത്തുകാരന് എന്ത് ആഖ്യയും ആഖ്യാതവും ? ബഷീർ മറുപടി പറഞ്ഞത് "നീ പോടാ പുല്ലേ... നിന്റെ ആഖ്യയും ആഖ്യാതവുമായി !" എന്നാണത്രെ.

ജാതിപ്പേർ വിളിയ്ക്കണമെന്ന് നിർബന്ധമുള്ളവർക്ക് സവർണ്ണരുടെ ജാതിപ്പേര് വിളിയ്ക്കാം കേട്ടോ! നമ്പൂരി, നായർ, കുറുപ്പ്, മേനവൻ എന്നൊക്കെ... സവർണ്ണർക്ക് അതൊരു ക്രഡിറ്റാണ്.

എന്റെ ഓർമ്മകൾക്ക് മങ്ങലേറ്റിട്ടില്ലെങ്കിൽ ഞങ്ങളെ ആറാം ക്ലാസ്സിൽ കണക്ക് പഠിപ്പിച്ചിരുന്നത് ഒറ്റപ്പാലത്തുകാരൻ ഒരു ബാലകൃഷ്ണൻ നായരാണ്. പേരിൽ ഞാനൽപ്പം വെള്ളം ചേർത്തിട്ടുണ്ട് ! നമ്മുടെ അജയ് ബാലചന്ദ്രന്റെ നാട്ടുകാരൻ !

ഒറ്റപ്പാലത്തുകാരെ ഭയഭക്തി ബഹുമാനത്തോടെയാണ് ഞാനിന്ന് വീക്ഷിക്കുന്നത് ! കാരണം അവർ ജഗജില്ലികളാണ്. സർക്കസ്സഭ്യാസികളെ പോലെ ഒറ്റപ്പാലത്തിലൂടെ വിദഗ്ദ്ധമായി നടക്കാൻ പഠിച്ചവരാണല്ലോ അവർ. ഈയുള്ളവന് ഇരട്ടപ്പാലത്തിലൂടെ പോയിട്ട് മുപ്പാലത്തിൽക്കൂടി പോലും ബാലൻസ് തെറ്റാതെ നടക്കാനാവില്ല എന്നിട്ടല്ലെ ഒറ്റപ്പാലം !! (ഒറ്റപ്പാലത്തുകാർ ക്ഷമിയ്ക്കണം. തമാശയ്ക്ക് എഴുതിയതാണേ!)

സാധാരണയിൽ കവിഞ്ഞ തലക്കനമുള്ള ആളായിരുന്നു ഞങ്ങളുടെ കണക്ക് മാഷ്. അക്ഷരാർത്ഥത്തിൽ തന്നെ തല അൽപം വലുതായിരുന്നു. ഒരു തമാശയുടെ തരി പോലും ക്ലാസ്സുമുറിയിൽ വീഴില്ല അയാളുടെ നാവിൽ നിന്ന്. ഗൗരവക്കാരൻ. കണക്ക് പഠിപ്പിയ്ക്കും. അയാളുടെ തലയിൽ മുഴുവൻ കണക്കാണെങ്കിലും ഞങ്ങളുടെ തലയിൽ കണക്ക് കേറില്ല. ഫുട്ബോൾ പോലെ ശൂന്യം! ബോർഡിൽ കണക്കെഴുതി ഞങ്ങളോട് ചെയ്യാൻ ആജ്ഞാപിയ്ക്കും.

ഞങ്ങൾ തലങ്ങും വിലങ്ങും കൂട്ടിക്കിഴിച്ച് എന്തെങ്കിലുമൊക്കെ ചെയ്തുകൂട്ടി അദ്ധ്യാപകന്റെ മുമ്പിൽ തിരുമുൽകാഴ്ചവെയ്ക്കും ! ഹൃദയം പടപടമിടിയ്ക്കും, ടൈപ്പ്റൈറ്റർ മിഷ്യൻ പോലെ. ഭൂരിപക്ഷം

തെറ്റുകാർ തന്നെ. എന്റെ പക്ഷവും അതായിരിയ്ക്കുമെന്ന് പറയേണ്ട ല്ലോ !

പിന്നെ ഈ ഒറ്റപ്പാലത്തുകാരൻ കണക്കന് ചില പ്രയോഗങ്ങളുണ്ട്. ചെവിയ്ക്ക് പിടിച്ചു വായുവിൽ ചില വൃത്തവും അലങ്കാരവും രചിച്ച് ഒടുവിൽ ചോക്ക് കൊണ്ട് തലയ്ക്കൊരു കിഴുക്കും ! ശാർദ്ദൂല വിക്രീഡിതം !! അപ്പോൾ ഈരേഴു പതിനാലുലോകവും കാണും. കാതിൽ പൊന്നീച്ച പാറുന്ന മുരളൽ. കണ്ണിൽ നരകത്തിലെ കൂരിരുട്ട് ! തലയ്ക്കകത്ത് പമ്പരകറക്കം ! ഏതാനും നിമിഷം സ്ഥലകാലവിഭ്രാന്തി ! ഗാന്ധിജിയുടെ നിരാഹാരസത്യാഗ്രഹ മനുഷ്ഠിച്ച് ഇവിടെ എത്തിപ്പെട്ടത് ഇതിനായിരുന്നുവോ ! മുജ്ജന്മപാപം അല്ലാതെന്ത് പറയാൻ ? ഞങ്ങൾ തുല്യദുഃഖിതർ ഒരുപാട് പേർ.

അന്ന് SFI ഉം KSU വും ഒന്നുമില്ല; രണ്ട് ഇൻക്വിലാബ് വിളിയ്ക്കാൻ. ഇന്നത്തെ തലമുറയിലെ വിദ്യാർത്ഥികളെ നിങ്ങൾ ഭാഗ്യവാന്മാർ... സ്വർഗ്ഗരാജ്യം നിങ്ങൾക്കുള്ളത് ! നിങ്ങൾക്കെന്തും ചെയ്യാം – ബസ്സ് പൊളിയ്ക്കാം, കത്തിക്കാം അങ്ങനെ പലതും. പ്രാർത്ഥിച്ചു ജഗന്നിയന്താവിനോട് ഈ ഗ്രഹണം ഒന്നവസാനിപ്പിച്ചുതരണേ ! അല്ലാതെ മറ്റു വഴിയില്ല. പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി. ഒരുരക്തസാക്ഷി ! ഒരു ബാലഗോപാലൻ – സാക്ഷാൽ ഉണ്ണിക്കണ്ണൻ. ഉണ്ണിക്കണ്ണനും പിഴച്ചുകണക്ക്. കിട്ടി കിഴുക്ക്. തലയിൽ ബോംബ് വീണത് പോലെ – തലപൊട്ടി. ചോര കുടുകുടാ ഒഴുകി. ബാലഗോപാലൻ തല പൊത്തി പിടിച്ചോടി, കോമരത്തെപ്പോലെ, വൃന്ദാവനത്തിലേയ്ക്കല്ല വീട്ടിലേയ്ക്ക് !

അച്ഛൻ മകനേയും കൊണ്ടു ആശുപത്രിയിലേയ്ക്ക്. സ്റ്റിച്ചിട്ടു, ബേൻഡേജും. അച്ഛൻ ദുർവ്വാസാവായി ! മൂർച്ചയുള്ള ഒരു അരിവാൾ കത്തിയുമായി കക്ഷി കൊടുങ്കാറ്റായി സ്കൂളിലേയ്ക്ക് – "അരിയും ഞാനവനെ" അന്തരീക്ഷത്തിൽ മുദ്രാവാക്യം. അദ്ധ്യാപകൻ പ്രതിയെ അപ്പോഴേയ്ക്കും ഷെൽട്ടറിലാക്കിക്കഴിഞ്ഞിരുന്നു. അല്ലായിരുന്നെങ്കിൽ ഒരു 'കംസവധ'ത്തിന്ന് എല്ലാവരും ദൃക്സാക്ഷികളാവേണ്ടിവന്നേനെ ! ഹെഡ്മാസ്റ്ററും സഹാദ്ധ്യാപകരും രക്ഷിതാവിന്റെ കാലുപിടിച്ചപേക്ഷിച്ചതിന്റെ ഫലമായി ദുർവ്വാസാവിന്റെ കോപം ശമിച്ചു. അയാൾ തിരിച്ചുപോയി!

പിറ്റേന്ന് ഞങ്ങളുടെ ബാലഗോപാലൻ – ഉണ്ണിക്കണ്ണൻ – തലയിലൊരു ബാൻഡേജുമായി ക്ലാസ്സിൽ പുനരവതരിച്ചു. ഇല്ല; പിന്നീട് എല്ലാം നിശ്ശബ്ദം. കിഴുക്കില്ല... ശാന്തമായി ഒഴുകുന്ന നദി പോലെ. ഏറെ താമസിയാതെ മാഷ് സ്ഥലം കാലിയാക്കി. പ്രാർത്ഥനയ്ക്ക് ഫലമില്ലെന്ന് ആരാണ് പറഞ്ഞത്? ഗോവർദ്ധനഗിരി കുടയായി പിടിച്ച ബാലഗോപാലാ... ഉണ്ണിക്കണ്ണാ... അവിടുന്നു തന്നെ ശരണം.

■ ലേഖനം

# ഏയ്, കുഴഞ്ഞുവീഴരുതേ...!

**അശോപ്പി ചേർത്തല**
**9388909583**

**എ**ന്നും പത്രം എടുത്തു നോക്കിയാൽ ചരമക്കോളത്തിൽ ഒരു സ്ഥിരം വാർത്ത കാണാം: കുഴഞ്ഞുവീണു മരിച്ചു. പ്രശസ്തരാണ് മരിക്കുന്നതെങ്കിൽ ഫ്രണ്ട് പേജിൽ തന്നെ ഫോട്ടോ സഹിതം അത് ഇടം പിടിക്കും. യാത്രയ്ക്കിടയിലും ജോലിക്കിടയിലുമാണ് മിക്കവാറും ആളുകൾ കുഴഞ്ഞുവീഴുന്നത്. ഏകദേശം 35നും 65നും ഇടയിൽ പ്രായമുള്ളവരാണ് കൂടുതലായും ഇങ്ങനെ ദാരുണമായി ജീവൻ വെടിയുന്നത്.

എന്തുകൊണ്ടാണ് പെട്ടെന്ന് കുഴഞ്ഞുവീണ് മരിക്കുന്നത് ? അതിന് നിരവധി കാരണങ്ങളുണ്ട്. ഹൃദയാഘാതം (Shock), മസ്തിഷ്കാഘാതം (Cerebral Palsy), ശരീരത്തിന് ബാലൻസ്, ഉൾച്ചെവിയിലെ (Internal ear-stapes) അസുഖങ്ങൾ, ഒരേ നിലയിലുള്ള നീണ്ടനേരത്തെ നില്പ്, ശരീര പ്രക്രിയകളുടെ താളം തെറ്റൽ തുടങ്ങിയവ ഒരു പരിധിവരെ കാരണമായേക്കാം.

എന്നാൽ ഇതൊന്നും കൂടാതെയും ആളുകൾ കുഴഞ്ഞുവീഴുന്നുണ്ട്. ചങ്കിൽ കുത്തുന്ന വർത്തമാനം കേട്ടാലും പ്രിയപ്പെട്ടവരുടെ അപകടമോ മരണവാർത്തയോ അറിഞ്ഞാലും മാനസിക പിരിമുറുക്കമുണ്ടായാലും നിന്ന നില്പിൽ കുഴഞ്ഞുവീഴുകയോ മരണമോ സംഭവിക്കാം.

എന്നിരുന്നാലും അമിതമായ രക്തസമ്മർദ്ദം (HyperTension) ഒരു പ്രധാന കാരണമാണ്. ഹൃദയത്തിന്റെ സങ്കോചഫലമായി രക്തം ധമനികളിലേക്ക് പ്രവഹിക്കുമ്പോൾ ധമനീഭിത്തികളിൽ ഏൽപ്പിക്കുന്ന മർദ്ദമാണ് രക്തസമ്മർദ്ദം (Blood Pressure) ഹൃദയം സങ്കോചിക്കുമ്പോൾ ഉയർന്ന മർദ്ദവും (Systolic) വികസിക്കുമ്പോൾ കുറഞ്ഞ മർദ്ദവും (Diastolic) അനുഭവപ്പെടുന്നു. സാധാരണ ഗതിയിൽ നോർമ്മലായ ഒരാളുടെ രക്തസമ്മർദ്ദം 120/80mm (120-80മില്ലിമീറ്റർ മെർക്കുറി) എന്ന് പരിശോധനയിൽ സ്ഫിഗ്മോമാനോമീറ്റർ രേഖപ്പെടുത്തുന്നു.

എന്നും ഒരേ രീതിയിലുള്ള രക്തസമ്മർദ്ദം ആർക്കും ഉണ്ടാകില്ല. രക്തസമ്മർദ്ദത്തിലുള്ള വ്യതിയാനം രണ്ടുതരത്തിൽ സംഭവിക്കുന്നു. അത് രക്താതിമർദ്ദവും (HyperTension) ന്യൂനരക്തമർദ്ദവും (Hypotension) എന്നറിയപ്പെടുന്നു. ഇതിൽ രക്താതിമർദ്ദമുള്ളവരുടെ എണ്ണം നാൾക്കുനാൾ കൂടിവരികയാണ്.

എണീറ്റാലുടൻ പുലർച്ച തന്നെ തലയ്ക്ക് പിന്നിൽ വേദന, ഛർദ്ദിക്കാൻ തോന്നുക (Vomiting Sensation) തല കറക്കം (Vertigo), നെഞ്ചെരിച്ചിൽ (Heart burn), കിതപ്പ് മുതലായവയാണ് ഉയർന്ന രക്തസമ്മർദ്ദമുള്ളവരുടെ ലക്ഷണങ്ങൾ. ന്യൂന രക്തസമ്മർദ്ദമുള്ളവർക്ക് തലനേരെ നില്ക്കാൻ കഴിയാതെ വരിക (fatigue) കണ്ണിൽ ഇരുട്ടുകയറുക, ശബ്ദം കേൾക്കാൻ കഴിയാതെ വരിക

(hearing loss), ബോധക്കേട് (Unconsious), തലവേദന (Head ache) തുടങ്ങിയവ രോഗലക്ഷണങ്ങളാണ്.

എല്ലായ്പ്പോഴും രക്തസമ്മർദ്ദമുള്ളവർക്ക് അറ്റനോൾ, അംലോഡിപിൻ, ലോസാർ എച്ച് (Losartin), കാർഡിവാസ്, എൻവാസ് തുടങ്ങിയ മരുന്നുകൾ രോഗാവസ്ഥയനുസരിച്ച് നിർദ്ദേശിക്കാറുണ്ട്. കുറഞ്ഞ രക്തമർദ്ദമുള്ളവർക്ക് മരുന്നില്ലാതെ ലവണാംശമുള്ള ഭക്ഷണം കഴിക്കാനും രക്തത്തിലെ സോഡിയത്തിന്റെ അളവ് പരിശോധിക്കാനും ഉപദേശിക്കാറുണ്ട്.

എങ്കിലും മസ്തിഷ്ക്കത്തിലേക്കുള്ള രക്തപ്രവാഹം ഏതെങ്കിലും കാരണവശാൽ തടയപ്പെടുന്നതുവഴി ഓക്സിജൻ ലഭിക്കാതെ വരുന്നതും പെട്ടെന്നുള്ള കുഴഞ്ഞുവീഴലിന് കാരണമാകുന്നു. ഉയർന്ന കൊളസ്ട്രോൾ നിലയും അത് സൃഷ്ടിക്കുന്ന ബ്ലോക്കുകൾ കാരണവും ഇങ്ങനെ സംഭവിക്കാം. അമിത മദ്യപാനം, പുകവലി (നിക്കോട്ടിൻ അടിയുന്നത്), കൊഴുപ്പു കൂടിയതും വറുത്തതും പൊരിച്ചതുമായ ആഹാരപദാർത്ഥങ്ങൾ, വ്യായാമമില്ലായ്മ, ആവശ്യമില്ലാത്ത ടെൻഷൻ ഇതൊക്കെയും ഓരോരോ കാരണങ്ങളാണ്.

എന്നും നാരിന്റെ അംശം കൂടിയ പച്ചക്കറികൾ കഴിക്കുന്നതും ധാരാളം വെള്ളം കുടിക്കുന്നതിനും പുറമെ ഒരേ എണ്ണയിൽ പല പ്രാവശ്യം വറുത്തെടുക്കുന്ന മത്സ്യവും മാംസവും മറ്റ് ഭക്ഷ്യോൽപ്പന്നങ്ങളും ഒഴിവാക്കുന്നത് നന്നായിരിക്കും. കഠിനമായ ജോലികളിൽ ദീർഘനേരം മുഴുകുന്നത് അപകടകരമായേക്കാം. കൃത്യമായ വിശ്രമവും ഉറക്കവും ദിനംപ്രതി ശീലിക്കുന്നത് നന്നായിരിക്കും.

എവിടെയെങ്കിലും വച്ച് അപ്രതീക്ഷിതമായി കുഴഞ്ഞുവീഴുന്നവരെ എങ്ങനെ രക്ഷിക്കണമെന്നറിയാതെ കുഴങ്ങുന്നവരാണ് നമ്മളെല്ലാം. പെട്ടെന്ന് കുഴഞ്ഞുവീഴുന്നവരെ എഴുന്നേൽപ്പിക്കുന്നതും മുഖത്തുവെള്ളം തളിക്കുന്നതും കുടിപ്പിക്കുന്നതും ഗുണത്തേക്കാളേറെ ദോഷം ചെയ്യും. തലച്ചോറിലേക്കുള്ള രക്തയോട്ടം കുറഞ്ഞിട്ടുള്ളതാണെങ്കിൽ നിലത്തുകിടക്കുന്ന അവസ്ഥയിൽ ശരീരത്തിലെ വസ്ത്രങ്ങൾ അയച്ച് കാലുകൾ രണ്ടും ഉയർത്തിപ്പിടിക്കുക. അപ്പോൾ അവിടെ തങ്ങിനില്ക്കുന്ന രക്തം ഹൃദയത്തിൽ ഒഴുകിയെത്തും. ഇപ്രകാരം കൈകളും ഉയർത്തുമ്പോൾ അവിടെനിന്നും തലച്ചോറിലേക്ക് എത്തിച്ചേരുകയും രോഗി പൂർവ്വസ്ഥിതിയിലാവുകയും ചെയ്യും.


എന്നിട്ടും രോഗി കണ്ണുതുറക്കാൻ വൈകിയാൽ നാഡീസ്പന്ദനമുണ്ടെങ്കിൽ കാലുകൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ വലതുനെഞ്ചിന്റെ കീഴ്ഭാഗത്ത് കൈപ്പടം അമർത്തി ഇടവിട്ട് ഞെക്കിക്കൊണ്ടിരിക്കുക. അപ്പോൾ നെഞ്ചിന്റെ കീഴ്ഭാഗത്തിരിക്കുന്ന കരളിൽ നിറഞ്ഞിരിക്കുന്ന രക്തം ഹൃദയത്തിലെത്തുകയും തുടർന്നുള്ള ഹൃദയസ്പന്ദനത്തിൽ തലച്ചോറിലേക്ക് രക്തമെത്തി ആളിന് ബോധം തെളിയുകയും ചെയ്യും. അങ്ങനെ രോഗിയെ വീണിടത്തുനിന്നും തലതാഴ്ത്തിയും കാലുകൾ പൊക്കിപ്പിടിച്ചും ഉടനടി ആശുപത്രിയിലെത്തിച്ചാൽ ഒരുജീവൻ രക്ഷിച്ചതിന് നമ്മുടെ ജീവിതകാലം മുഴുവനും അതോർത്ത് നമുക്ക് ചാരിതാർത്ഥ്യമടയാം.

---

## ചരിത്രവഴികളിലൂടെ


**പി. ആർ. ജോസ്**

**9847946094**

# നയാപൈസ

**1957**ലാണ് മെട്രിക് സിസ്റ്റം ഇന്ത്യയിൽ നിലവിൽ വന്നത്. അളവ്, തൂക്കം, കറൻസി എന്നിവയെല്ലാം മെട്രിക് ക്രമത്തിലാക്കി. 1957ന് മുമ്പ് 192 പൈസയായിരുന്നു ഒരു രൂപയ്ക്ക്. പുതിയക്രമത്തിൽ ഒരു രൂപയ്ക്ക് 100 പൈസയായി നിജപ്പെടുത്തി. ഈ പുതിയ പൈസ മുമ്പുള്ള പൈസയുമായി തെറ്റിദ്ധരിക്കപ്പെടാതിരിക്കാൻ പുതിയ നാണയങ്ങളിൽ നയാപൈസ എന്ന് പുനഃനാമകരണം ചെയ്തു. എന്നാലിപ്പോൾ അങ്ങിനെയൊരു സംശയമില്ലാത്തതിനാൽ നാണയത്തിന്മേൽ പൈസയെന്നേ രേഖപ്പെടുത്തുന്നുള്ളു.

മെട്രിക് സിസ്റ്റത്തിനുമുമ്പ് ഇന്ത്യയിൽ രൂപ, അണ, പൈസ എന്നിവയായിരുന്നു നിലവിലുണ്ടായിരുന്നത്. 12 പൈസ 1 അണ, 16 അണ 1 രൂപ. അതുകൊണ്ട് ഒന്നിലേറെ തുക കാണണമെങ്കിൽ രൂപ, അണ, പൈസ എന്നീ മൂന്നുകോളം വേണം. പൈസയുടെ കോളത്തിലുള്ള സംഖ്യകളെ കൂട്ടിക്കിട്ടുന്നതിനെ 12 കൊണ്ട് ഹരിച്ചു അതിന്റെ ശിഷ്ടം മാത്രം പൈസയുടെ കോളത്തിലെഴുതണം. ഹരണഫലം അണ എന്ന കോളത്തിലുള്ള സംഖ്യകളോട് കൂട്ടിക്കിട്ടിയതിനെ പതിനാറ് കൊണ്ട് ഹരിച്ച് അതിന്റെ ശിഷ്ടം മാത്രം അണയെന്ന കോളത്തിലെഴുതണം. ഹരണഫലം രൂപയെന്ന കോളത്തിലുള്ള സംഖ്യകളോട് കൂട്ടിയാൽ ആകെ തുകയെത്രയെന്നു കണ്ടുപിടിക്കാം. അതുകൊണ്ട് തുക കാണുവാൻ 12ന്റേയും 16ന്റേയും ഗുണനപട്ടിക മനഃപാഠമാക്കേണ്ടതുണ്ട്. അതിനാൽ 16വരെയുള്ള ഗുണനപട്ടിക വിദ്യാർത്ഥികൾ മനഃപാഠമാക്കുവാൻ നിർബന്ധമാക്കാറുണ്ട്. കറൻസിയുടെ ചതുഷ്ക്രിയകൾ (ഗുണനം, ഹരണം, കൂട്ടൽ, കുറയ്ക്കൽ) വിദ്യാർത്ഥികളായ പലർക്കും ബാലികേറാമലയാണ്. കാൽക്കുലേറ്ററും കമ്പ്യൂട്ടറൊന്നുമില്ലാത്ത കാലത്ത് അക്കൗണ്ടന്റായി ജോലിനോക്കുന്നവർക്ക് വളരെ ബുദ്ധിമുട്ടേറിയതാണ്. മെട്രിക് സിസ്റ്റം നിലവിൽവന്നതോടെ കറൻസികളുടെ ചതുഷ്ക്രിയകൾ വളരെ എളുപ്പമായി. കൂടാതെ കാൽക്കുലേറ്ററിന്റെ അരങ്ങേറ്റം കൂടുതൽ എളുപ്പമുള്ളതാക്കി. കണക്കിനെ പേടിസ്വപ്നമായി കണ്ടിരുന്ന വിദ്യാർത്ഥികൾ കണക്കിനെ കൂടുതൽ സ്നേഹിക്കാനും ഉറ്റമിത്രമാക്കാനും തുടങ്ങി.

# വചനസംസ്കാരം

**ഭാ**ഷ വ്യവസ്ഥയേയും ഭാഷണം പ്രയോഗത്തെയും സൂചിപ്പിക്കുന്നു. പ്രയോഗത്തിനടിസ്ഥാനമായ നിയമങ്ങളുടെ സമാഹാരമാണ് ഭാഷ. ഒരുഭാഷാസമൂഹത്തിൽ എല്ലാ അംഗങ്ങളും ഒരുപോലെ സംസാരിക്കുന്നില്ല. ആറുമലയാളിക്ക് നൂറുമലയാളം. ഓരോ വ്യക്തിയുടേയും ഭാഷണരീതിയെ തന്മൊഴി അഥവാ വ്യക്തിഭാഷ എന്നുവിളിക്കുന്നു. തന്മൊഴികളിൽ നിന്നും നിർദ്ധാരണം ചെയ്തെടുക്കുന്ന പൊതുഘടകങ്ങളാണ് മാനകഭാഷ - standard language യെ പരുവപ്പെടുത്തുന്നത്. ഭാഷണ സംസ്കാരം മാനകഭാഷയിൽ നിന്നുമാവണം രൂപം പ്രാപിക്കേണ്ടത്. എന്തു പറയുന്നുവെന്നതും എങ്ങനെ പറയുന്നു എന്നതും ഈ സംസ്കാരത്തെ വിളിച്ചോതുന്നു.

പ്രജകളുടെ ഭാഷണം മാത്രമല്ല രാജാവിന്റെ ഭാഷണവും മധുരവും സൗമ്യവും ദീപ്തവുമാവണം. ഗാർഹികാന്തരീക്ഷത്തിൽ മുതിർന്നവരുടെ സംസാരം, കുട്ടികൾ വീട്ടിലുണ്ടെങ്കിൽ ഒരല്പം കരുതലോടെയാവണം. ഭരണവർഗ്ഗത്തിന്റെ ഭാഷണം സമൂഹഘടനയുടെ സന്ധിബന്ധങ്ങളെ തകർക്കുന്നതാവരുത്. മിതവും സാരവത്തുമാവണം സംഭാഷണം.

വാല്മീകി രാമായണത്തിൽ ലക്ഷണം തികഞ്ഞതും മാധുര്യം വഴിയുന്നതുമായ മൊഴികൾക്ക് എട്ടുഗുണങ്ങൾ ഉണ്ടാവണമെന്നു നിർദ്ദേശിക്കുന്നു. ഇതിഹാസ പരാമർശമിങ്ങനെ:

*ശുശ്രൂഷാശ്രവണം ചൈവ*
*ഗ്രഹണം ധാരണം തഥാ*
*ഊഹാപോഹോർത്ഥവിജ്ഞാനം*

തത്വജ്ഞാനം ചധീർഗുണാഃ (113/45). ശുശ്രൂഷ, ശ്രാവണം, ഗ്രഹണം, ധാരണം, ഊഹം, അപോഹം, അർത്ഥവിജ്ഞാനം, തത്വ ജ്ഞാനം - ഈ എട്ടെണ്ണമാണ് - ഗുണങ്ങൾ - ആദി കവി നിർദ്ദേശിക്കുന്നത്.



**പ്രൊഫ. കെ. ശശികുമാർ**
**0492-3222081, 9446442081**

കാര്യം പറയാനും പറയുന്നത് കേൾക്കാനുമുള്ള ശുഷ്കാന്തിയാണ് ശുശ്രൂഷ എന്ന ഒന്നാമത്തെ ഗുണം. ശ്രദ്ധാപൂർവ്വമുള്ള കേൾക്കലാണ് ശ്രവണം. നല്ല വക്താവിനുമാത്രമേ നല്ല ശ്രോതാവാകാൻ കഴിയൂ. അലക്ഷ്യമായും അലസമായും - Passive Listening കേട്ടിരിക്കരുത്. മൂന്നാമത്തെ ഗുണം വാല്മീകി മഹർഷി നിർദ്ദേശിക്കുന്നതാവട്ടെ - ഗ്രഹണം. ആശയം ഗ്രഹിച്ചുസംസാരിച്ചെങ്കിലേ കേൾക്കുന്നവർക്ക് ആശയം ഗ്രഹിക്കുകയുള്ളു. ശരിയ്ക്കും മനസ്സിലാകൽ തന്നെ ഗ്രഹണം. കേട്ടത് ഓർത്തുവെയ്ക്കലാണ് ധാരണം. പ്രഭാഷണകലയിൽ ഓർമ്മശക്തി പ്രധാനം തന്നെ. ധാരണം കഴിഞ്ഞാൽ, അടുത്തത് ഊഹം. കേട്ടവയിലെ യുക്തി കണ്ടെത്തലാണ് ആചാര്യൻ വിധിക്കുന്ന ഊഹം. അപോഹമാണ് അടുത്ത ഗുണം. സംശയങ്ങൾ നിരാകരിയ്ക്കലാണിത്. സന്ദേഹനിവാരിണിയാവണം സംഭാഷണം. ഒക്കെയും കേട്ടുകഴിയവെ സംശയങ്ങളേ ബാക്കിയാവുന്നുവെങ്കിൽ വ്യർത്ഥമായ അധരവ്യായാമം മാത്രമായി ഭാഷണം തരം താഴും. വിവരത്തോടൊത്ത് വികാരവും അഭിസംക്രമിക്കപ്പെടണം.

ലക്ഷണം തികഞ്ഞതും മാധുര്യം വഴിയുന്നതുമായ മൊഴികൾക്കുണ്ടാവേണ്ട ഏഴാമത്തെ ഗുണം അർത്ഥവിജ്ഞാനമാകുന്നു. പറയുന്നവയിലെ പൊരുൾ കണ്ടെത്തൽ തന്നെ അർത്ഥവിജ്ഞാനം. അർത്ഥവ്യക്തി എന്നും പറയാം. ശക്തമായും വ്യക്തമായും പദങ്ങൾ കരുതി പ്രയോഗിക്കുക. അവസാനഗുണമായി വാല്മീകി മഹർഷി പറയുന്നത് തത്ത്വജ്ഞാനം. അടിസ്ഥാന തത്ത്വം കണ്ടെത്തലാണിത്. തത്ത്വചിന്താഭരിതമാവണമെന്നല്ല വിവക്ഷ. മറിച്ച് ചിന്തയ്ക്ക് പ്രേരകമാവുന്നതെന്തെങ്കിലും ഉണ്ടാവുക. എട്ടെണ്ണം ഒന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹം, അപോഹം, അർത്ഥവിജ്ഞാനം, തത്വജ്ഞാനം.

അതിലക്ഷണസമ്പന്നവും മാധുര്യഗുണഭൂഷണവുമായ സംഭാഷണം ഒരാൾക്കുമാത്രമേയുള്ളുവെന്ന് സീതാദേവി വാല്മീകി രാമായണത്തിൽ പറയുന്നു - ശ്രീഹനുമൻ. വാനരനിൽ നിന്നും നരനിലേക്കെത്തുമ്പോൾ വചനസംസ്കാരം പ്രവൃദ്ധമാവണം.

■കവിത

## ആരുനൽകീയിവയെല്ലാം....

**കേശവൻ നമ്പൂതിരി**
**9846266863, 8129669139**

എന്നും ചിരിക്കുന്ന പൂവിന്റെ
കവിളിൽ ആരിത്ര
സൗരഭ്യം നല്കി?
എന്നും വിടരുന്ന പൂനിലാവെ
നിനക്കാരിത്ര സൗന്ദര്യം നല്കി?
പൂന്തേൻ നുകരും ശലഭങ്ങളെ
നിങ്ങൾക്കാരിത്ര
വർണ്ണങ്ങൾ നൽകി?
വാനിൽ പറക്കും പറവകളെ
നിങ്ങൾക്കാരിത്ര സൗന്ദര്യമേകി?
ഓർമ്മകൾ പൂക്കും
പൂനിലാവിന്നാരിത്ര സൗരഭ്യമേകീ?
ഓർമ്മകൾ ചാലിച്ച ജീവിതത്തി-
ലാരിത്ര കയ്പ്പും മധുരവുമേകീ?
പൂക്കളും പറവകളും പൂനിലാവും
ചേർന്ന് പ്രകൃതി തൻ
സൗന്ദര്യം പങ്കുവച്ചു
നമ്മൾക്കായിരം
വർണങ്ങൾ നല്കി.
നമ്മൾ തന്നോർമകൾക്കായിരം
സൗരഭ്യമേകി
എല്ലാം മറക്കാൻ പഠിച്ചൊരു
നമ്മൾക്കായിരമോർമ്മകൾ നൽകി...
ഒരായിരം സ്വപ്നത്തിന്റെ
ചിറകുകൾ നൽകി...

# ചില നാട്ടു തമാശകൾ



**രാജൻ കിണറ്റിങ്കര**
**8691034228**

**ഗ്രാ**മീണർ പൊതുവെ ശുദ്ധമനസ്കരാണ്. മലമക്കാവ്കാർക്ക് അതിത്തിരി കൂടുതലും ആണ്. ഗ്രാമത്തിന്റെ കവലകളിൽ, അമ്പലപ്പറമ്പിൽ, ചായക്കടകളിൽ അവർ അവരുടെ ശുദ്ധമനസ്സിന്റെ കെട്ടഴിച്ചുവിടും. അവരുടെ നിഷ്കളങ്കമായ സംസാരത്തിൽ അവർ വല്ലാതെ വാചാലരാകും. അത് പൊങ്ങച്ചമല്ല കേൾക്കുന്നവന്റെ മനസ്സിലേക്ക് ഇറങ്ങി. ചെല്ലാനുള്ള വെമ്പലാണ്.

മഴ തോർന്ന ഒരു വൈകുന്നേരം ഈറനണിഞ്ഞ് വരമ്പുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന നെല്ലോലകളെ വകഞ്ഞുമാറ്റി പഴയ ബാല്യകൗമാരങ്ങളിലെ ഓടി പതിഞ്ഞ കാലടികൾ തേടി നടക്കുമ്പോഴാണ് രാവുണ്ണി മാഷെ കാണുന്നത്. രാവുണ്ണി മാഷ് തന്റെ വലതുകൈ കണ്ണിന് മുകളിൽ വച്ച് ആളെ ഓർത്തെടുക്കാൻ ശ്രമിച്ചു. മാഷെ ഞാൻ കിണറ്റിങ്കരത്തെ... അത്രയും പറഞ്ഞപ്പോഴേക്കും ഓഹോ മനസ്സിലായി മനസ്സിലായി എന്ന മട്ടിൽ മാഷ് തലയാട്ടി.

രണ്ട് മാസം മുന്നെ എന്തായിരുന്നു ഈ പാടം. റോഡും കവിഞ്ഞ് നിറഞ്ഞിങ്ങനെ ഒഴുകല്ലേ പ്രളയത്തിൽ. ആ കുന്നുംപുറത്ത് നിന്ന് നോക്കിയാൽ കാണാം ആളുകളുടെ കട്ടിൽ പാത്രങ്ങൾ ഗ്യാസ് കുറ്റി ഇതൊക്കെ വെള്ളത്തിന് മുകളിലൂടെ ഇങ്ങനെ ഒഴുകി നടക്കണത്. മാഷേ ഗ്യാസ് കുറ്റി വെള്ളത്തിന് മുകളിലൂടെ ഒഴുകേ? ഇതെന്താ പ്ലാസ്റ്റിക് കുറ്റിയോ? എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷെ അതിനു മുന്നേ മാഷ് പറയാൻ തുടങ്ങി. അതേ കുട്ട്യേ എത്ര ഗ്യാസ് കുറ്റിയാ ചോല പറമ്പിലെ കുമാരൻ നീന്തിപ്പിടിച്ച് വീട്ടിൽ കൊണ്ടോയത് അറിയോ? മാഷിന്റെ വിശ്വാസം തല്ലികെടുത്തുന്നത് ഗുരുനിന്ദയാകും എന്ന് കരുതി ഞാൻ മാഷിനോട് യാത്ര പറഞ്ഞ് പാടവരമ്പിലൂടെ എന്റെ അലക്ഷ്യമായ യാത്ര തുടർന്നു.

പാടവരമ്പിലെ ചേറിലൂടെ ബോംബെയിൽ നിന്നും വാങ്ങിയ ചെരുപ്പ്മിട്ട് കുറേദൂരം നടന്നപ്പോൾ അത് തളർന്നുപോയി. വള്ളി പൊട്ടി എന്നെ ദയനീയമായി നോക്കി. എനിക്കീ ചേറും ചളിയും ഒന്നും ശീലമില്ലാത്തതല്ലേ! ഇങ്ങിനെയൊക്കെ ആണെങ്കിൽ ഞാൻ നിങ്ങടെ കൂടെ വരില്ലായിരുന്നു എന്ന മട്ടിൽ. പൊട്ടിയ ചെരുപ്പിനെ പാടത്ത് ഉപേക്ഷിച്ചു. എന്തായാലും ഒരു ജോഡി ചെരുപ്പു വാങ്ങിയേ പറ്റൂ. നഗ്നപാദനായി നടക്കുന്നത് കണ്ടാൽ ആളുകൾ വിചാരിക്കും ഒരു ജോഡി ചെരുപ്പിന് പോലും വകയില്ലെങ്കിൽ ഇയാളെന്തിനാ ബോംബെയിൽ പോയി കഷ്ടപ്പെടുന്നത് നാട്ടിൽ വല്ല തൊഴി’ലുറപ്പ് പദ്ധതിയിലും ചേർന്ന് കൈക്കോട്ട് കിളയ്ക്കാൻ പോയിക്കൂടെന്ന്.

നാട്ടിലെ കടകളിൽ ചെരുപ്പൊന്നും കിട്ടില്ല വാങ്ങാൻ. ആരോ പറഞ്ഞു സുലൈമാന്റെ കടയിലൊന്ന് അന്വേഷിച്ചു നോക്കൂ. വലിയ ഫാഷൻ ഉള്ളതൊന്നും കിട്ടില്ല എന്നാലും മുള്ളുകുത്താതെ നടക്കാൻ പറ്റും തിരിച്ചു പോകുന്നവരെ.

സുലൈമാന്റെ കടയിൽ ചെന്നപ്പോൾ കുറച്ച് ചെരുപ്പുകളൊക്കെ തൂങ്ങിക്കിടക്കുന്നുണ്ട്. ഞാൻ പറഞ്ഞു ഒരു ജോഡി ചെരുപ്പ് വേണമായിരുന്നു. അയാൾ ഒരു ചെരുപ്പ് കാണിച്ചിട്ട് പറഞ്ഞു ഇത് വാങ്ങിക്കോളിൻ ഇവിടുത്തെ റിക്ഷക്കാരൊക്കെ ഇതാ ഉപയോഗിക്കുന്നത്. റിക്ഷക്കാർക്ക് ചെരുപ്പില്ലെങ്കിലും സാരമില്ല അവർ വണ്ടിക്കകത്തല്ലേ... ഞാനൊരു ചിരി വരാത്ത തമാശ പറയാൻ ശ്രമിച്ചു. എന്തായാലും വേറെ മാർഗ്ഗമില്ലാത്തതിനാൽ ഞാനാ ചെരുപ്പുകൾ വാങ്ങി. മുന്നൂറ് രൂപ എന്ന് വില കേട്ടപ്പോൾ ഞാൻ ചോദിച്ചു വിലയൊക്കെയുണ്ടല്ലോ ഇത് Durable ആണോ? ഏയ് സുലൈമാൻ ആടൈപ്പല്ലാട്ടോ. ഇങ്ങള് നാട്ടിലില്ലാത്ത ആളാവോണ്ടാ. നാട്ടുകാരോട് ചോദിച്ചാലറിയാം സുലൈമാനെ പറ്റി . ഇതും ഗ്രാമത്തിന്റെ നിഷ്കളങ്കതയാണ്.

ചന്ദ്രയാനെ പറ്റിയും ഉണ്ട് നാട്ടുകാർക്ക് വ്യക്തത. 200 രൂപയ്ക്ക് പെട്രോൾ അടിച്ചാൽ നാല് പ്രാവശ്യം പട്ടാമ്പി പോയി വരാൻ തികയില്ല. ഈ ശാസ്ത്രജ്ഞൻമാര് പറയുന്ന പോലെ ഒന്നുമല്ല കാര്യങ്ങൾ. അതിലെ പെട്രോള് കഴിഞ്ഞതന്നേ വുംന്ന്. വെറുതെ വിക്രമിന്റെ പേർക്ക് കുറ്റം ഇടാ...

ഗ്രാമത്തിന്റെ നിഷ്കളങ്ക മനസ്സുകൾ ഇനിയുമുണ്ട്. അവർ ശ്രോതാക്കൾ ഉള്ളിടത്തെല്ലാം അവരുടെ അറിവ് പകർന്നുകൊണ്ടിരിക്കുകയാണ്. അതിലൊരാളായി ഞാനും. മലമക്കാവുകാർ നിഷ്കളങ്കരും ശുദ്ധമനസ്കരും ആണല്ലോ. ●

■ കവിത

## മർമ്മരം

**ധന്യാലയം പ്രമോദ്**
**9746363220**

മഹിമയുള്ളോരു കവിത
എന്തിനായൊരു ശിരോബോധവും!
കലഹമെഴും മനസ്സേ,
ചരിത്രപങ്കിലെ കൈയാലേ
സംസാരിക്കൂ.
കവിയല്ലെങ്കിലും വിതയില്ലെങ്കിലും
ബിന്ദുസംയുക്തമായൊരു
ഒറ്റക്ഷരം മതി
സ്വധാമത്തിലേക്ക് മടങ്ങാൻ.
ലക്ഷ്യം തെറ്റാത്ത പ്രാർത്ഥനയ്ക്ക്
ദൈവത്തിന്റെ അനുമോദനമാണ്
ഓരോ സ്വയംഹത്യയും
മനസ്സേ, വാക്കുടച്ച്
വൻമതിൽ തീർത്തൊരു
നാലകം പണിയൂ.
ജീവിക്കാനൊരു
കാരണം തേടലിനെ
‘പോരാട്ട’മെന്നും
‘അർത്ഥവത്തെ’ന്നും
നിന്ദിക്കുമ്പോൾ
മനസ്സേ, കഴിയുമെങ്കിൽ
മൗനത്തിൽ നിന്നൊരു
തുള്ളിയുടെ തോളിലേറ്റി
മഹാമൗനത്തിലെത്തിക്കുമോ ?

# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



ടി. വി. നാരായണൻകുട്ടി
9446030344



## പി. സുശീല

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന ആന്ധ്രപ്രദേശിലെ 'വിജയനഗരം' എന്ന സ്ഥലത്ത് 1935 നവംബർ 13ാം തിയതി, പുലാപ്പാക മുകുന്ദറാവുവിന്റേയും, ശേഷവട്ടാരത്തിന്റേയും മകളായാണ്, പുലാപ്പാക സുശീല എന്ന പി. സുശീല ജനിച്ചത്. സുശീലയുടെ അച്ഛൻ വിജയനഗരത്തിലെ പ്രസിദ്ധനായൊരു വക്കീലായിരുന്നു. സുശീലയെ വിവാഹം കഴിച്ചത്, ഡോ. മോഹൻ റാവുവാണ്. ഇവർക്ക് ജയകൃഷ്ണൻ എന്നൊരു മകൻ മാത്രമാണുള്ളത്. ഇദ്ദേഹത്തിന് ജയശ്രീ, ശുഭശ്രീ എന്നീ രണ്ടു പെൺമക്കളും. സുശീല ഭർതൃസഹോദരി 'സന്ധ്യാജയകൃഷ്ണ', എ. ആർ. റഹ്മാന്റെ 'ഇരുവർ' എന്ന സിനിമയിലൂടെ അരങ്ങേറ്റം കുറിച്ച ഗായികയാണ്.

സ്കൂൾപഠന ശേഷം, സുശീല 'മഹാരാജാസ് സംഗീത കോളേജി'ൽ ചേർന്നാണ് സംഗീതമഭ്യസിച്ചത്. അന്നത്തെ പ്രിൻസിപ്പാൾ ദ്വാരംവെങ്കിടസ്വാമി നായഡുവിന്റെ മേൽനോട്ടം ഇവർക്കേറെ ഗുണം ചെയ്തു. തുടർന്ന് ആന്ധ്രാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം ക്ലാസ്സോടെ സംഗീത ബിരുദം നേടി.. അക്കാലത്ത് ഈ ബിരുദം കരസ്ഥമാക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന ബഹുമതിയും ഇവർ നേടി. തുടർന്ന് 1950-1990 വരെ തെന്നിന്ത്യയിലെ മികച്ച പിന്നണി ഗായികമാരിലൊരാളായി ഇവർ നിറഞ്ഞുനിന്നു.

സംഗീതത്തിന്നായ് മാത്രം ജന്മം കൊണ്ട ഒരു വ്യക്തിയായിരുന്നു ഇവരെന്ന് ചെറുപ്പം മുതലേ പലർക്കും അനുഭവപ്പെട്ടിരുന്നു. ഇതിന്ന് കാരണമായത് തന്നെ ചെറുപ്പം മുതലേ വിജയനഗരത്തിലും സമീപപ്രദേശങ്ങളിലുമുള്ള മിക്ക ഗാനപരിപാടികളിലും പങ്കെടുത്ത് കരസ്ഥമാക്കിയ വിജയങ്ങൾ തന്നെ. മാത്രമല്ല ഗാനങ്ങളാലപിക്കുമ്പോൾ അതിന്റെ അർത്ഥത്തിനും, സന്ദർഭത്തിനുമനുസരിച്ച്, ശബ്ദവിന്യാസവും, ആരോഹണ, അവരോഹണപ്രക്രിയയും, ശബ്ദനിയന്ത്രണവും, വളരെ ശ്ലാഘനീയമായി കൈകാര്യം ചെയ്യുകയും പതിവായിരുന്നു. ഇതെല്ലാം ഇവരുടെ പാട്ടിനോടുള്ള കഴിവ് വർദ്ധിപ്പിക്കാനും, ശ്രോതാക്കൾക്ക് ഇവരുടെ ഗാനങ്ങളോട് പ്രതിപത്തി ഏറുന്നതിനും, സഹായകമായി. ആകാശവാണിക്ക് വേണ്ടിയും ഇവർ ഗാനങ്ങളാലപിച്ചിരുന്നു.

1950ൽ സംഗീത സംവിധായകൻ 'പെണ്ഡ്യാല നാഗേശ്വരറാവു' പുതിയ ഒരു ശബ്ദം തേടി ആകാശവാണിയെ സമീപിച്ചു. അവർ അഞ്ചുപേരുടെ വിവരങ്ങൾ കൈമാറി. തുടർന്ന് നടന്ന ശബ്ദപരിശോധനയിൽ വിജയം സുശീലയ്ക്കായിരുന്നു. താമസിയാതെ 1952ൽ 'പെറ്റ തായ്' എന്ന സിനിമയ്ക്കുവേണ്ടി സുശീല കരാറൊപ്പിട്ടു. അങ്ങിനെ എ. എം. രാജയോടൊത്ത് 'എത്ക്ക് അഴൈത്തായ്' എന്ന യുഗ്മഗാനം സുശീല പാടി. ഇതേഗാനം തെലുങ്കിൽ ഘണ്ടശാലയോടൊത്തും ഇവർ പാടി. തുടർന്ന് എ. വി. എം. സ്റ്റുഡിയോ ഉടമ 'മെയ്യപ്പൻ' ഇവരെ മാസശമ്പളത്തിൽ, ഒരു ദീർഘകാല കരാറിൽ നിയമിച്ചു. ഒപ്പം സുശീലയുടെ തമിഴ് ഉച്ചാരണം ശരിയാക്കുന്നതിന് ഒരു പരിശീലകനെ നിയോഗിക്കുകയും ചെയ്തു. 1954ൽ 'മാഡിഡുന്നോ മാരായ' എന്ന കന്നട സിനിമയിലൂടെ ഈരംഗത്തേക്കും ഇവർ കടന്നു. 1955-60കാലം എം. എൽ. വസന്തകുമാരി, ജിക്കി, പി. ലീല എന്നിവരെല്ലാം നിറഞ്ഞുനിന്ന തെന്നിന്ത്യൻ സിനിമാപിന്നണി ഗാനരംഗത്തേക്ക് സുശീലയും വലുതുകാൽ വെച്ച് കടന്നുവന്നു. തമിഴിലും തെലുങ്കിലും ഒഴിച്ചുകൂടാനാവാത്തൊരു ഗായികയായി ഇവർ താമസിയാതെ മാറി. 1955ൽ 'മിസ്സമ്മ' എന്ന തെലുങ്ക് സിനിമയിലേയും 'കണവനേ കൺകണ്ട ദൈവം' എന്ന തമിഴ് സിനിമയിലേയും ഗാനങ്ങൾ കുടുംബഹൃദയങ്ങളിൽ ഇവർക്ക് നല്ലൊരു സ്ഥാനം നേടിക്കൊടുത്തു.

1960 - 1985 വരെ ഈ ആധിപത്യം തുടർന്നു. വിശ്വനാഥൻ - രാമമൂർത്തി ജോഡി ഇവരുടെ ശബ്ദത്തിന്നനുയോജ്യമായ യുഗ്മഗാനങ്ങൾ എഴുതിച്ച്, സംവിധാനം ചെയ്യുക പതിവാക്കി. ഈ ഗാനങ്ങളെല്ലാം തെലുങ്കിൽ ഘണ്ടശാലയും തമിഴിൽ ടി. എം. സൗന്ദരരാജനും കന്നടത്തിൽ പി. ബി. ശ്രീനിവാസ് എന്നിവരാണ് ഇവരോടൊത്ത് കൂടുതലായി പാടിയിരുന്നത്. സൗന്ദരരാജനോടൊത്ത് അക്കാലത്ത് ആയിരത്തോളം ഗാനങ്ങൾ പാടിയിട്ടുണ്ട്. കന്നട ഭാഷയിൽ സുശീല പാടിയ 'വിരഹനോവു നൂറുതരഹ' എന്ന ഗാനം ഇന്ത്യൻ സിനിമയിലെ മികച്ച പത്തുഗാനങ്ങളിൽ ഒന്നായി അക്കാലത്ത് പരിഗണിക്കപ്പെട്ടു. ഇക്കാലത്തിവർ മറ്റു ഗായികമാരെ ഏറെ പി

ന്നിലാക്കി, തെന്നിന്ത്യയിലെ ഒഴിച്ചുകൂടാൻ പറ്റാത്ത സ്ത്രീശബ്ദത്തിന്നുടമയാക്കി. 1960ൽ വി. ദക്ഷിണാമൂർത്തി സ്വാമികളാണ് സുശീലയെ മലയാളത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. 'സീത' എന്ന സിനിമയിലെ 'പാട്ടുപാടി ഉറക്കാം ഞാൻ താമരപ്പൂം പൈതലേ' എന്ന ഗാനം കുശലകുമാരി വേഷമിട്ട സീത എന്ന കഥാപാത്രത്തിന് വേണ്ടിയാണിവർ ഇതാലപിച്ചത്. തുടർന്ന് ജി. ദേവരാജൻ, എം. കെ. അർജ്ജുനൻ എന്നിവരുടെ സംവിധാനത്തിലെ പാട്ടുകളോടെ മലയാള പിന്നണി ഗാനരംഗത്തെ സ്ഥിരം സാന്നിദ്ധ്യമായി ഇവർ മാറി. രാമമൂർത്തിയുമായി പിരിഞ്ഞശേഷം എം. എസ്. വിശ്വനാഥന്റെ കീഴിലും സുശീല അനേകം ഗാനങ്ങളാലപിച്ചു. 1969ൽ എം. എസ്. വി.യുടെ സംഗീതസംവിധാനത്തിൽ പാടിയ 'നാളൈ ഇന്ത വേലൈ പാർത്ത്' എന്ന ഗാനത്തിന് ദേശീയ അവാർഡും ഇവരെ തേടിയെത്തി. അതേവർഷം തമിഴ്നാട് സർക്കാരിന്റെ അവാർഡും ഈ ഗാനത്തിന് ലഭിച്ചു.

1970ൽ സുശീല തെക്കേ ഇന്ത്യയിലെ മിക്കഗാന അവാർഡുകളും കരസ്ഥമാക്കുന്ന കാഴ്ചയാണ് കണ്ടത്. കെ. വി. മഹാദേവൻ, ഹിന്ദിയിൽ ലക്ഷ്മീകാന്ത്- പ്യാരേലാൽ, സി. വൈദ്യനാഥൻ, എസ്. എൻ. ത്രിപാഠി, എസ്. എൽ. മനോഹർ തുടങ്ങിയ സംഗീതസംവിധായകരുടെ കീഴിലൊക്കെ ഇവർ പാടി. ഒപ്പം അന്നുയർന്നുവന്ന ഇളയരാജയും ഇവർക്കവസരം നല്കി. 1980 മുതൽ എസ്. ജാനകിയും എം. എസ്. വി., ഇളയരാജ എന്നിവരോടൊപ്പം പാടിയിരുന്നെങ്കിലും 1985 വരെ സുശീല തന്റെ മേൽക്കൈ തുടർന്നു. ഇതിനുശേഷം സുശീല സ്വയം ചില ഗാനങ്ങളിൽ നിന്ന്, ഒഴിവാകുന്ന നിലപാട് സ്വീകരിച്ചുപോന്നു. 2005വരെ ഈ സ്ഥിതി ഇവർ തുടർന്നു. മലയാളത്തിൽ ഇക്കാലത്ത് വാണിജയറാം, കെ. എസ്. ചിത്ര, ജാനകി എന്നിവരും ഗാനങ്ങളാലപിക്കാനുണ്ടായത് മൂലം ഈ രംഗത്തും സുശീല മേൽപറഞ്ഞ നയം സ്വീകരിച്ചു. പകരം ഭക്തി ഗാനങ്ങളിലും, ലളിതഗാനങ്ങളിലും കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. എന്നിരുന്നാലും 1999 വരെ പല ഗാനങ്ങളും ഇവർക്കിടയ്ക്കിടെ പാടേണ്ടിവന്നു.

കിഷോർ കുമാറിനോടൊത്ത് 1986ൽ സിങ്കാസൻ എന്ന ഹിന്ദി സിനിമയ്ക്കുവേണ്ടി 'ചൽത്താ ഹെ ദോ ദിലോംകാ കൈസേ സൻസാർ', 'തേരേ ലിയേ മേനേ ജനം' എന്നീ ഗാനങ്ങൾ ഏറെ മികച്ചതായി. ലോകത്ത് പലയിടങ്ങളിലായി നടന്ന പല 'സ്റ്റേജ് ഷോ'കളിലും ഇവർ പാടി. കൂടാതെ ആയിരത്തിലധികം ഭക്തിഗാനങ്ങളും 'റെക്കോർഡ്' ചെയ്യപ്പെട്ടു. മലയാള സിനിമ 'ധ്വനി'യിലെ 'ജാനകീ ജാനേ' എന്ന ഗാനം പാടാൻ നൗഷാദ് ക്ഷണിച്ചത് സുശീലയേയായിരുന്നു. ഇതവർ ഭംഗിയായി പാടി. കൂടാതെ ഇളയരാജ, എ. ആർ. റഹ്മാൻ എന്നിവരുടെ കീഴിൽ 1993 മുതൽ 2005 വരെ ഇവർ പാടിയ പാട്ടുകളിൽ മിക്കതും ഹിറ്റുകളായിരുന്നു. ഏകദേശം 40000ത്തിൽ പരം ഗാനങ്ങൾ ഇവർ മൊത്തത്തിൽ പാടിയിട്ടുണ്ടാകുമെന്ന് പറയപ്പെടുന്നു.

'ഗാനസരസ്വതി', 'കന്നട കോകില', 'ഗന്ധർവ്വനായകി' തുടങ്ങി അനേകം വിശേഷപട്ടങ്ങൾക്കിവരർഹയായി. ഇപ്പോൾ 84 വയസ്സായ ഇവർ സംഗീതം പാടെ നിർത്തി എന്ന് പറയാറായിട്ടില്ല. ഇതിനിടെ ഇവർ കേരളത്തിൽ ഒരു അവാർഡുമേളയിൽ പങ്കെടുത്ത്, ചിത്രയോടൊത്ത് ഒരുഗാനം പാടിയതും ഇത്തരുണത്തിൽ സ്മരിക്കുന്നു. തെലുങ്കിൽ 12000 ത്തോളം (എസ്. പി. ബി. യുടെ ആദ്യയുഗ്മഗാനം സുശീലയോടൊത്ത്), തമിഴിൽ 6000 ത്തോളം (ഭക്തിഗാനങ്ങളടക്കം) ഇവയിൽ എം. എസ്. വി.യോടൊത്ത് 1500ലധികം ഗാനങ്ങൾ, കന്നടയിൽ 5000ത്തോളം (ഇതിലും എസ്. പി. ബി.യുടെ ആദ്യഗാനം). മലയാളത്തിൽ പാടിയ 700 ഓളം ഗാനങ്ങളിൽ 300ഓളം ദേവരാജന് വേണ്ടിയായിരുന്നു.

ഹിന്ദിയിൽ നൂറോളം സിനിമാഗാനങ്ങളടക്കം 300 ഓളം ഗാനങ്ങൾ, 120 ഓളം ഭക്തിഗാനങ്ങൾ സംസ്കൃതത്തിലും, 9 എണ്ണം സിംഹള ഭാഷയിലും, കൂടാതെ ബംഗാളി, തുളു, ഒറിയ, പഞ്ചാബി, ബഡഗ എന്നീ ഭാഷകളിലും പാടിയിട്ടുണ്ട്.

ശ്രീ. ജി. ദേവരാജന്റെ ഭാര്യ ലീലാമണി ദേവരാജന്റെ വാക്കുകളിലൂടെ, "ദേവരാജൻ മാസ്റ്റർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഗായിക ഒരാളേ ഉള്ളൂ. അത് പി. സുശീലയായിരുന്നു. ഇത് പറയാൻ കാരണം അദ്ദേഹം പറഞ്ഞ വാക്കുകളിലൂടെ വ്യക്തം, ഞാൻ മനസ്സിൽ വിചാരിക്കുന്ന പോലെ ഒരു മാറ്റവുമില്ലാതെ, അതേ റൂട്ടിൽ ശരിയായി മനസ്സിലാക്കി പാടുന്ന ഒരു പാട്ടുകാരിയായിരുന്നു സുശീല."

### *അവാർഡുകൾ*

1. 2004ൽ കന്നട സിനിമയ്ക്ക് നൽകിയ മഹത്തായ സംഭാവനയ്ക്ക് 'ഗാനസരസ്വതിപട്ടം'.
2. 2008ൽ ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ സിവിലിയൻ അവാർഡ് - 'പത്മഭൂഷൺ'.

### *ദേശീയ അവാർഡ്*

1. 1969 - 'ഉയർന്തമനിതൻ' എന്ന സിനിമയിലെ ഗാനം.
2. 1971 - 'സവാലേ സമാളി'യിലെ 'ചിട്ടുക്കുരുവിക്കെന്ന കട്ടുപ്പാട്' എന്ന ഗാനം.
3. 1978 - തെലുങ്ക് സിനിമാഗാനം.
4. 1982 - തെലുങ്ക് 'മേഘസന്ദേശ'ത്തിലെ 'പ്രിയേ ചാരുശീലേ' എന്ന ഗാനം.

തെന്നിന്ത്യയിലെ ഫിലിം ഫെയർ അവാർഡ് 2006ൽ (ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്).

### *സംസ്ഥാന അവാർഡുകൾ*

1. 1969 - തമിഴ്നാട്. ലക്ഷികല്യാണം / ഉയർന്ത മനിതൻ
2. 1971 - കേരളം. ഒരു പെണ്ണിന്റെ കഥ ('പൂന്തേനരുവി' എന്ന ഗാനം)
3. 1975 - കേരളം. ചുവന്ന സന്ധ്യകൾ (പൂവുകൾക്ക് പുണ്യകാലം)
4. 1977 - നന്ദി അവാർഡ് - ദാനവീര സുര കർണ്ണ (കലഗന്ധിനോ സാമീ)
5. 1978 - നന്ദി അവാർഡ് - നാലാഗള്ള എൻ ദാരോ എന്ന തെലുങ്ക് ഗാനം.
6. 1981 - തമിഴ്നാട് - അൻപുള്ള അത്താൻ (ആഴക്കടൽ നീന്തിവന്തേൻ)
7. 1982 - നന്ദി അവാർഡ് - മേഘ

സന്ദേശം (ആകുലോ, ആകുനൈ)
8. 1984 – നന്ദി അവാർഡ് – സംഗീതസാമ്രാട്ട് (എന്ന് സൊക സുഖദേ)
9. 1987 – നന്ദി അവാർഡ് – വിശ്വനാഥനായകുഡു (കവിജന സമാജഭോജ)
10. 1989 – നന്ദി അവാർഡ് – ഗോദാവരി പൊങ്കിണ്ടി (എപ്പട്ലാ ഗോദാവരി പ്രവഹിസ്തോന്തി )
11. 1989 – തമിഴ്നാട് – 'വരം' (മകനേ, മകനേ കണ്ണുറങ്ങു)
12. 2002 – നന്ദി അവാർഡ് – പല സിനിമകൾ (പല പല ഗാനങ്ങൾ)

ഇവ കൂടാതെ തെന്നിന്ത്യയിലെ പിന്നണി ഗാന രംഗത്ത് ആറ് ദശാബ്ദത്തോളം നിറസാന്നിദ്ധ്യമായിരുന്ന ഇവർക്ക് 'ഗിന്നസ് ലോക റെക്കോർഡ് ഒപ്പം ഏഷ്യൻ റെക്കോർഡും ലഭിച്ചിട്ടുണ്ട്. കൂട്ടത്തിൽ സിലോണിലെ (ശ്രീലങ്ക) 'കമ്പൻ കഴകം' വക 'കമ്പൻ പുകഴ്' അവാർഡും (2016); രഘുപതി വെങ്കയ്യ അവാർഡ്, ഡോ. സുബ്ബ രാമ റെഡ്ഡിയിൽ നിന്ന് 2001ൽ ദശകത്തിലെ ഏറ്റവും നല്ല ഗായികയ്ക്കുള്ള അവാർഡും ലഭിക്കയുണ്ടായി.


***സുശീല ആലപിച്ച ചില പ്രധാന മലയാള ഗാനങ്ങൾ***

1. 1960 – പാട്ടുപാടി ഉറക്കാം ഞാൻ (സീത)
2. 1961 – അന്നു നിന്നെ കണ്ടതിൽ പിന്നെ (ഉണ്ണിയാർച്ച, എ. എം. രാജ)
3. 1962 – പെരിയാറേ (ഭാര്യ, എ. എം. രാജ)
4. മുൾക്കിരീടമിതെന്തിന് നൽകി (ഭാര്യ)
5. ചന്ദനപ്പല്ലക്കിൽ (പാലാട്ട് കോമൻ, എം. എം. രാജ)
6. 1963 – കല്പനയാകും യമുനാ നദിയുടെ (ഡോക്ടർ, കെ. ജെ. യേശുദാസ്)
7. 1964 – കിളിവാതിലിൽ മുട്ടിവിളിച്ചത് (റബേക്ക)
8. 1964 – ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ (ഓമനക്കുട്ടൻ)
9. 1965 – ഗംഗയാറൊഴുകുന്ന (കാട്ടുതുളസി)
10. 1965 – കുരുത്തോല പെരുന്നാളിന് (ഇണപ്രാവുകൾ)
11. 1965 – കാറ്റിൽ ഇളം കാറ്റിൽ (ഓടയിൽ നിന്ന്)
12. 1965 – പ്രിയതമാ... (ശകുന്തള)
13. 1967 – കൺമണി നീയെൻ കരംപിടിച്ചാൽ (കുപ്പിവള, എ. എം. രാജ)
14. 1967 – ഏഴ് സുന്ദര രാത്രികൾ (അശ്വമേധം)
15. 1969 – അറിയുന്നില്ല ഭവാൻ (കാട്ടുകുരങ്ങ്)
16. 1970 – സീതാദേവി സ്വയംവരം ചെയ്തൊരു (വാഴ്‌വേ മായം)
17. 1970 – എല്ലാരും പാടത്ത് സ്വർണ്ണം വിതച്ചു (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)
18. 1972 – കണ്ണാ ആരോമലുണ്ണിക്കണ്ണാ
19. 1973 – കാദംബരി പുഷ്പവനത്തിൽ (ചുക്ക്)
20. മാനത്തെ മഴമുകിൽ മാലകളേ... (കണ്ണപ്പനുണ്ണി)

*അടുത്ത ലക്കം : എസ്. ജാനകി*


ഏക തത്ത്വ വായിക്കൂ...
പ്രചരിപ്പിക്കൂ...





# പുഴുക്കടി

## (Trichophytosis - Ringworm)



ഡോ. സി. രാമകൃഷ്ണൻ
9447358663

ഇത് ഒരുതരം പകർച്ചവ്യാധിയാണ്. കൂൺ, കുമിൾ എന്നീ താണതരം സസ്യങ്ങളിൽ (Fungus) നിന്നാണ് രോഗാരംഭം. ശരീരത്തിന്റെ തൊലിപ്പുറത്ത് കാണുന്ന രോഗമാണ്. കുട്ടികളിൽ ഇത് തലയോട്ടിയിലായിരിക്കും അധികവും കാണപ്പെടാറുള്ളത്. ഇതിന്നുപുറമെ കക്ഷത്ത്, തുടകളിൽ, താടിയിൽ, നഖങ്ങളിൽ ഇവകളിലും പ്രത്യക്ഷപ്പെടാറുണ്ട്. തൊലിപ്പുറത്ത് പല വലിപ്പത്തിലും വൃത്താകൃതിയിലും തൊലിയുടെ പ്രതലത്തിൽ നിന്നും അല്പം വരമ്പോടുകൂടിയ പൊങ്ങിയ ഇരുണ്ട നിറത്തോടുകൂടിയായിരിക്കും കാണപ്പെടുക. നേരിയ ചെതുമ്പൽ (Scales) കൊണ്ട് പൊതിഞ്ഞിരിക്കും. കഠിനമായ ചൊറിച്ചിൽ ഈ രോഗത്തിന്റെ പ്രത്യേകതയാണ്. വിയർപ്പുള്ള ഭാഗത്ത് അസഹ്യമായ ചൊറിച്ചിൽ ഉണ്ടാവുന്നതായിരിക്കും. ഈ രോഗം പൊതുസ്ഥലങ്ങളിൽ നിന്നോ സമ്പർക്കം മൂലമോ ബാർബർ ഷാപ്പിൽ നിന്നോ വസ്ത്രങ്ങളിൽ നിന്നോ വൃത്തിഹീനമായ പാത്രങ്ങളിൽ കൂടിയോ ആയിരിക്കും പകരുവാൻ സാദ്ധ്യത. തുടക്കത്തിൽ ചെറിയ തടിപ്പുകളാണ് കാണപ്പെടുക. തലയോട്ടിയിൽ വരുന്ന പുഴുക്കടി ബാധിച്ച സ്ഥലങ്ങളിൽ മുടി കൊഴിഞ്ഞ് നര ബാധിച്ചതുപോലെ ഇരിക്കുന്നതായിരിക്കും.

ചികിത്സിച്ചുമാറ്റാവുന്ന രോഗമാണ് ഇത്. ശുചിത്വം നല്ലവണ്ണം പാലിക്കണം. ഇതിന്നുള്ള ലേപനങ്ങൾ രോഗം ബാധിച്ച സ്ഥലങ്ങളിൽ പുരട്ടുന്നതുമൂലം രോഗം പകരുന്നത് ഒഴിവാക്കാൻ സാധിക്കും. എന്നാൽ രോഗം പൂർണ്ണമായും ശമിക്കണമെങ്കിൽ ഫലപ്രദമായ മരുന്നുകൾ അകത്തേക്ക് കഴിക്കേണ്ടിവരും. ഇതിന്ന് ഹോമിയോ ചികിത്സ സുരക്ഷിതവും വളരെ ഫലപ്രദവുമാണ്. മറ്റുചികിത്സാ സംവിധാനങ്ങളിൽ ഈ രോഗത്തിന് ശാശ്വത പരിഹാരം ലഭിക്കാതെ ഹോമിയോ ചികിത്സകളിലൂടെ രോഗശമനം ലഭിച്ച ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

# മൂല്യാവബോധനം അന്യമാകുന്നുവോ ?



**രാജേന്ദ്രൻ വയല**
**9446377201**

**ഏ**ത് സാമൂഹ്യവിരുദ്ധ നടപടികളിലും ഏർപ്പെടുന്നവർക്ക് ഏതെങ്കിലുമൊരു പൊതുപ്രസ്ഥാനത്തിൽ അംഗത്വമുണ്ടെങ്കിൽ രക്ഷപ്പെടാനെളുപ്പമുണ്ട്. അറിയപ്പെടുന്ന ഒരു സാമൂഹ്യചിന്തകന്റെ ലേഖനത്തിലെ വാചകമാണ് മുകളിലുദ്ധരിച്ചത്. ഇന്നത്തെ സമകാലിക സാഹചര്യങ്ങൾ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ഈ പ്രസ്താവനയെക്കുറിച്ച് അഭിപ്രായഭേദമുണ്ടാകാനിടയില്ല. പണത്തിലുപരി ഇന്ന് പൊതുസമൂഹത്തേയും അധികാരകേന്ദ്രങ്ങളേയും വരുതിയിൽ നിർത്താൻ രാഷ്ട്രീയത്തിനുള്ളിലെ ഇടം തന്നെയാണ് പ്രധാന ഘടകം.

ഇക്കാര്യത്തിൽ ഭരണ പ്രതിപക്ഷമോ അതിലുൾപ്പെടാത്ത മൂന്നാം കക്ഷിയോ ഏതൊന്നുമായിക്കൊള്ളട്ടെ അതിലൊരംഗമായിരിക്കുന്നയാൾക്ക് ലഭിക്കുന്ന സാമൂഹ്യ അംഗീകാരവും സർക്കാർ സംവിധാനങ്ങളിലെ സ്വീകാര്യതയും പലപ്പോഴും പണം കൊണ്ടോ സംശുദ്ധജീവിതം കൊണ്ടോ ഒരിക്കലും നേടാനാവില്ല. സമീപകാലസംഭവങ്ങൾക്ക് ഇത് പ്രത്യക്ഷമായും സാക്ഷ്യപ്പെടുത്തുക തന്നെ ചെയ്യുന്നു.

രാഷ്ട്രീയ പാർട്ടികൾക്കൊപ്പം ജാതിമതനേതൃത്വങ്ങൾക്ക് അധികാര-പൊതുജീവിതരാഷ്ട്രീയ സംവിധാനത്തെയാകെ നിയന്ത്രിക്കാനും നയിക്കാനും ഇപ്പോൾ കഴിയുന്നുണ്ട് എന്നതും വാസ്തവം. ജാതിമത സമവാക്യങ്ങൾ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ അവിഭാജ്യ ഘടകമാണെന്നു വിശ്വസിക്കുന്ന കക്ഷിരാഷ്ട്രീയ (പലപ്പോഴും അതൊരു മിഥ്യയാകുന്നുവെങ്കിലും) നേതൃത്വം അതിനെ തങ്ങളുടെ വരുതിയിലാക്കാനോ അവരുടെ സ്വകീയ താല്പര്യങ്ങൾക്ക് സംരക്ഷണമൊരുക്കാനോ ശ്രമിക്കുന്നു എന്നതും പരസ്യമായ രഹസ്യം.

എന്തുകൊണ്ട് ഇങ്ങനെ എന്ന ചോദ്യത്തിന് മറുപടി പറയേണ്ടത് നാമുൾപ്പെടുന്ന പൊതുസമൂഹമാകുന്നു. ഒരുവിരൽകൊണ്ട് മാത്രം കെടുതികൾ ചൂണ്ടിക്കാട്ടുമ്പോൾ മറ്റ് നാല് വിരലുകളുണ്ട് നമ്മുടെ നെഞ്ചിനുനേരെ എന്ന പരമമായ ആപ്തവാക്യം എല്ലാവരും മറക്കാനാഗ്രഹിക്കുന്നുവെങ്കിലും ചിരന്തന സത്യമായി അവശേഷിക്കുന്നു.

ദേശീയപ്രസ്ഥാനത്തോടൊപ്പം ഇന്ത്യൻ ജനസമൂഹത്തെയാകെ മുത്തുമണികൾ പോലെ ഒരുമിപ്പിച്ചുനിർത്താൻ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിക്ക് എന്തുകൊണ്ട് കഴിഞ്ഞു എന്നത് ആലോചനീയമല്ലേ ? മഹാത്മാവിന്റെ നൂറ്റിയൻപതാം ജന്മവാർഷികദിനാചരണവേളയിൽ പോലും ഒരു പ്രതീകമായോ വിഗ്രഹപുരുഷനായോ കൊണ്ടാടുകയല്ലാതെ ആ മഹത്തായ ആശയങ്ങളും ആദർശങ്ങളും മനസ്സിരുത്തി പഠിക്കാനോ പഠിപ്പിക്കാനോ നാം പിന്നാക്കം പോയിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരകാല പൊതുതെരഞ്ഞെടുപ്പുകളിൽ ഒരു മണ്ഡലത്തിൽ സ്ഥാനാർത്ഥിയെ നിർണ്ണയിക്കുന്നതിൽ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് ഒരാളുടെ ജീവിത സംശുദ്ധിയും പൊതുപ്രവർത്തനമികവും ഒക്കെയായിരുന്നു മാനദണ്ഡങ്ങളെങ്കിൽ ക്രമേണ ആ മണ്ഡലത്തിലെ ജാതി-മത സമവാക്യങ്ങളുടെ കൂട്ടലും കിഴിക്കലും തന്നെയാണ് മുഖ്യഘടകമെന്ന് ആയി. ഒപ്പം പണവും സ്വാധീനവും കൂടിയുണ്ടാവുമ്പോൾ ചിത്രം പൂർണ്ണമാകുന്നു. ക്രിമിനൽ സിവിൽ കേസുകൾക്ക് വിചാരണ നേരിടുന്നവരുടെ പേര് മുൻഗണന പോലുമാകുന്നു. പ്രസ്ഥാനങ്ങൾക്കുവേണ്ടിയെന്ന ലേബലുള്ളപ്പോൾ പ്രത്യേകിച്ചും.

സമൂഹത്തിൽ ആദർശ പൊതുജീവിതമാതൃകകൾ അതിവിരളമായിരിക്കുന്നു. അങ്ങനെയുള്ള ചിലരെങ്കിലും പേരിന് അവശേഷിക്കുന്നുണ്ടെങ്കിൽ അവർ കഴിവുകെട്ടവരും തനിക്കും വീടിനും നാടിനും ചേരാത്തവരെന്നും ചാപ്പകുത്തി പരിഹസിക്കും. ഈ വികാരം എല്ലാ തലത്തിലേക്കും പടർന്നുവളർന്നിട്ടുണ്ട്. ഇതിന് അനുബന്ധമായി ഒരനുഭവ സാക്ഷ്യം രേഖപ്പെടുത്താം.

അതിങ്ങനെയാണ്. അകന്ന ബന്ധുവും അതിലേറെ സൗഹൃദവുമുള്ള ഒരു സുഹൃത്തിന്റെ വിദ്യാസമ്പന്നയും സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരിയുമായ മകൾക്ക് വിവാഹാലോചന. ചെറുപ്പക്കാരിൽ ഒരാൾ അദ്ധ്യാപകൻ, മറ്റെയാൾ ശമ്പളവും ആവോളം കിമ്പളവും കിട്ടുന്ന വകുപ്പിലെ ജീവനക്കാരൻ. ഒന്നാമനെ ഒഴിവാക്കി രണ്ടാമനെ തെരഞ്ഞെടുക്കാൻ അച്ഛനും മകൾക്കും വീട്ടുകാർക്കും രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ശമ്പളത്തിനപ്പുറം വരുമാനമുള്ളവർക്കേ ഇന്ന് കുടുംബം നന്നായി നോക്കാനാവു എന്നായിരുന്നു രക്ഷാകർത്താക്കളുടെ പ്രായോഗിക നിഗമനം.

രാഷ്ട്രീയ-സാമ്പത്തിക തത്വവിചാരങ്ങളുടെയും സാമാന്യജനതയുടെ സമുദ്ധാരണവുമാണ് ലക്ഷ്യമെന്ന് ഉദ്ഘോഷിക്കുമെങ്കിലും സംഘടിതനിക്ഷിപ്ത താല്പര്യങ്ങളുടെ വലയമോ, ചിലന്തിവലയോ ആണ് സംഘടനാസംവിധാനങ്ങളെ നിയന്ത്രിക്കുകയും ചലിപ്പിക്കുകയും

ചെയ്യുക.

പൊതുജീവിതമൂല്യാവബോധത്തിന്റെ അഭാവം തന്നെയാണ് യുവതലമുറയെ മൂല്യതിരാസത്തിന്റെ അരാജകത്വത്തിലേക്ക് നയിക്കുന്നത്. അത് വ്യക്തി-കുടുംബജീവിതത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും വടവൃക്ഷമായി വേരുകളാഴ്ത്തിയിരിക്കുന്നു. വടവൃക്ഷപരമ്പരയ്ക്ക് തൊട്ടടുത്ത എടുപ്പുകളെ മാത്രമല്ല ഇത്തിരി അകലെയുള്ള നിർമ്മിതികളെക്കൂടി ഉടച്ചുകളയാനാവും. ഈ ജൈവശാസ്ത്രസത്യം സാമൂഹ്യഘടനയിലുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് കൂടി ബന്ധപ്പെടുത്തി ചിന്തിക്കാവുന്നതാണ്.

പരിഭവവും പരാതിയും പറയാൻ എളുപ്പമാകുന്നു. ജീവിത മൂല്യാവബോധവും പൊതുസംശുദ്ധിയും നേരിന്റെ വഴിയേതെന്നറിയാനുള്ള തിരിച്ചറിവും പകർന്നുകൊടുക്കുക എന്നതാണ് കാലം ആവശ്യപ്പെടുന്നത്. ഗാന്ധിയൻ ദർശനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും, പഠനത്തോടൊപ്പം ഒരു കൈത്തൊഴിലെങ്കിലും പരിശീലിപ്പിക്കുകയും ജനജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും സമഗ്രമായ ആ തനത് സംസ്കൃതിയുടെ വെളിച്ചം പ്രസരിപ്പിക്കുകയും ചെയ്താൽ ആരോഗ്യപൂർണ്ണമായൊരു സമൂഹസൃഷ്ടിയുണ്ടാവുമെന്ന് പ്രതീക്ഷിക്കാം.

പ്രതീക്ഷകൾ സാധിതമാക്കാൻ സ്വപ്നങ്ങളോടൊപ്പം കൃതകൃത്യതയോടെയുള്ള പ്രവർത്തനങ്ങളാണ് ഇനിയും അനിവാര്യമായിരിക്കുക.

■ കവിത

## അടയാളം

**മുരളീധർ കൊല്ലത്ത്**


**9387475851**

അടിച്ചമർത്തപ്പെട്ടവന്റെ കണ്ണുകൾ
അടയാതെ നിന്നു
ജീവിച്ചപ്പോൾ ജ്വലിച്ച കണ്ണുകൾ
വെടിയേറ്റപ്പോഴും
ജ്വലിപ്പിച്ചു തന്നെ.

അടയാളപ്പെടുത്താൻ
അവനതു ധാരാളം.

■ വിജ്ഞാനച്ചെപ്പ്

# നാടിനെ അറിയാം, നാട്ടാരേം



# കൊല്ലം ജില്ല

**ഡോ. ഒ. സി. പ്രമോദ്**

**9446071421**




'**കൊ**ല്ലം കണ്ടവന് ഇല്ലം വേണ്ട, കൊച്ചി കണ്ടവന് അച്ചി വേണ്ട' എന്ന ഒരു ചൊല്ല് തിരുവിതാംകൂർ ദേശത്ത് പ്രബലമായിരുന്നു. സാമാന്യമായി നല്ല സാമ്പത്തിക സ്ഥിതിയിലുണ്ടായിരുന്ന കൊല്ലം ദേശത്ത് അനേകം തൊഴിലവസരങ്ങൾ നൂറ്റാണ്ടുകളായി ഉണ്ടായിരുന്നു. തൊഴിലെടുത്ത് കാശ് വാരുമ്പോൾ ചിലർക്കെങ്കിലും വീട്ടുകാരെന്ന ചിന്ത മറന്നുപോവാനുള്ള സാധ്യത ഉള്ളതിനാൽ രൂപപ്പെട്ട ഒരു പ്രയോഗമായി ഇതിനെ കണക്കാക്കിയാൽ മതിയാവും. ആയിരക്കണക്കിന് വ്യവസായ കേന്ദ്രങ്ങൾ ഈ ജില്ലയിൽ എമ്പാടും ഉണ്ടായിരുന്നു. അവയിൽ പ്രധാനപ്പെട്ടത് കശുവണ്ടി ഫാക്ടറികളായിരുന്നു. ജനങ്ങളുടെ പട്ടിണി മാറ്റിയതിൽ ഇത്തരം ഫാക്ടറികളുടെ പങ്ക് ചെറുതല്ലായിരുന്നു. തൊഴിലാളി സംഘടനകളുടെ പിടിവാശിമൂലം പല ഫാക്ടറികൾക്കും പിന്നീട് താഴ്‌വീണു എന്ന ദുഃഖസത്യം കൂടി പറയാതിരിക്കാൻ വയ്യ. പഴയതിന്റെ പത്തിലൊന്ന് കശുവണ്ടി ഫാക്ടറികൾ പോലും ഇന്ന് കൊല്ലം ജില്ലയിൽ ഇല്ലെങ്കിലും കേരളത്തിലെ ആകെയുള്ള 265 ഫാക്ടറികളിൽ 233 എണ്ണവും ഇന്ന് പ്രവർത്തിക്കുന്നത് ഈ ജില്ലയിലാണ്. ആയിരക്കണക്കിന് കുടുംബങ്ങൾ കഞ്ഞികുടിച്ചുപോകുന്നതും ബാക്കിയുള്ള ഇത്തരം ഫാക്ടറികളിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ടാണ്. മറ്റ് വ്യവസായ സംരംഭങ്ങളായ കുണ്ടറയിലെ അലുമിനിയം ഇൻഡസ്ട്രീസ് (അലിൻഡ്) സ്റ്റീൽ വയർ പ്ലാന്റ്, കേരള സെറാമിക്സ്, ഇലക്ട്രിക്കൽ ആന്റ് അലൈഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചവറയിലെ റെയർ എർത്സ്, കേരള പ്രിമോ പൈപ്പ് ഫാക്ടറി, പള്ളിമുക്കിലെ യുണൈറ്റഡ് ഇലക്ട്രിക് ഇൻഡസ്ട്രീസ്, പാർവ്വതി മിൽസ് തുടങ്ങിയവയൊക്കെയാണ്.

കൊല്ലം ജില്ലയുടെ വികസനക്കുതിപ്പിൽ ഇവയൊക്കെ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുണ്ട്. 1888ൽ സ്ഥാപിച്ച കേരളത്തിലെ ആദ്യത്തെ പേപ്പർമില്ല് പുനലൂരിലായിരുന്നു എന്ന കാര്യവും സ്മരണീയമാണ്. മര

ച്ചീനിയുടേയും റബ്ബറിന്റേയും ഉത്പാദനത്തിൽ ഈ ജില്ലയ്ക്ക് സംസ്ഥാനത്ത് രണ്ടാം സ്ഥാനം ഉണ്ട്. നെല്ല്, നാളികേരം, കുരുമുളക് തുടങ്ങിയവയും വൻ തോതിൽ കൃഷി ചെയ്യുന്നുണ്ട്. പ്രമുഖ മത്സ്യബന്ധന കേന്ദ്രമായ നീണ്ടകരയും ഈ ജില്ലയിലാണ്.

AD 849ലെ തരസ്സാപ്പള്ളി ചെമ്പ് ശാസനത്തിൽ കൊല്ലത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. പ്രാചീനകാലത്ത് ഈ പ്രദേശത്തെ 'കുരക്കേണി കൊല്ലം' എന്നായിരുന്നു പറഞ്ഞിരുന്നത്. (കോഴിക്കോട്, കൊയിലാണ്ടിക്കടുത്ത് മറ്റൊരു കൊല്ലം ഉണ്ട്. അതിനെ 'പന്തലായനി കൊല്ലം' എന്നാണ് വിളിച്ചിരുന്നത്. തിരുവിതാംകൂറിന്റെ ശാഖയായ ദേശിംഗ നാടിന്റെ തലസ്ഥാനമായിരുന്നു കൊല്ലം. മഹോദയപുരം ചേര ചക്രവർത്തി രാമവർമ്മ കുലശേഖരൻ കൊല്ലം ആസ്ഥാനമാക്കിയായിരുന്നു വേണാട് രാജ്യം സ്ഥാപിച്ചത്. പോർച്ചുഗീസുകാരുടേയും തുടർന്ന് ഡച്ചുകാരുടേയും കൈപ്പിടിയിൽ അമർന്ന ഈ രാജ്യം 17ാം നൂറ്റാണ്ടിൽ ഇംഗ്ലീഷുകാരുടെ നിയന്ത്രണത്തിലായി. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ കൊല്ലത്തെ ഉണ്ണി കേരളവർമ്മയെ പരാജയപ്പെടുത്തി കൊല്ലം പിടിച്ചടക്കി. തിരുവിതാംകൂർ രാജാക്കന്മാരുടെ വിവിധ ദളവാമാരായ മാർത്താണ്ഡ പിള്ളയുടേയും കേശവദാസന്റേയും വേലുത്തമ്പിയുടേയും ഭരണപരിഷ്ക്കാരങ്ങൾ ഈ രാജ്യത്തെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിച്ചു.

കേരളത്തിൽ ഔദ്യോഗിക കലണ്ടർ 'കൊല്ലവർഷക്കലണ്ടർ' ആണ്. (മലയാളവർഷം എന്നും പറയുന്നു.) AD 824ൽ കൊല്ലം പട്ടണത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെടുത്തിയാണ് ഈ കലണ്ടർ പ്രാബല്യത്തിൽ വന്നത്. ഇപ്പോഴത്തെ കൊല്ലവർഷത്തോടൊപ്പം 824 കൂട്ടിയാൽ ഇപ്പോഴത്തെ ഇംഗ്ലീഷ് വർഷം കിട്ടും. ഉദാ: ഇപ്പോഴത്തെ കൊല്ലവർഷം 1195 + 824 = 2019)

കൊട്ടാരക്കര ആസ്ഥാനമായ ഇളയെടുത്ത് സ്വരൂപം വേണാടിന്റെ ഇളയ തായ്‌വഴിയിലുള്ള രാജവംശം ആയിരുന്നു. ഇന്നത്തെ കൊട്ടാരക്കര, പത്തനാപുരം, നെടുമങ്ങാട്, തമിഴ്നാട്ടിലെ ചെങ്കോട്ട, കർക്കുടി, ക്ലാങ്ങാട്, വള്ളിയൂർ തുടങ്ങിയ ദേശങ്ങൾ ഇതിന്റെ അധീനതയിൽ ആയിരുന്നു.

1809 ജനുവരി 11ന് (മകരം 1, 984) തിരുവിതാംകൂർ ദളവ ആയിരുന്ന വേലുത്തമ്പി നടത്തിയ പ്രസിദ്ധമായ കുണ്ടറ വിളംബരം (കുണ്ടറ കൊല്ലം ജില്ലയിലാണ്) ബ്രിട്ടീഷുകാരോടുള്ള ഒരു വെല്ലുവിളി ആയിരുന്നു. തിരുവിതാംകൂറിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ട കേണൽ മെക്കാളെയോടുള്ള വെല്ലുവിളിയായിരുന്നു അത്.

ലോകത്തിലെ ഏറ്റവും വലിയ പക്ഷിശില്പം ചടയമംഗലത്തെ ജഡായുപാറയിലാണ്. രാമായണത്തിലെ ദുഷ്ടകഥാപാത്രമായ രാവണൻ ശ്രീരാമന്റെ പത്നിയായ സീതാദേവിയെ പുഷ്പക വിമാനത്തിൽ തട്ടിക്കൊണ്ട് പോയപ്പോൾ ജഡായു എന്ന പക്ഷി ശ്രേഷ്ഠൻ വിമാനത്തിന് വിലങ്ങുതടിയായി പറന്നടുത്തുവെന്നും രാവണൻ ക്ഷണനേരം കൊണ്ട് ജഡായുവിന്റെ രണ്ട് ചിറകുകളും അരിഞ്ഞുമാറ്റി എന്നും ഇതിഹാസകാവ്യത്തിൽ പറയുന്നു. ചിറകറ്റ ജഡായു വീണ പാറയാണ് ജഡായു പാറ എന്ന് വിശ്വാസികൾ കരുതുന്നു. ആ സംഭവത്തെ അനുസ്മരിച്ച് 'രാജീവ് അഞ്ചൽ' എന്ന സിനിമാ സംവിധായകൻ ഈ പാറയും പരിസര പ്രദേശങ്ങളും 30 വർഷത്തേക്ക് സർക്കാരിൽ നിന്ന് പാട്ടത്തിനെടുക്കുകയും 'ജഡായു എർത്ത് സെന്റർ' എന്ന പേരിൽ ഒരു ടൂറിസം പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തിരിക്കുന്നു. BOT അടിസ്ഥാനത്തിൽ ഉള്ള കേരളത്തിലെ ആദ്യത്തെ വൻകിട ടൂറിസം പദ്ധതിയാണിത്. 65 ഏക്കറോളം വരുന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 1000 അടി ഉയരത്തിൽ ആണ്. പക്ഷി ശില്പത്തിനുള്ളിൽ മ്യൂസിയം, മിനി തിയറ്റർ എന്നിവയും മറ്റ് സജ്ജീകരണങ്ങളും ഒരുക്കിയിരിക്കുന്നു. ഹെലികോപ്ടർ - ടാക്സി സർവ്വീസ്, കേബിൾ കാർ തുടങ്ങിയവ കൂടുതൽ ആളുകളെ ആകർഷിക്കുവാൻ ഉതകുന്നവയാണ്. ഷോപ്പിംഗ് സെന്റർ, കളിസ്ഥലം തുടങ്ങിയവയും സജ്ജമായിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ ആദ്യത്തെ എക്കോ-ടൂറിസം സെന്റർ (Eco Tourism Centre) തെന്മലയിലാണ്. പ്രകൃതിയെ അറിഞ്ഞുകൊണ്ട് ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു എന്നതാണ് ഇവിടുത്തെ പ്രത്യേകത. തെന്മല അണക്കെട്ടും പൂങ്കാവനവും ഒക്കെ സഞ്ചാരികളെ ആകർഷിക്കുന്നതാണ്. പാലരുവി വെള്ളച്ചാട്ടം തെന്മലയ്ക്ക് അധികം അകലെ അല്ലാത്ത മറ്റൊരു ആകർഷണമാണ്. കൊല്ലം ജില്ലയെ തമിഴ്നാടുമായി ബന്ധപ്പെടുത്തുന്ന ആര്യങ്കാവ് പാത വാണിജ്യ-വ്യവസായങ്ങൾക്ക് ഏറെ പ്രാധാന്യം ഉള്ള ദേശീയപാതയാണ്.

കേരളത്തിലെ ഒരേയൊരു ശുദ്ധജല തടാകം ശാസ്താംകോട്ട കായലാണ്. മറ്റൊരു കായലായ അഷ്ടമുടിക്കായലിന്റെ ശാഖയായ കാഞ്ഞിരകോട് കായലിലെ മത്സ്യത്തിന്റെ രുചിയെ വെല്ലാൻ മറ്റ് മത്സ്യങ്ങൾ ഇല്ലെന്നാണ് പൊതുവെ പറയാറുള്ളത്. കേരളം സാക്ഷ്യം വഹിച്ച ഇന്നേവരെയുള്ള ഏറ്റവും വലിയ തീവണ്ടി അപകടം നടന്നത് 1988ൽ നടന്ന പെരുമൺ ദുരന്തമാണ്. അഷ്ടമുടിക്കായലിന് കുറുകെയുള്ള പാലമാണ് പെരുമൺ പാലം. നൂറിൽ അധികം പേരുടെ ജീവനെടുത്ത ആ കായൽ ട്രയിനപകടത്തിന്റെ കാരണം യുക്തിസഹമായി വെളിപ്പെടുത്താതെ ഇന്നും ഇരുട്ടിൽ തപ്പുന്നു.

ചവറയിലെ കൊറ്റംകുളങ്ങര ദേവീ ക്ഷേത്രത്തിൽ മീനമാസത്തിൽ നടക്കുന്ന ചമയവിളക്ക് പ്രസിദ്ധമാണ്. സ്ത്രീവേഷം അണിഞ്ഞ പുരുഷന്മാരുടെ താലപ്പൊലിയും തുടർന്നുള്ള ആട്ടവും കണ്ടാൽ സാക്ഷാൽ സ്ത്രീകൾ പോലും ഇവരെ തിരിച്ചറിയില്ല. കേരളത്തിൽ ഉത്സവങ്ങളോടനുബന്ധിച്ച് ചിലയിടങ്ങളിൽ സ്ത്രീവേഷം ധരിച്ച ഒറ്റപ്പെട്ട പുരുഷ പ്രജകളെ കാണാമെങ്കിലും ഇത്രയും വലിയ ചടങ്ങുകൾ കൊറ്റംകുളങ്ങര ദേവീക്ഷേത്ര പരിസരത്ത്

മാത്രമേ കാണുവാൻ സാധിക്കുകയുള്ളു.

ഒരമ്പലത്തിന്റെ കെട്ടും മട്ടും ഇല്ലാത്ത ഓച്ചിറ പരബ്രഹ്മ ക്ഷേത്രം സ്ഥിതിചെയ്യുന്നതും ഈ ജില്ലയിലാണ്. ആൽത്തറയിലാണ് ദൈവം കുടികൊള്ളുന്നത് എന്നതാണ് വിശ്വാസം. ഉത്സവത്തോടനുബന്ധിച്ച് മിഥുനം ഒന്ന് രണ്ട് തിയതികളിൽ ഗ്രാമവാസികൾ ഭടന്മാരുടെ വേഷം ധരിച്ച് ക്ഷേത്ര പരിസരത്ത് പടവെട്ടി രക്തം ചീറ്റും. (ബുദ്ധമത ക്ഷേത്രം ഹൈന്ദവർ ആയുധബലത്താൽ കൈയ്യടക്കിയതാണെന്ന് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായം ഉണ്ട്).

മാതാ അമൃതാനന്ദമയി ദേവിയുടെ മഠം സ്ഥിതി ചെയ്യുന്നത് വള്ളി കാവിലാണ്. മഠത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ധാരാളം സ്ഥാപനങ്ങൾ പല സംസ്ഥാനങ്ങളിൽ കാണാവുന്നതാണ്. എറണാകുളം ഇടപ്പള്ളിയിലെ അമൃത ഹോസ്പിറ്റൽ അവയിൽ പ്രമുഖമായുള്ളതും നിലവിൽ കല്പിത സർവ്വകലാശാല (Deemed university) പദവി ഉള്ള സ്ഥാപനവും ആണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുക്കുവ സമുദായത്തിൽ ജനിച്ച് പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഒരു വ്യക്തി ഐക്യരാഷ്ട്രസഭയിലെ പൊതുസഭയിൽ പ്രസംഗിച്ചത് ഒരു സംഭവം ആയിരുന്നു, പ്രത്യേകിച്ച് ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ. പിന്നീടും പലതവണ UNO സംഘടിപ്പിച്ച പല സമ്മേളനങ്ങളിൽ സംബന്ധിക്കാൻ അവർക്ക് അവസരം ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും ചൂടുള്ള പ്രദേശം കൊല്ലം ജില്ലയിലെ പുനലൂരിലാണ്. ജില്ലാടിസ്ഥാനത്തിൽ എടുത്താൽ പാലക്കാട്ടുകാർ അത് മറ്റാർക്കും വിട്ടുകൊടുക്കാറില്ല ! പുനലൂർ - തെങ്കാശി റെയിൽപ്പാത കുറച്ചുകൊല്ലം മുമ്പ് വരെ മീറ്റർ ഗേജ് ആയിരുന്നു. അതിലൂടെയുള്ള യാത്ര സഞ്ചാരികൾക്ക് ഹരമായിരുന്നു. ഇന്നത് ബ്രോഡ് ഗേജാക്കിയെങ്കിലും കുണുങ്ങി കുണുങ്ങിയുള്ള ട്രയിൻ യാത്ര ആസ്വാദകം തന്നെയാണ്. 1877ൽ നിർമ്മിച്ച പുനലൂർ തൂക്കുപാലം വാഹനങ്ങൾ കടത്തിവിടുന്ന കേരളത്തിലെ തൂക്കുപാലങ്ങളിൽ ആദ്യത്തെതാണ്.

പ്രമുഖ സാമൂഹ്യപരിഷ്കർത്താവായ ചട്ടമ്പിസ്വാമികൾ ജനിച്ചത് തിരുവനന്തപുരം ജില്ലയിലാണെങ്കിലും സമാധി സ്ഥാനം കൊല്ലം ജില്ലയിലെ പന്മനയിലാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ മലയാളവിഭാഗം മേധാവിയായിരുന്നതും പന്മനക്കാരനും ആയ പ്രൊഫ. പന്മന രാമചന്ദ്രൻ നായർ രചിച്ച രണ്ട് മൂന്ന് ഗ്രന്ഥങ്ങൾ ഏതൊരു മലയാളിയും അവശ്യം വായിക്കേണ്ടതും അവരുടെ ഗ്രന്ഥ ശേഖരത്തിൽ ഉൾപ്പെടുത്തേണ്ടതും ആയ ഗ്രന്ഥങ്ങളാണ്. സരസമായ ഭാഷയിൽ എഴുതിയ ഈ ഗ്രന്ഥങ്ങൾ 'തെറ്റില്ലാത്ത മലയാളം', 'തെറ്റും ശരിയും', 'ശുദ്ധ മലയാളം' എന്നിവയാണ്.

സാഹിത്യകാരനും സാമൂഹ്യ പരിഷ്കർത്താവും പത്രപ്രവർത്തകനുമായ സി. വി. കുഞ്ഞുരാമൻ കൊല്ലത്തുകാരുടെ അരുമ പുത്രനാണ്. 1911-ൽ സി. വി. ആരംഭിച്ച കേരളകൗമുദി വാരികയാണ് ഇന്നത്തെ ദിനപ്പത്രമായി മാറിയത്. ശ്രീനാരായണ ശിഷ്യനായ ഇദ്ദേഹം ഈഴവർ ഹിന്ദുമതം വെടിഞ്ഞ് ക്രൈസ്തവ മതത്തിൽ ചേരുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു എന്ന് ആഹ്വാനം ചെയ്തത് ക്രൈസ്തവ മാധ്യമങ്ങൾ വൻ പ്രാധാന്യത്തോടെ ചർച്ച ചെയ്യുകയുണ്ടായി. സവർണ്ണ ഹിന്ദുക്കൾ കാര്യങ്ങളെ ഗൗരവമായി കാണുകയും പിന്നീട് പലവിധ വിട്ടുവീഴ്ചകൾക്കും തയ്യാറായതും സി. വി.യുടെ പ്രവർത്തന ഫലങ്ങൾ കൊണ്ടാണെന്നതിന് തർക്കമില്ല. കേരള കൗമുദി പത്രാധിപരായിരുന്ന കെ. സുകുമാരൻ ഇദ്ദേഹത്തിന്റെ മകനും സി. കേശവൻ സി.വി.യുടെ ജാമാതാവും ആണ്.

കേരളത്തിലെ പ്രമുഖ സമുദായങ്ങൾക്കെല്ലാം സ്കൂളുകളും കോളേജുകളും മറ്റും ഉണ്ടെങ്കിലും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കക്കാരെ മാറി മാറി വരുന്ന സർക്കാരുകൾ തഴയാറാണ് പതിവ്. കേരള പുലയ മഹാസഭയ്ക്ക് (KPMS) കേരളത്തിൽ ഉള്ള ഒരേയൊരു എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണ് പുനലൂരിനടുത്ത് സ്ഥിതി ചെയ്യുന്ന അയ്യങ്കാളി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് (AKMASC). കശുവണ്ടി വ്യവസായ പ്രമുഖനായ തങ്ങൾകുഞ്ഞ് മുസലിയാർ ദീർഘവീക്ഷണം ഉള്ള ഒരു വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയായിരുന്നു. സ്വകാര്യ മേഖലയിൽ കേരളത്തിൽ ആദ്യമായി ഒരു എഞ്ചിനിയറിംഗ് കോളേജ് സ്ഥാപിച്ചത് അദ്ദേഹത്തിന്റെ പ്രയത്ന ഫലം കൊണ്ടായിരുന്നു. TKM എഞ്ചിനിയറിംഗ് കോളേജ് എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനം കേരളത്തിലെ ഏറ്റവും നിലവാരം ഉള്ള ചുരുക്കം ചില സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നു.

കൊല്ലംകാർ തങ്ങളുടെ മറ്റ് ജില്ലകളിലെ അതിഥികളെ ക്ഷണിക്കുമ്പോൾ തീൻമേശയിൽ നിരത്താറുള്ളത് ഞണ്ട് കറിയും കക്ക തോരനും കൊഞ്ച് വിഭവങ്ങളും മറ്റുമാണ്. കാപ്പി സൽക്കാരമാണെങ്കിൽ കൊല്ലം സുപ്രീം ബേക്കറിയിലെ വിഭവങ്ങൾ തന്നെ നിരത്തി അതിഥികളെ രുചിയുടെ മായാലോകത്തേക്ക് നയിക്കും. കുറഞ്ഞപക്ഷം കൊല്ലം സുപ്രിം ലെ ഹൽവയേയും കുക്കീസിനേയും വെല്ലാൻ മലയാളക്കരയിൽ വേറൊന്നുമില്ല എന്ന് കൊല്ലംകാർ അടക്കം പറയുന്നു. 1984ൽ സ്ഥാപിതമായ സുപ്രീമിൽ സാധനങ്ങൾ വാങ്ങാൻ തിരക്കോട് തിരക്ക് തന്നെ. തിരക്കൊഴിവാക്കാൻ കൊല്ലത്ത് തന്നെ പല സ്ഥലങ്ങളിലും അവർ ഔട്ട്ലറ്റുകൾ തുറന്നിട്ടുണ്ട്.

'കഥാപ്രസംഗം' എന്ന സാഹിത്യശാഖ വളർത്തിക്കൊണ്ടുവന്നത് കൊല്ലംകാരനായ വി. സാംബശിവനാണ്. പട്ടിണിയിലും ദാരിദ്ര്യത്തിലും വളർന്നവന്നതുകൊണ്ടാവാം അദ്ദേഹത്തിന്റെ കഥയിലെല്ലാം പട്ടിണിയെപ്പറ്റിയും കമ്മ്യൂണിസത്തെപ്പറ്റിയും വാചാലനായിരിക്കുന്നത്. തിരുവിതാംകൂറിലെ ഏത് രാത്രികാല പ്രോഗ്രാമുകളിലും സാംബശിവന്റെ കഥാപ്രസംഗം ഒരു അവിഭാജ്യ ഘടകം ആയിരുന്നു ഒരുകാലത്ത്.

ശ്രീലങ്കയിൽ വംശീയപ്ര

ശ്നം രൂക്ഷം ആയപ്പോൾ രക്ഷപ്പെട്ട് എത്തിയവരെ സംരക്ഷിക്കാൻ നമ്മുടെ സർക്കാർ പല പദ്ധതികളും കൊണ്ടുവന്നിട്ടുണ്ട്. അത്തരം ഒരു പദ്ധതിയാണ് Rehabilitation Plantation Limited എന്ന കുളത്തുപ്പുഴയിലെ സ്ഥാപനം. റബ്ബർ ടാപ്പിംഗ് പരിശീലിപ്പിച്ച് അവരെ അവിടെ കുടിയിരുത്തുകയാണ് ഉണ്ടായത്.

കേരളത്തിലെ മൂന്നാമത്തെ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറിന്റെ ജന്മസ്ഥലം കൊട്ടാരക്കരയ്ക്ക് അടുത്തുള്ള പുത്തൂരിലാണ്. കഥകളിയുടെ പ്രാചീന രൂപമായ രാമനാട്ടം എന്ന കലാരൂപം ജന്മം കൊണ്ടതും കൊട്ടാരക്കര ആണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. ദീർഘകാലം കെ. എസ്. ആർ. ടി. സി.യുടെ വകുപ്പ് മന്ത്രിയായി തിളങ്ങിനിന്നത് കേരള കോൺഗ്രസ്സിലെ ആർ. ബാലകൃഷ്ണപിള്ളയാണ്. പിള്ളയുടെ തട്ടകം കൊട്ടാരക്കരയാണ്. അദ്ദേഹത്തിന്റെ മകനും സിനിമാതാരവുമായ ഗണേശനും മന്ത്രി സ്ഥാനത്തിരുന്നിട്ടുണ്ട്. ഇവരുടെ ഉറ്റബന്ധുവിന് 'ശരണ്യ' എന്ന പേരിൽ ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സ് കമ്പനി ഉണ്ട്. നൂറിൽപ്പരം ബസ്സുകൾ പഴയ തിരുവിതാംകൂർ ദേശത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിച്ച് നല്ല രീതിയിൽ സർവ്വീസ് നടത്തുന്നുണ്ട്. ഉറ്റബന്ധു ഇവരുടെ ബിനാമി ആണെന്നും കെ. എസ്. ആർ. ടി. സി.ക്ക് ഷാസികൾ വാങ്ങിക്കൂട്ടിയപ്പോൾ കമ്മീഷനായി കിട്ടിയതാണ് പ്രസ്തുത കമ്പനിയുടെ ബസ്സുകളെന്നും ചില കണ്ണുകടിയന്മാർ അടക്കം പറയുന്നുണ്ട്. എന്നാൽ രാഷ്ട്രീയക്കാരനായ പിള്ള ഇത് പാടെ നിഷേധിച്ചിട്ടുണ്ട്.

ഫിലിം ആക്ഷൻ ഹീറോ ജയൻ എന്ന കൃഷ്ണൻ നായർ ജനിച്ചത് കൊല്ലത്താണ്. 'കോളിളം' എന്ന സിനിമാ ചിത്രീകരണത്തിനിടക്ക് അദ്ദേഹത്തിന് അകാലമൃത്യു വരിക്കേണ്ടിവന്നു. സിനിമാ സംവിധായകനായ ഷാജി. എൻ. കരുൺ, സിനിമാ താരങ്ങളായ ബാലചന്ദ്രമേനോൻ (സിനിമയുടെ എല്ലാ രംഗത്തും അദ്ദേഹം കൈവച്ചിട്ടുണ്ട് !) മുരളി, സുരേഷ് ഗോപി, സായ്കുമാർ, മുകേഷ്, ഉർവ്വശി, കലാരഞ്ജിനി, കൽപ്പന തുടങ്ങിയവരും സാഹിത്യ കുതുകികളായ ലളിതാംബിക അന്തർജ്ജനം, കുരീപ്പുഴ ശ്രീകുമാർ എന്നിവരും ഈ നാട്ടുകാരാണ്. ഭാഷാ പണ്ഡിതനും ചരിത്രകാരനുമായ പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള, മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി എം. എ. ബേബി, ക്രിക്കറ്റ് താരം ടിനു യോഹന്നാൻ, ഹോളിവുഡ് രംഗത്ത് ഇന്ത്യൻ മ്യൂസിക്കിന് സ്ഥാനം കൊടുത്ത റസൂൽ പൂക്കുട്ടി, പ്രശസ്ത മാധ്യമ പ്രവർത്തക സുപ്രിയ മേനോൻ തുടങ്ങിയവരും തങ്ങളുടേതായ വിലപ്പെട്ട സംഭാവനകൾ നമ്മുടെ രാജ്യത്തിന് അർപ്പിച്ചിട്ടുള്ളവരാണ്.

ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ തലവനായി മാറിയ ബസോലിയോസ് മാർത്തോമാ മാത്യൂസ് രണ്ടാമൻ എന്ന കത്തോലിക്ക ബാവ ജനിച്ചതും വളർന്നതും കൊല്ലം ജില്ലയിലെ പെരുനാട് എന്ന സ്ഥലത്താണ്. സ്വപരിശ്രമ ഫലമായി ഇദ്ദേഹം കേരളത്തിൽ പല സ്ഥലത്തും നിരവധി സ്കൂളുകളും കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആശുപത്രികളും സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത് ശാസ്താംകോട്ടയിലാണ്. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുനാൾ എല്ലാ വർഷവും ജനുവരി മാസം നടത്തപ്പെടുന്നു. അദ്ദേഹം മുൻകൈയ്യെടുത്ത് സ്ഥാപിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരും നാട്ടുകാരും കത്തോലിക്ക ബാവയെ ദൈവതുല്യനായാണ് കാണുന്നത്. ഓർത്തഡോക്സ് സഭ വൻ പ്രാധാന്യത്തോടുകൂടിയാണ് ഓർമ്മപ്പെരുന്നാൾ നടത്തുന്നത്. സഭയുടെ ഒരു പൈസ പോലും അനാവശ്യ കാര്യങ്ങൾക്കോ സ്വന്തം കാര്യങ്ങൾക്കോ വേണ്ടി ഉപയോഗിക്കാതെ ഈ നാടിനേയും നാട്ടുകാരേയും പരിപോഷിപ്പിച്ച് ജീവിതത്തിൽ എന്നും പിശുക്കനായി ജീവിച്ച് കാലയവനികകൾക്കുള്ളിൽ മറഞ്ഞ ആ മഹാത്മാവിന് നിത്യശാന്തി നേരാൻ ജനലക്ഷങ്ങളാണ് ഓരോ വർഷവും ശാസ്താംകോട്ടയിലെ അദ്ദേഹത്തിന്റെ ദയറയിൽ എത്തിച്ചേരുന്നത്.

കേരളത്തിലെ വിവിധ ജില്ലകളിൽ വസിക്കുന്ന തൊഴിൽരഹിതർക്ക്, കഴിഞ്ഞ 25 വർഷക്കാലത്തിലധികകാലം വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഇന്ത്യയിലെ വിവിധ ബാങ്കുകളിൽ, വിവിധ തസ്തികകളിൽ ഉദ്യോഗം നേടാൻ സഹായിച്ചത് കൊല്ലത്തെ ചില കോച്ചിംഗ് സ്ഥാപനങ്ങളാണ്. റെയിൽവേ, പി. എസ്. സി., യു.പി.എസ്.സി. തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ ഇവരുടെ ശ്രമഫലമായി ലക്ഷക്കണക്കിനാളുകൾ ഇതിനോടകം ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈയ്യൊരവസരത്തിൽ കൊല്ലത്തെ എല്ലാ പ്രമുഖ കോച്ചിംഗ് സ്ഥാപനങ്ങളോടും, വിശിഷ്യാ അവിടുത്തെ അദ്ധ്യാപകവൃന്ദത്തോട് കേരളത്തിലെ ഓരോ കുടുംബത്തിന്റേയും പേരിൽ നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. ●

■ കവിത


**തുളസി കേരളശ്ശേരി**
**8078033426**



## സെൽ പറഞ്ഞത്...

ജലാശയത്തിലെത്തിയപ്പോൾ
ഞാനെന്റെ
ഇന്നലെകളെ
ഓർക്കുകയായിരുന്നു...
കൊച്ചുചെപ്പിലെ വിദ്യകൊണ്ട്
രാവ് പകലായ് മാറ്റിയ
മാന്ത്രികൻ....!
നദിയിലൊഴുകിയലയുമ്പോൾ,
ഞാനെന്റെ
ഭാവിയും ഒട്ടോർത്തുപോയ്..
കോശഘടന മാറ്റിയെഴുതും
മരണവിത്തെറിയുന്ന
ഘാതകൻ....!!

## ഗുരുവേ....

നിറമാർന്ന ബാല്യത്തിൻ
ചില്ലകളിലെപ്പൊഴോ
തളിരിട്ടുണർന്ന,
സ്നേഹസൂനങ്ങളിലൊന്നിൽ നിന്ന്,
ഒഴുകിപ്പരന്നോരനുഗ്രഹപ്പൂമണം
അവിടുത്തേതായിരുന്നെന്ന-
റിഞ്ഞീടുക...!

## ഉത്തരമില്ലാച്ചിലയ്ക്കൽ



രാജീവ് മാമ്പുള്ളി
9961070707

ഉലയുമ്പോളറിയാതെ
ഊക്കോടെ ചിലച്ച്
ഉന്നത സത്യത്തെ
ഉറപ്പിക്കുംനിമിത്തമായ്

ഉദര നിമിത്തം
ഉരഗജീവിയായി
ഉത്തരം താങ്ങിയായി
ഉറച്ചസഞ്ചാരിയായി

ഉയിരൊപ്പം
ഉടലൊപ്പം
ഊന്നായി
ഉറപ്പായിനിന്നയെന്നെ,
ഉലഞ്ഞു ചകിതമാമൊരു
ഉൾതോന്നലിൽ
ഉയിർ പെടപ്പിച്ച്
ഉടൽ മുറിച്ച്,
ഉപേക്ഷിച്ചു, കാഴ്ചപ്പണ്ടമാക്കി !


ഉടലറ്റവാൽ,
ഉടലോർക്കുമോ,
ഉയിരോർക്കുമോ?

ഉരുകും സാക്ഷിയായി
ഉയിരാർന്ന
ഉടലോർമ്മകളിൽ ചിലച്ചുചലിച്ച്
ഊനമോടെ,
ഉന്നമറ്റ് ഞാനിന്നും.....

### അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

എഡിറ്റർ



# എന്റെ പഴനി യാത്ര



മനോഹരി സി. ബി.
9400681668

**പ**ഴനി ശ്രീ സുബ്രഹ്മണ്യ സ്വാമീ ക്ഷേത്രം തമിഴ്നാട് സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ദിനംപ്രതി ആയിരക്കണക്കിന് മലയാളികളും മറ്റുനാട്ടുകാരും അവിടെ ദർശനത്തിനായി എത്തുന്നു. ആദ്യകാലങ്ങളിൽ കുറച്ചുദിവസം വ്രതം എടുത്തശേഷം പൂജകളും പ്രാർത്ഥനകളുമെല്ലാം നടത്തിയശേഷമാണ് ഭക്തർ പഴനിക്ക് പോയിരുന്നത്. എന്നാൽ ഇപ്പോൾ അത്തരം ചിട്ടകളൊന്നും കാണുന്നില്ല.

പാലക്കാട്ടുനിന്നും പൊള്ളാച്ചി വഴി പോകുമ്പോൾ ഏകദേശം കേരള അതിർത്തിയായ കൊഴിഞ്ഞാമ്പാറ ആകുമ്പോൾ തന്നെ ചുമരെഴുത്തുകളും ബോർഡുകളുമെല്ലാം തമിഴിലേക്ക് മാറുന്നതായി കാണാം. എഴുത്തുകൾ മാത്രമല്ല സംസ്കാരം തന്നെ ഒരു തമിഴ് രീതിയിലേക്ക് ചേർന്നുവരും. ആൾത്താമസം വളരെ കുറഞ്ഞ സ്ഥലങ്ങളാണെങ്കിലും ഇടക്കിടെ ചെറിയ കോവിലുകൾ കാണാം. ഇവയുടെ തൂണുകളിലും മുകൾ വശങ്ങളിലും ദൈവങ്ങളുടെ പ്രതിമകൾ സ്ഥാപിച്ച് പല നിറത്തിലുള്ള ചായങ്ങൾ പൂശി ക്ഷേത്രം ആകർഷകമാക്കിയിരിക്കും. ധാരാളമായി കാണുന്ന ഒഴിഞ്ഞ സ്ഥലങ്ങളിൽ ഇടക്കിടെ വലിയ ഫാക്ടറികൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ കാണാം. ജലക്ഷാമമുള്ള സംസ്ഥാനമാണെങ്കിലും കൃഷിക്കായി അവർ കേരളത്തേക്കാൾ കൂടുതൽ ജലം ഉപയോഗപ്പെടുത്തുന്നുണ്ട്. റോഡിന്റെ ഇരുവശത്തുമായി നിറയെ കായ്ച്ചുനിൽക്കുന്ന തെങ്ങിൻ തോപ്പുകൾ പലയിടത്തായി ആവർത്തിച്ച് കാണാൻ കഴിയും. യഥാർത്ഥത്തിൽ തെങ്ങിന്റെ നാട് കേരളമല്ല മറിച്ച് തമിഴ്നാടാണെന്നുപോലും തിരുത്തി പറയേണ്ടിവരും.

വണ്ടി കുറേദൂരം പോയപ്പോൾ ദൂരെ വലിയ പനപോലെ ഉയരത്തിൽ ഒരു കാറ്റാടിയന്ത്രം കാണപ്പെട്ടു. ഞങ്ങൾ ആകാംക്ഷയോടെ അതിലേക്കു നോക്കി. എന്നാൽ കുറച്ചുകൂടി ചെന്നപ്പോഴേക്കും ഇവയുടെ എണ്ണം കൂടിക്കൂടി എണ്ണാൻ പോലും പറ്റാതായി. ദൂരെനിന്നും നോക്കിയപ്പോൾ ഒരു കരിമ്പനയുടെ വലിപ്പം തോന്നിയ ആ തൂണുകൾ, അടുത്തുചെന്നപ്പോഴാണ് അതിന്റെ അടിവശം ഏകദേശം ഒരുകിണറിനോളം വട്ടം കാണും എന്നുമനസ്സിലായത്. അതുപോലെ ചെറിയ വടികൾ പോലെ തോന്നിയ അതിന്റെ 'ലീഫുകൾ' അടുത്തുചെന്നപ്പോൾ ഓരോ ഹെലികോപ്റ്ററുകൾ കയറ്റിവെച്ചതുപോലുണ്ടായിരുന്നു. ടൺ കണക്കിനാണ് ഇവയിൽ ഓരോന്നിന്റേയും ഭാരം. ഇത്തരത്തിലുള്ള മൂന്നു ലീഫുകളാണ് ഓരോ കാറ്റാടി മരത്തിനും ഉള്ളത്. കാറ്റിന്റെ ശക്തിക്കനുസരിച്ച് ഇവ കറങ്ങിക്കൊണ്ടേയിരിക്കുന്നു. ഒഴിഞ്ഞ പ്രദേശങ്ങൾ ധാരാളം ഉള്ളതിനാൽ കാറ്റിന്റെ ലഭ്യതയും വളരെ കൂടുതലാണ്. നിർലോഭം വീശിയടിക്കുന്ന കാറ്റിനെ ഉപ

യോഗപ്പെടുത്തി മെഗാവാട്ട് കണക്കിന് വൈദ്യുതിയാണ് ഈ ഭീമാകാരന്മാർ തമിഴ്നാടിനുവേണ്ടി സമ്പാദിച്ചുകൊടുക്കുന്നത്. ജലസ്രോതസ്സുകൾ വളരെ കുറവായ സംസ്ഥാനത്തിന് ഇത് വലിയ ഒരനുഗ്രഹം തന്നെയാണ്.

നമ്മുടെ നിത്യോപയോഗങ്ങൾക്കാവശ്യമായ ഏകദേശം എല്ലാതരം കൃഷികളും തമിഴ്നാട്ടിലാണ് നടക്കുന്നതെന്നറിയാമെങ്കിലും കച്ചവടാടിസ്ഥാനത്തിൽ സൂര്യകാന്തിപ്പൂ കൃഷി ആദ്യമായാണ് കാണാൻ കഴിഞ്ഞത്. ഏക്കറുകളോളം വരുന്ന സ്ഥലത്ത് സൂര്യകാന്തിപ്പൂ നിറഞ്ഞുനിൽക്കുന്നു. പൂവിന്റെ വലിപ്പം കാരണം ചെടിയുടെ മറ്റു ഭാഗങ്ങൾ കാണുന്നുണ്ടായിരുന്നില്ല. വളരെ ആനന്ദകരമായിരുന്നു ആ കാഴ്ച. ഞങ്ങൾ വണ്ടിനിർത്തി അല്പനേരം ആ കാഴ്ച ആസ്വദിച്ചു.

വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ ചെറിയ ചാറ്റൽ മഴ ഉണ്ടായിരുന്നെങ്കിലും പൊള്ളാച്ചി കഴിഞ്ഞപ്പോഴേ നല്ല ചൂടുള്ള കാലാവസ്ഥയായിരുന്നു. നേരിയ തലവേദന തോന്നിയതുമൂലം ഒരു ചായ കുടിക്കാനായി വണ്ടി ഒരു ചെറിയ കടയുടെ മുന്നിൽ നിർത്തി. കുപ്പികളിൽ നിറച്ച മിഠായികളും ബീഡി, സിഗരറ്റ് തുടങ്ങിയവയും വില്ക്കാൻ വെച്ചിരുന്ന ആ കടയുടെ ഒരു വശത്തേക്ക് തുറന്ന ഭാഗത്ത് ഒരു മേശയും അതിനു മുന്നിലായി മുറ്റത്ത് രണ്ടുപ്ലാസ്റ്റിക്ക് കസേരകളും കിടന്നിരുന്നു. ഞങ്ങൾ അതിലിരുന്നു; രണ്ടു ചായ ഓർഡർ ചെയ്തു. മേശക്കരികിൽ ആറോ ഏഴോ വയസ്സുള്ള ഒരു പെൺകുട്ടി നിന്നിരുന്നു. കുട്ടി ഉടനെ മേശപ്പുറത്തു വെച്ചിട്ടുള്ള ഇൻഡക്ഷൻ സ്റ്റൗവിൽ ഒരു പാത്രം എടുത്തുവച്ച് ഓൺ ചെയ്തു. ശേഷം പാത്രത്തിൽ രണ്ടു ചെറിയ ഗ്ലാസ് വെള്ളം ഒഴിച്ചു. മൂടിവെച്ച ഒരു പാത്രത്തിൽ നിന്നും രണ്ടു തവി പാൽ, രണ്ടു ചെറിയ സ്പൂൺ ചായപ്പൊടി എന്നിവയും ആ പാത്രത്തിലേക്കിട്ടു. അതിനുശേഷം ഒരു കസേരയിൽ മുട്ടുകുത്തിനിന്നു കൊണ്ട് ആ പാത്രത്തിലേക്കും നോക്കി നില്പായി. പാത്രം ചൂടില്ലാത്തതുകൊണ്ട് കുട്ടി ഇടക്കിടെ അതുപിടിച്ച് ഇളക്കുകയും തിരിക്കുകയും ചെയ്തിരുന്നു. കൂടാതെ ഇൻഡക്ഷൻ സ്റ്റൗവിന്റെ സ്വിച്ചുകളിൽ മാറി മാറി അമർത്തിക്കൊണ്ടിരുന്നു. ചായ തിളച്ചതും കൂട്ടി അമ്മയെ വിളിച്ചു. അമ്മ ചായയിൽ പഞ്ചസാര ചേർത്ത് ആറ്റി ഞങ്ങൾക്കുതന്നു. കുട്ടി വീണ്ടും പാത്രമെടുത്ത് സ്റ്റൗവിൽവെച്ച് റോഡിലേക്ക് നോക്കി കസേരയിൽ ഇരിപ്പായി. ഒരു ചെറിയ കുട്ടിയായിരുന്നിട്ടും അതിന്റെ കാര്യപ്രാപ്തി കണ്ടാൽ അത്ഭുതം തോന്നും.

സ്ഥലം പഴനി എത്തുന്നതിനു വളരെ മുമ്പുതന്നെ പഴനിമല കുറേശ്ശെ കാണാൻ തുടങ്ങി. എല്ലാവരും "അതാ പഴനി എത്തി" എന്ന് ഉത്സാഹത്തോടെ പറഞ്ഞു. എന്നാൽ അവിടെ എത്താൻ വീണ്ടും കുറേ ദൂരം യാത്ര ചെയ്യേണ്ടിവന്നു. മലയുടെ അടിവാരത്തേക്ക് എത്തുന്നതിനുമുമ്പേ ഒരാൾ വണ്ടിക്കുമുമ്പിൽ വന്നു കൈനീട്ടി വണ്ടി തടഞ്ഞു. ഇവിടെനിന്ന് മുമ്പോട്ട് വണ്ടി കടന്നുപോകാൻ പാടില്ല എന്നുപറഞ്ഞു. പിന്നെ എങ്ങോട്ടാണ് പോകേണ്ടതെന്നു ചോദിച്ചപ്പോൾ "തല മൊട്ടയടിക്കുന്നുണ്ടോ ?" എന്നയാൾ തിരിച്ചു ചോദിച്ചു. ഉടനെത്തന്നെ "വേണം" എന്ന് എന്റെ മകൻ മറുപടി പറഞ്ഞു. ഇത് തികച്ചും അപ്രതീക്ഷിതമായിരുന്നു. തൊട്ടടുത്തുള്ള ഒരു ചെറിയ മുറി ചൂണ്ടിക്കാട്ടി അവിടെ കയറിക്കൊള്ളാൻ അയാൾ ഞങ്ങളോട് പറഞ്ഞു. ആ മനുഷ്യൻ ഇതിനിടെ പെട്ടെന്ന് വണ്ടിയിൽ കയറിപ്പറ്റി, പാർക്കിംഗ് സ്ഥലത്തേക്ക് പോകാൻ തയ്യാറായി. എന്നാൽ ഞങ്ങൾ എല്ലാവരും വണ്ടിയിൽ നിന്നിറങ്ങി ആ ചെറിയ മുറിയിലേക്ക് ചെന്നു. അവിടെ ഉണ്ടായിരുന്നയാൾ എത്ര പേർക്ക് മൊട്ടയടിക്കണം എന്നു ചോദിച്ചു. ഒരാൾക്ക് എന്ന് കേട്ടതും അയാൾ പലവിധ വഴിപാടുകൾക്കുള്ള ഒരു നീണ്ട ലിസ്റ്റെഴുതി അതിനു മൊത്തമായി പൈസ കണക്കാക്കി പറഞ്ഞു. മൊട്ടയടിക്കുന്നെങ്കിൽ ഇത്രയും സാധനങ്ങൾ വാങ്ങി വഴിപാടു കഴിക്കേണ്ടതാണെന്ന് അയാൾ പറഞ്ഞു. അതിനെപ്പറ്റി കൂടുതലായി അറിവില്ലാത്തതിനാൽ അയാൾ പറഞ്ഞത് അനുസരിക്കേണ്ടിവന്നു. ആദ്യത്തെയാൾ പാർക്കിംഗ് സ്ഥലം കാണിച്ചുതന്നു. തിരിച്ചുവന്നപ്പോൾ വഴികാട്ടിയായി വയസ്സായ ഒരു സ്ത്രീയെ അഭിഷേകത്തിനുള്ള ഒരു പാത്രം പാലുമായി ഞങ്ങളുടെ കൂടെ വിട്ടു. അവർ ഞങ്ങളെ മുടി മുറിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ കുറേ ആളുകൾ ഇതിനായി നിരന്ന് ഇരുന്നിരുന്നു. ഞങ്ങൾ അതിലൊരാളെ സമീപിച്ചു. അയാൾ രണ്ടു മിനിറ്റുകൊണ്ട് മകന്റെ മുടി മുഴുവനായി എടുത്തു. ഇതിനുള്ള ഫീസെല്ലാം നേരത്തേ അടച്ചിരുന്നെങ്കിലും മുടിവെട്ടുകാരൻ തന്റെ ഫീസ് ഞങ്ങളോടാവശ്യപ്പെട്ടു. ശേഷം കുളിക്കാനുള്ള ഫീസെന്നും പറഞ്ഞ് ഒരു സംഖ്യ കൈപ്പറ്റിയ ഒരു വൃദ്ധൻ മകനെ കൂട്ടിക്കൊണ്ടുപോയി. അവിടെ വെള്ളം വരുന്ന ഒരു പൈപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളു. കുളിമുറി വേണമെങ്കിൽ റൂമെടുക്കണം എന്നായി വൃദ്ധൻ. മകൻ അവിടെത്തന്നെ നിന്ന് ഒരുവിധം കുളിച്ചു. സ്ത്രീ പിന്നീട് അടുത്തുതന്നെയുള്ള ഒരു കോവിലിൽ ഞങ്ങളെ കൊണ്ടുപോവുകയും പാത്രത്തിലുള്ള പാൽ അവിടെ അഭിഷേകത്തിന് കൊടുക്കുകയും ചെയ്തു. പൂജാരി ഉച്ചത്തിൽ രണ്ടു മന്ത്രം ചൊല്ലി പാൽ ബിംബത്തിലേക്ക് ഒഴിച്ചു. അയാൾ ഉടനെ പുറത്തേക്ക് വന്ന് 100 രൂപ ആവശ്യപ്പെട്ടു. വൃദ്ധ പറഞ്ഞു, "നിങ്ങള് പൈസ അടച്ചതുതന്നെ, പക്ഷേ ഇത് പൂജാരിക്കുള്ള ഫീസ്." ഞങ്ങൾ പിന്നെ തർക്കിച്ചില്ല. അതിനുശേഷം വൃദ്ധ വിട പറയാനൊരുങ്ങി. അപ്പോൾ ഞങ്ങൾ മല മുകളിലേക്ക് കയറാൻ ഒരുങ്ങുകയായിരുന്നു. പോകാൻ നേരം വൃദ്ധ ദക്ഷിണ ആവശ്യപ്പെട്ടു. അവരെ ഒഴിവാക്കിയപ്പോൾ ഒരു സമാധാനമായി. അപ്പോഴേക്കും ഒരാൾ കളഭം കലക്കിയതുമായി വന്ന് മകന്റെ തല നിറയെ തേച്ചുപിടിപ്പിച്ചു. തന്റെ അവകാശം പോലെയാണയാൾ ചെയ്യുന്നത്. ഉടനെത്തന്നെ അതിനുള്ള ഫീസും ഈടാക്കി.

യഥാർത്ഥത്തിൽ ആദ്യമായി വണ്ടിക്കുമുന്നിൽ വന്നു കൈകാട്ടി നിർത്തിയത് മുതൽ ഇത്രയും വരെയുള്ളത് ഒരു 'ടീം വർക്ക്' ആ

യിരുന്നു എന്ന് അപ്പോഴാണ് മനസ്സിലായത്. യഥാർത്ഥ പാർക്കിംഗ് സ്ഥലത്ത് എത്തുന്നതിനുമുമ്പായി വലയിൽ വീഴ്ത്താനാണ് ആ മനുഷ്യൻ വഴിയിൽ നിന്നും ധൃതി പിടിച്ച് ഞങ്ങളെ തടഞ്ഞ് അവരുടെ മാർഗ്ഗത്തിലൂടെ തിരിച്ചുവിട്ടത്. ദൂരെനിന്നും വരുന്ന ആളുകൾക്ക് ഇവിടുത്തെ വഴിപാട് തുടങ്ങി കാര്യങ്ങളെക്കുറിച്ച് ധാരണ ഉണ്ടായിരിക്കില്ലല്ലോ. ആ അറിവില്ലായ്മയിലേക്ക് കടന്നുകയറി മുതലെടുക്കുകയാണ് ഇത്തരം മാന്യവ്യക്തികൾ ചെയ്യുന്നത്. ഭക്തരെ കെണിയിൽ വീഴ്ത്താനായി ഇത്തരം ഏജന്റുമാർ പഴനിയിൽ ധാരാളമുണ്ട്.

ഞങ്ങൾ മല കയറാൻ തുടങ്ങുമ്പോഴേക്കും വെയിൽ അല്പം കുറഞ്ഞിരുന്നു. എങ്കിലും റോഡിലെ ചൂടുകൊണ്ട് കാൽ പൊള്ളുന്നുണ്ടായിരുന്നു. അടിവാരത്തുകൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ കമ്മൽ, മാല തുടങ്ങി ഓരോ വസ്തുക്കൾ വില്ക്കുന്നവർ ഞങ്ങളെ സമീപിച്ചുകൊണ്ടേയിരുന്നു. ഇതിനിടെ മെലിഞ്ഞ ഒരു സ്ത്രീ അടുത്തുവന്നു. അവരുടെ കൈയിലെ പാത്രത്തിൽ നിന്നും ചെറിയ ശൂലം പോലുള്ള രണ്ടു വസ്തുക്കൾ എനിക്കുനീട്ടി. ഞാൻ വേണ്ട എന്ന പറഞ്ഞെങ്കിലും അവർ നിർബന്ധിച്ചു. മൊട്ടയടിച്ച് മല കയറുന്നവർ ക്ഷേത്രത്തിൽ ഇത് അർപ്പിക്കണം എന്നുപറഞ്ഞു. ഞാൻ നടന്നുകൊണ്ടേയിരുന്നു. സ്ത്രീ എന്റെ മുന്നിൽ വന്ന് നിന്നുകൊണ്ട് പറഞ്ഞു, ഇത് പൈസക്കുള്ളതല്ല, നിർബന്ധമായും നടയ്ക്കുവെക്കേണ്ടതാണ്. ഇത്രയും കേട്ടപ്പോൾ എനിക്ക് സംശയമായി. അഥവാ മുകളിൽ ചെന്നശേഷം ഇതിനായി താഴെ ഇറങ്ങേണ്ടിവന്നാലോ. എന്തുമാകട്ടെ എന്നുകരുതി ഞാനതുവാങ്ങി. സ്ത്രീ ഉടനെ തന്റെ കൈയിലെ പാത്രം നീട്ടി "ദക്ഷിണ താ അമ്മാ" എന്നുപറഞ്ഞു. ഞാൻ ചോദിച്ചു "നിങ്ങളല്ലേ ഇത് പൈസക്കല്ലെന്ന് പറഞ്ഞത് ?" "ഇതിന് പൈസ വേണ്ടമ്മാ, എന്നാൽ ദക്ഷിണ താങ്കോ" എന്നുപറഞ്ഞ് അവർ മാറിയില്ല. ഞാൻ എനിക്കിത് വേണ്ടെന്ന് പറഞ്ഞെങ്കിലും അവർ തിരിച്ചുവാങ്ങാൻ തയ്യാറായില്ല. ഇതെല്ലാം കേട്ടുകൊണ്ട് എനിക്ക് മുന്നിൽ നടന്നിരുന്ന എന്റെ മൂത്ത മകൻ പിന്നോട്ട് തിരിഞ്ഞുനിന്നു. അവൻ പെട്ടെന്ന് എന്റെ കൈയിൽ നിന്നും ആ സാധനങ്ങൾ വാങ്ങി സ്ത്രീയുടെ പാത്രത്തിലേക്കിട്ടു. ശേഷം എന്റെ കൈയിൽ പിടിച്ച് വേഗത്തിൽ മുന്നോട്ടുനടന്നു.

അടിവാരത്തുചെന്നപ്പോൾ എളുപ്പത്തിൽ മല കയറാനുള്ള കൊച്ചു ട്രെയിൻ ഞാൻ തിരഞ്ഞു. എന്നാൽ കൂടെയുള്ളവർ നടന്നുകയറാൻ താല്പര്യമെടുത്തു. സ്റ്റെപ്പുകൾ കയറി കുറച്ചുദൂരം ചെന്നപ്പോഴേക്കും കാലുകൾ പ്രതിഷേധിക്കാൻ തുടങ്ങി. ഞങ്ങൾ ഇടക്കിടെ ഇരുന്നും പടികളുടെ വശങ്ങളിലുള്ള കടകളിലെ വസ്തുക്കളുടെ ഭംഗി നോക്കിയും ഒരുവിധം മുകളിലെത്തി. ഏകദേശം മുകളിലെത്തി ക്ഷേത്രഗോപുരം കാണാൻ തുടങ്ങിയപ്പോഴേക്കും വലിയ ആശ്വാസവും സന്തോഷവും തോന്നി. "ഹരഹരോ" എന്ന് ആർത്തുവിളിക്കാൻ തോന്നും ആ സമയം.

മുകളിൽ ചെന്നാൽ വിസ്തൃതമായ കോൺക്രീറ്റ് ചെയ്ത മുറ്റമാണ്. കൂടാതെ ഇരിക്കാനും വിശ്രമിക്കാനും ഗ്രാനൈറ്റുകൊണ്ടുള്ള നീണ്ട ഇരിപ്പിടങ്ങളും ഒരുക്കിയിട്ടുണ്ട്. മലയുടെ ഏറ്റവും മുകളിലായി സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിനു ചുറ്റും പരന്ന വിശാലമായ മുറ്റവും മുറ്റത്തിന്റെ അതിർത്തിയിൽ ഉയരം കുറഞ്ഞ ചുറ്റുമതിലും ഉണ്ട്. അപ്പോൾ സമയം വൈകീട്ട് 5.30 ആയിരുന്നു. ആറുമണിക്കേ ക്ഷേത്രം തുറക്കൂ. അതിനാൽ ആളുകളെല്ലാം മുറ്റത്തെ മതിലിനരികിൽ നിന്ന് താഴത്തെ ദൃശ്യങ്ങൾ ആസ്വദിക്കുകയായിരുന്നു. മലഞ്ചെരിവും ദൂരെ പട്ടണവും തീപ്പെട്ടിക്കൂടുകൾ അടുക്കിവെച്ചതുപോലെ കെട്ടിടങ്ങളും ചില ഭാഗത്ത് കൃഷിയിടം പോലെ പരന്ന വിശാലമായ സ്ഥലങ്ങളും സീനറികളും അങ്ങിനെ പലതും പലതും. മലമുകളിൽ നിന്നും അല്പം താഴെയായി മലഞ്ചെരുവിൽ ഒരു ക്ഷേത്രവും അതിലേക്ക് കയറിവരാനുള്ള നീണ്ട പടിക്കെട്ടുകളും കാണാമായിരുന്നു. മലമുകളിൽ വലിയ തിരക്കില്ലാത്തതിനാൽ കുട്ടികൾ മുറ്റത്ത് ഓടിക്കളിച്ചിരുന്നു. ക്ഷീണമുള്ളവർ ഗ്രാനൈറ്റ് ബെഞ്ചിൽ കിടന്നുവിശ്രമിച്ചു.

ഏകദേശം ആറുമണിയായപ്പോൾ ഞങ്ങൾ ക്ഷേത്രത്തിൽ കടക്കാനുള്ള വരിയിൽ പോയിനിന്നു. വേഗത്തിൽ നടയിലെത്താനുള്ള വരിയായിരുന്നു അത്. ക്ഷേത്രഗോപുരങ്ങളിലും തൂണുകളിലുമെല്ലാം നിറയെ കുരങ്ങന്മാർ കയറിയിരിക്കുന്നുണ്ടായിരുന്നു. അവയിൽ ചിലത് താഴേക്ക് ചാടിവരികയും ആളുകളുടെ കൈയിലെ പഴങ്ങളും മറ്റും കൈക്കലാക്കാൻ ശ്രമം നടത്തുകയും ചെയ്തിരുന്നു. ആറരയോടെ ഞങ്ങൾക്ക് അകത്തുകയറാനും പഴനിമുരുകനെ നല്ലപോലെ കണ്ടുവണങ്ങാനും കഴിഞ്ഞു. ആ സമയം കുറേ ആളുകൾ ഒരു സ്വർണ്ണമയിൽ വിഗ്രഹത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീകോവിൽ വലംവെക്കാൻ വന്നു. എല്ലാവരും ഭക്തിപൂർവ്വം തൊഴുതുനിന്നു. കൂടാതെ അല്പസമയത്തിനുള്ളിൽ ഭഗവാന്റെ മറ്റൊരു വിഗ്രഹം കൂടി ഇപ്രകാരം പ്രദക്ഷിണത്തിനായി കൊണ്ടുവന്നു. ഈ കാഴ്ചകളെല്ലാം കാണാൻ കഴിഞ്ഞതിൽ വളരെ സംതൃപ്തി തോന്നി.

അവിടെനിന്നും പുറത്തു കടന്നപ്പോൾ ഇരുട്ടു പരന്നുകഴിഞ്ഞിരുന്നു. ഞങ്ങൾ മുറ്റത്തേക്കിറങ്ങി ചുറ്റുമതിലിൽ പിടിച്ച് ദൂരത്തേക്ക് നോക്കി. മോഹിപ്പിക്കുന്ന ഒരു കാഴ്ചയാണ് അപ്പോൾ കാണാൻ കഴിഞ്ഞത്. നോക്കെത്താ ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന ചെറുതും വലുതുമായ ദീപങ്ങൾ. മുന്നോട്ടുനോക്കിയാലും വശങ്ങളിലേക്കുനോക്കിയാലും എങ്ങും ചിന്നിച്ചിതറി നില്ക്കുന്ന പ്രകാശം മാത്രം. പല നിറത്തിലും വലിപ്പത്തിലും ആകൃതിയിലുമുള്ള ലക്ഷക്കണക്കിന് വെളിച്ചങ്ങൾ. നക്ഷത്രങ്ങൾ കൂട്ടത്തോടെ ഇറങ്ങിവന്നതുപോലെ തോന്നും. മലയുടെ താഴ്വാരവും കിലോമീറ്റർ കണക്കിന് ദൂരത്തിൽ പഴനി ടൗണും ആണ് പ്രകാശിതമായി കാണുന്നത്. ഇതിൽ കടകളും വീടുകളും പരസ്യബോർഡുകളും വിളക്കുകാലുകളും

ഹോട്ടലുകളും കമ്പനികളും മറ്റു സ്ഥാപനങ്ങളും എല്ലാം ഉൾപ്പെടും. ഇരുട്ടിന്റെ പശ്ചാത്തലത്തിൽ തിങ്ങി നിറഞ്ഞു ചിതറുന്ന വെളിച്ചത്തിലേക്കുള്ള ഈ ദൂരക്കാഴ്ച മോഹിപ്പിക്കുന്ന ഒരു അനുഭൂതി തന്നെയാണ്. പഴനി സന്ദർശിച്ച് ഈ കാഴ്ച കാണാതെ പോകുന്നത് ഒരു വൻനഷ്ടം തന്നെയെന്ന് പറയേണ്ടതില്ല. ഞങ്ങൾ കുറേസമയം അങ്ങോട്ട് നോക്കിനിന്നു. ശേഷം പടികളിറങ്ങാൻ തുടങ്ങുമ്പോഴാണ് അന്ന് തങ്കത്തേര് എഴുന്നള്ളിക്കുന്നുണ്ട് എന്ന് അറിഞ്ഞത്. ഞങ്ങൾ ഉടനെ തിരിച്ചു കയറി.

അപ്പോൾ പ്രദക്ഷിണ വഴിയുടെ ഒരറ്റത്ത് പ്രത്യേകം സജ്ജമാക്കിയ ദീപാലംകൃതമായ മുറിയിൽ തങ്കത്തേര് പ്രദക്ഷിണത്തിനായി ഒരുങ്ങിനില്ക്കുന്നുണ്ടായിരുന്നു. തനി സ്വർണ്ണവർണ്ണത്തിലുള്ള അതിന്റെ ശോഭ കൂട്ടാനായി വശങ്ങളിലും മുകളിലുമെല്ലാം ദീപാലങ്കാരവും ചെയ്തിരുന്നു. ആളുകൾ തേരിനെ പ്രതീക്ഷിച്ചുകൊണ്ട് പ്രദക്ഷിണ വഴിയുടെ ഇരുവശവും കൈകൾ കൂപ്പി വരിവരിയായി നിന്നിരുന്നു. ഞങ്ങളും ആ വരിയിൽ ഇടം പിടിച്ചു. തേര് ഉരുണ്ടുരുണ്ട് ഞങ്ങൾക്ക് മുന്നിലൂടെ കടന്നുപോയി. പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ടെങ്കിലും ഞങ്ങൾ വന്ന ദിവസം ഇത് ദർശിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി. തേര് ദൂരെയെത്തിയപ്പോൾ ഞങ്ങൾ വീണ്ടും പടിയിറങ്ങാൻ തുടങ്ങി.

ഇത്തവണ മറ്റൊരുതരം പടിയിലൂടെയാണ് ഇറങ്ങിയത്. കുറച്ചുപടികൾ കഴിഞ്ഞാൽ പിന്നെ ചരിഞ്ഞ പ്രതലത്തിലൂടെ അല്പദൂരം നടക്കുകയും വീണ്ടും കുറച്ചു പടികൾ ഇറങ്ങുകയുമാണ് ആ വഴിയിൽ. അപ്പോഴും ഒരുവശത്തേക്കുനോക്കിയാൽ മുകളിൽ നിന്നും കണ്ട പ്രകാശിത ദൃശ്യം കാണാമായിരുന്നു. അതിനാൽ ഞാൻ ഒരു വശത്തേക്ക് നോക്കിത്തന്നെ പടികളിറങ്ങി. താഴെ എത്താറായപ്പോഴേക്കും ഈ ദൃശ്യങ്ങൾ തീരെ കാണാതായി.

താഴെ എത്തിയപ്പോൾ ഏകദേശം എട്ടുമണിയായിരുന്നു. രാത്രിയിലും ആ സ്ഥലം പകൽ പോലെത്തന്നെയായിരുന്നു. എങ്ങും വെളിച്ചവും ഉറക്കച്ചടവില്ലാതെ നടക്കുന്ന ആളുകളും. ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. ദൂരം ചെന്നപ്പോൾ പഴനിമലയെ വീണ്ടും ദർശിക്കാനുള്ള ആഗ്രഹത്താൽ ഞാൻ തിരിഞ്ഞുനോക്കി. അപ്പോഴും മനോഹരമായ ഒരു കാഴ്ച ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു. ഇരുട്ടിൽ കുളിച്ചുനിൽക്കുന്ന മലയുടെ മുകളിൽ നിന്നും താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടം പോലെയോ അതോ താഴേക്കൊഴുകിവരുന്ന കാട്ടരുവികൾ പോലെയോ മൂന്നു പ്രകാശിത വഴികൾ. മല മുകളിലേക്കു കയറാനുള്ള മൂന്ന് വ്യത്യസ്ത വഴികൾ ദീപപ്രഭയിൽ കുളിച്ച് നിൽക്കുന്നതാണ് ഈ ദൃശ്യം എന്ന് ഞങ്ങൾ അനുമാനിച്ചു. ഞങ്ങൾ വണ്ടി ഒതുക്കിനിർത്തി ആ കാഴ്ച മതിവരുവോളം കണ്ടു. വണ്ടി ഓടിത്തുടങ്ങിയിട്ടും ഞാൻ പുറകിലേക്ക് നോക്കിക്കൊണ്ടുതന്നെ ഇരുന്നു. വണ്ടിച്ചക്രം കുറേ ഉരുണ്ടപ്പോൾ ആ ദൃശ്യം കണ്ണിൽ നിന്നും മറഞ്ഞു. അതോടെ എന്റെ പഴനിക്കാഴ്ചകൾക്കും തിരശ്ശീല വീണു.

●

# പൊതുവിജ്ഞാനം

**നൗഷാദ് ഖാൻ**
**9846454199**



1. മുടി ചൂടും പെരുമാൾ (മുത്തുകുട്ടി) എന്ന നാമധേയത്തിൽ അറിയപ്പെട്ടിരുന്നത് ആര് ?
*ഉ. വൈകുണ്ഠസ്വാമികൾ*

2. ചന്ദ്രനിലെ ആകാശത്തിന്റെ നിറമെന്ത് ?
*ഉ. കറുപ്പ്*

3. കേരളത്തിന്റെ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതി ?
*ഉ. ഗ്രീൻ കാർപ്പറ്റ്*

4. ബി. എസ്. എൻ. എല്ലിന്റെ ഗ്രാന്റ് അംബാസഡറായി നിയമിക്കപ്പെട്ട കായികതാരം ?
*ഉ. മേരി കോം* (ഇന്ത്യൻ ബോക്സർ)

5. സ്റ്റീഫൻ ഹോക്കിങ്ങിന്റെ ജീവിതത്തെ ആസ്പദമാക്കി പുറത്തിറങ്ങിയ ചലച്ചിത്രം ?
*ഉ. തിയറി ഓഫ് എവരിതിങ്ങ്*

6. സർദാർ വല്ലഭായ് പട്ടേലിന്റെ 'സ്റ്റാച്യു ഓഫ് യൂ ണിറ്റി' എന്ന പ്രതിമയുടെ ശില്പിയാര് ?
*ഉ. റാം വി. സുതർ*

7. ഭാരത് നൗജവാൻ സഭ എന്ന സംഘടനയ്ക്ക് രൂപം നൽകിയ വിപ്ലവകാരി ആര് ?
*ഉ. ഭഗത് സിങ്*

8. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ആദ്യ മലയാളി ?
*ഉ. ആർ. നാരായണ പണിക്കർ*

9. ഇന്ത്യയിലെ ആദ്യത്തെ കണ്ടൽ ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നതെവിടെ ?
*ഉ. ആയിരംതെങ്ങ് (കൊല്ലം)*

10. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ തീവണ്ടി ?
*ഉ. തേജസ് എക്സ്പ്രസ്*
*(ന്യൂഡൽഹി - ലഖ്നൗ)*

# എന്റെ അമ്മ



കെ.പി.ശ്രീകുമാരി.
8086189400

**എ**ന്റെ അമ്മയ്ക്ക് വയസ്സ് 74. ഇപ്പോഴും നല്ല ആരോഗ്യം. വാർദ്ധക്യജന്യമായ രോഗങ്ങളൊന്നുമില്ല'. പണ്ടു കുടിച്ച പഴങ്കഞ്ഞീം കപ്പപ്പുഴുക്കും ഉണക്കമീൻ ചുട്ടതും ഒക്കെയാണിതിന്റെ രഹസ്യം എന്നമ്മ പറയും. എന്നിട്ട് എന്നെ ദയനീയമായി നോക്കും.

ആറ്റുനോറ്റു കിട്ടിയ ഓമന മകന് പ്രഷറും ഷുഗറും കൊളസ്ട്രോളും എല്ലാമുണ്ട്. അമ്മയുടെ മരണത്തിനുമുമ്പ് എനിക്കെന്തെങ്കിലും സംഭവിക്കുമോ എന്ന ഭയം ആ മനസ്സിലുണ്ടെന്നെനിക്കറിയാം. മനസ്സു തുറന്ന് അമ്മയെ സ്നേഹിക്കാൻ കഴിയുന്നില്ല എന്നതാണ് എന്റെ ദുഃഖം. കാരണം എന്റെ ശ്രീമതി തന്നെ.

വന്നുകയറിയ നാൾ മുതൽ എന്നിലെ പൂർണ്ണ അവകാശം അവൾക്കാണെന്നു സ്ഥാപിച്ചുകിട്ടാൻ വേണ്ടി അമ്മയെ എന്നിൽ നിന്നും പരമാവധി അകറ്റിനിർത്താൻ അവൾ ശ്രമിച്ചു വിജയിച്ചു എന്നുവേണം പറയാൻ. മകന്റെ സ്വസ്ഥജീവിതം ഓർത്ത് എല്ലാം അമ്മ സന്തോഷത്തോടെ വിട്ടുകൊടുത്തു. ഓമനമകന്റെ കാര്യങ്ങൾ ഭംഗിയായി നടക്കണം എന്നേ അമ്മയ്ക്കുള്ളൂ.

സ്നേഹരൂപത്തിലും ശാസനയിലും ഞാൻ എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും അവൾക്ക് ഒരു മാറ്റവും കണ്ടില്ല. മീനെണ്ണ തേച്ചാലും വളയാത്ത ഇ നം. ഞാൻ തോറ്റു.

അമ്മ ചെയ്യുന്നതും പിടിക്കുന്നതും എല്ലാം കുറ്റം. എന്റെ ദൈന്യത കണ്ടിട്ടാവും അമ്മ കുഴിയാനയെപ്പോലെ പിൻനടയായി ഒരു കോണിൽ കൂടി. രണ്ടു മക്കൾ. അവർക്കും അച്ഛമ്മ ദുഃശ്ശകുനമാണ്.

പല്ലുകളെല്ലാം കൊഴിഞ്ഞപ്പോൾ ഞാനമ്മയ്ക്കുവെപ്പു പല്ല് വാങ്ങിക്കൊടുത്തു. അതിനായി രണ്ടുമൂന്നു പ്രാവശ്യം ക്ലിനിക്കിൽ അമ്മയേയും കൂട്ടി പോകേണ്ടി വന്നു. പുറപ്പെടും നേരത്ത് പരിഹാസത്തിന്റെ കുന്ത മുന.

'ഈ എഴുപത്തഞ്ചാം വയസ്സിൽ സുന്ദരിയാവാൻ പോണു' ശ്രീമതിയുടെ കമന്റാണ്.

ഇതെത്ര നാൾവെക്കാനാ. വെറുതെ 8000 രൂപ കളഞ്ഞതു മിച്ചം, 'മകന്റെ വക.

വേണ്ട എന്ന് അമ്മ കുറെ നിർബന്ധിച്ചു ഞാൻ സമ്മതിച്ചില്ല.

എന്റെ അമ്മ നന്നായി പാടും 'നല്ല വായനാശീലവുമുണ്ട്. അമ്മ പാടിയ പാട്ടിന്റെ ശീലുകൾ കേട്ടാണ് ഞാൻ ഉറങ്ങിയതും ഉണർന്നതും.' അടുക്കളയിൽ പണിയുമ്പോഴും അമ്മ പാടുമായിരുന്നു.

പല്ലില്ലെങ്കിൽ ആ ശബ്ദം വികലമാകും പിന്നെ അടുത്തുള്ള വായനശാലയിൽ പോകുന്ന അമ്മയ്ക്ക് മറ്റുള്ളവരോട് സംസാരിക്കാൻ മടിയുണ്ടാവരുത്.

പുതിയ വീടു പണിതു. അവിടെ ഒരാഴ്ചയേ അമ്മ കഴിഞ്ഞുള്ളു അതിൽ രണ്ടു ദിവസം പട്ടിണിയായിരുന്നെന്ന് പിന്നീടാണറിഞ്ഞത്. പഴയ വീട് കൂടെയാകാം പൊളിക്കേണ്ട എന്നമ്മ പറഞ്ഞതിന്റെ പൊരുൾ എനിക്കു മനസ്സിലായി. അമ്മ പഴയ വീട്ടിൽ ആരോടും ഒരു പരിഭവവുമില്ലാതെ ഭക്ഷണമുണ്ടാക്കി കഴിഞ്ഞു.

ഹൃദയം പൊട്ടി മരിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോയ നിമിഷങ്ങളായിരുന്നു അത്. അയൽക്കാരോട് അമ്മയ്ക്ക് ഒറ്റയ്ക്കു താമസിക്കുന്നതാണ് ഇഷ്ടം എന്നുപറഞ്ഞ് ശ്രീമതി ക്ലീൻ ഇമേജിലായി.

ഞായറാഴ്ച ദിവസങ്ങളിൽ ഞാനമ്മയുടെ അടുത്ത് കൂടുതൽ നേരം കഴിയും, എതിർപ്പുകൾ' കേട്ടുകൊണ്ടു തന്നെ.

എന്റെ തല നെഞ്ചോടു ചേർത്തുപി ടിച്ച അമ്മ പറയും "ഗോപി എനി ക്കൊരു വിഷമവുമില്ല" നീ എന്റെ അടുത്തു തന്നെയില്ലേ? നീ മനസ്സു വിഷമിപ്പിക്കരുത്. നിന്റെ അച്ഛനെപ്പോലെ ക്ഷോഭം അടക്കി കഴിയണം. അമ്മയ്ക്ക് വായനശാലാ സെക്രട്ടറി നാലു പുസ്തകം കൊടുക്കും നടന്നു ബുദ്ധിമുട്ടേണ്ടല്ലോ എന്ന പരിഗണനയിൽ.

അമ്മ അതു മടക്കിക്കൊടുക്കാൻ പോകുമ്പോൾ ഓ... വിദുഷി പുറപ്പെട്ടല്ലോ എന്ന് ശ്രീമതി.

അല്ലമ്മേ പി.എച്ച്.ഡി.യ്ക്ക് പ്രെപ്പയർ ചെയ്യുകയാ '. മകന്റെ കമന്റ്. ഞാനവനോട് ദേഷ്യപ്പെടും. ഇരുപതു വയസ്സു കഴിഞ്ഞില്ലേ? നിനക്കു പുസ്തകം എടുത്തു കൊടുത്തൂടെ എന്ന്.

ഓ പിന്നെ എനിക്കു വേറെ പണിയില്ലാഞ്ഞിട്ടുവേണ്ടേ? ഓരോ മുതുക്കൂത്തിന് കുടപിടിക്കാൻ.

മാതൃവാണികൾ എന്റെ മകനെ എത്ര സ്വാധീനിച്ചിരിക്കുന്നു എന്നു ഞാനോർക്കും. മകൾ വന്നാലോ? അവളുടെ രണ്ടു കുട്ടികളേയും അമ്മയെ ഏൽപിച്ചിട്ട് എല്ലാവരും കൂടി സിനിമ ഷോപ്പിംഗ് എല്ലാം നടത്തും പക്ഷെ അമ്മ അതൊരംഗീകാരമായി കരുതി എല്ലാം ചെയ്യും തളർന്നുപോകുമെങ്കിലും ആ മുഖത്ത് ഒരു പുഞ്ചിരി ഉണ്ടാവും.

ഞാൻ മകളോടു കയർക്കും.'

പ്രായമെങ്കിലും ഓർക്കണ്ടേ എന്ന് '

അവൾ അത് അച്ഛമ്മയുടെ കുറ്റമായി കാണും

' വയ്യ എങ്കിൽ നേരിട്ടു പറഞ്ഞൂടെ 'എന്തിന് അച്ഛനെ കൂട്ടുപിടിക്കുന്നു. അല്പം ആശ്വാസത്തിനുവേണ്ടി ഓടി വരുന്നതാ. ഇനി നിർത്തിയേക്കാം ●

വരവു തന്നെ എന്നും മറ്റും പറഞ്ഞു തുടങ്ങും. വെളുക്കാൻ തേച്ചത് പാണ്ടായതിൽ ഞാൻ നീറിപ്പുകയും. പെൻഷനായതിനുശേഷം അധിക സമയവും ഞാൻ അമ്മയോടൊപ്പം കഴിഞ്ഞു.

ആരെതിർത്താലും പരിഹസിച്ചാലും എനിക്ക് എന്റെ അമ്മ കഴിഞ്ഞേ എന്തുമുള്ളു. ആരെയും ബോധ്യപ്പെടുത്താനല്ല അമ്മയുടെ സ്നേഹത്തിനൊപ്പം, സ്നേഹം മറ്റൊരിടത്തുനിന്നും കിട്ടില്ല എന്ന സത്യം അറിയാവുന്നതുകൊണ്ടു തന്നെ. വായനശാലാ വാർഷികം. എന്റമ്മയുടെ പാട്ടുണ്ട് നിങ്ങൾ വരുന്നില്ലേ എന്നു ചോദിച്ചപ്പോൾ ഓ ആ കാളരാഗം കേൾക്കുന്നതിനേക്കാൾ നല്ലത് ഇവിടിരുന്ന് TV കാണുന്നതാണ് എന്ന് ശ്രീമതി.

അതെ TV ആണ് വില്ലൻ. നന്മയെ എതിർത്ത് ദുർമ്മൂർത്തികളാകാൻ പ്രാക്ടിക്കൽ ക്ലാസ്സ് കൊടുത്ത് മറ്റുള്ളവരെ പഠിപ്പിക്കുന്ന ലൂസിഫർ. എന്റമ്മയുടെ പാട്ടു കേൾക്കാൻ ഞാൻ മുൻനിരയിൽ തന്നെയിരുന്നു.

സ്റ്റേജിലേക്കു കയറുന്നതിനുമുമ്പ് അന്നാദ്യമായി അമ്മയ്ക്ക് ഒരാശ്രയം വേണ്ടിവന്നു.

ഗോപീ... കൈ പിടിക്ക്.

ഞാൻ ചാടി എഴുന്നേറ്റ് അമ്മയെ ചേർത്തുപിടിച്ചു സ്റ്റേജിൽ കയറ്റി. അമ്മ പാടിത്തുടങ്ങി.

എന്തേ താമസം കൃഷ്ണാ എന്ന വരികൾ എന്നെ തളർത്തി. ഞാൻ മനമുരുകി ഭഗവാനോടപേക്ഷിച്ചു.'' എന്തിനാ കൃഷ്ണാ എന്റമ്മയെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. എത്രയും വേഗം തൃപ്പാദത്തിൽ ചേർത്തൂടേ''

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കാണികൾ എഴുന്നേറ്റു നിന്ന് കൈയ്യടിക്കുന്നു. പക്ഷെ ഞാനൊന്നും കേട്ടില്ല. കാണുകയായിരുന്നു എന്റെ മുന്നിൽ നിൽക്കുന്ന പ്രത്യക്ഷ ദൈവത്തിനെ...

■ലേഖനം

# കരിമ്പന കാറ്റിൻ ഭ്രമരം



**മുരളീ മൂത്തേടം**
**9847347704, 9400126340**

**വാ**ളയാറും, അട്ടപ്പാടിയും, പാലക്കാടിന്റെ രണ്ട് വ്യത്യസ്ത മുഖങ്ങൾ, പാലക്കാടിനെ അറിയപ്പെടുന്ന പ്രധാന ഇടങ്ങൾ. രണ്ടിടത്തും ചില മനുഷ്യരുടെ (കൊലപാതകങ്ങൾ) മരണങ്ങളാണ് ഇപ്പോൾ ചർച്ചാവിഷയം. രണ്ടും വിരൽ ചൂണ്ടുന്നത് ഒരു വകുപ്പിലേക്ക്... നീതിന്യായ വ്യവസ്ഥകളുടെ പരാജയം എന്ന് ഒറ്റവാക്കിൽ പറയാവുന്ന രണ്ട് വ്യത്യസ്ത വിഷയങ്ങൾ. '

രണ്ട് വർഷം മുൻപ് വാളയാറിൽ നടന്ന ക്രൈം വീണ്ടും ഉയർന്നപ്പോൾ സർവ്വ രാഷ്ട്രീയ പാർട്ടികളും പതിവ് സൈക്കോ മൂവ് നടത്തുന്നുണ്ട്. രാഷ്ട്രീയ, സാംസ്ക്കാരിക മേഖലകളിൽ നിന്ന് നട്ടെല്ലുള്ള ചുരുക്കം ചില പ്രതിഷേധ ശബ്ദങ്ങൾ ഉയർന്നു എന്നത് ശ്രദ്ധേയം. മാനുഷിക പരിഗണനകൾ ചൂണ്ടി കാണിക്കപ്പെടുന്ന ഇത്തരം ശബ്ദങ്ങൾ മാറ്റത്തിന്റെയും, അതീജീവനത്തിന്റെയും സൂചനയാണ്.

സാമൂഹിക വ്യവസ്ഥകളെയും, രാഷ്ട്രീയ അരാജകത്ത്വവും, പണ്ടും ചിലർ ചോദ്യം ചെയ്തു. അക്കാലത്ത് ചോദ്യങ്ങൾ അടിച്ചമർത്തപ്പെട്ടു. ചോദ്യകർത്താക്കളെ നാടുകടത്തപ്പെട്ടു. കൂട്ടകൊലപാതകങ്ങൾ നടന്നു. തെരുവ് യുദ്ധങ്ങൾ തുടരുന്നു... എങ്കിലും, ചില ചോദ്യങ്ങൾ ലക്ഷ്യം കണ്ടു. മറ്റ് ചില ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു.

രാഷ്ട്രീയ മുതലെടുപ്പിനുമപ്പുറം ജനനന്മയ്ക്കായി ഒരു രാഷ്ട്രീയ പാർട്ടിയും ഇതുവരെ പ്രവർത്തിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കെ പൊതുജനദ്രോഹം ആഗ്രഹിക്കാത്ത ഒരു സംഘടനയെ ഉൻമൂലനം ചെയ്യുക എന്നതിന്റെ പ്രസ്ക്തി എന്ത്? നിയമം കൈയിൽ എടുത്തു എന്നതാണ് പ്രത്യക്ഷ കുറ്റം. സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി നിയമം മാറ്റിമറിക്കാത്ത എത് രാഷ്ട്രീയ പാർട്ടിയാണ് ഇന്ത്യയിൽ ഉള്ളത്?

കാട്ടുമൃഗങ്ങൾ നാട്ടിൽ പലപ്പോഴും ഭീതി പരത്താറുണ്ട്. അതിനെ നാം ന്യായികരിക്കാറുമുണ്ട്. അവരുടെ ആവാസ വ്യവസ്ഥയിലെ കടന്നുകയറ്റമാണ് നാം കണ്ടെത്തുന്ന ന്യായം. ശരിയാണ്. മനുഷ്യനും, പക്ഷി മൃഗാധികൾക്കും ഇവിടെ അവരുടെതായ അവകാശത്തോടെ ജീവിക്കണം... ജാതി, മത, വർഗ്ഗവിവേചനം, ഈ നൂറ്റാണ്ടിലും തുടർന്നു കൊണ്ടിരിക്കുന്നു. ഒരു നടനും, സംവിധായകനും ഈയടുത്ത് ഒരു വേദിയിൽ ഒരു നാടകം ഒന്നിച്ച് അഭിനയിച്ചു. അതും പാലക്കാട്... ഇനിയും ഈ പാലക്കാടൻ ചുരമിറങ്ങി വരുന്ന ചൂളക്കാറ്റിൽ എന്തെല്ലാം കാണണം?

എന്തായാലും, സയനൈഡ് കില്ലർ മാധ്യമ ശ്രദ്ധയിൽ നിന്ന് അപ്രത്യക്ഷമായി... കൂടെ മരടും, ഫ്ളാറ്റും, പാലവും, PSCയും, റോഡും, തോടും, മഴ ദുരന്തവും, മാർക്ക് ദാനവും അങ്ങനെ പലതും...

# പ്രൗഢിയുടെ ചരിത്രാവശിഷ്ടങ്ങളിലേക്ക് ഒരു സഞ്ചാരം



**ഡോ സുനീത് മാത്യു**
**09486382600**

**മ**നോഹരമായ ഒരു സൂര്യാസ്തമന ദർശനം നൽകിയാണ് ഹോസ്പെട്ട് ഞങ്ങളെ വരവേറ്റത്. തുംഗഭദ്ര നദിയിലെ അണക്കെട്ടിന്റെ പടിഞ്ഞാറ് വശത്തേക്ക് ഊർന്നിറങ്ങുന്ന രവിബിംബത്തിന്റെ നിറം ആകാശത്തിലും വെള്ളത്തിലുമായി പടർന്നു കിടക്കുന്നു. ഒരു ചിത്രകാരനും ഇത്ര തീവ്രതയോടെ ഒരു സൃഷ്ടിയുണ്ടാക്കിയിരിക്കുകയില്ല. കോയമ്പത്തൂരിൽ നിന്നും അറുന്നൂറു കിലോമീറ്ററിലേറെ കാറോടിച്ചെത്തിയ ഞങ്ങൾക്ക് തുംഗഭദ്ര നദിയും അണക്കെട്ടും അസ്തമനവും നൽകിയത് യഥാർത്ഥത്തിൽ ലഹരി തന്നെയായിരുന്നു.

ചെറിയ ക്ലാസ്സുകളിൽ ചരിത്രം എനിക്ക് വിരസമായിരുന്നു. എന്തെന്നറിയാതെ മനഃപ്പാഠമാക്കിയിരുന്ന ചില കാര്യങ്ങൾ മാത്രമായിരുന്നു എനിക്കതന്ന്. മുതിർന്നപ്പോൾ ആണോ യാത്രകളെ പ്രേമിച്ചു തുടങ്ങിയപ്പോഴാണോ എന്നറിയില്ല, ചരിത്രം എനിക്ക് കൗതുകമായി. വിജയനഗര സാമ്രാജ്യത്തിന്റെ ചരിത്രം മനസ്സിൽ കുടിയേറിയതും ഹംപിയെന്ന മഹാവിസ്മയം നേരിൽ കാണണമെന്ന മോഹമുദിക്കുന്നതും അങ്ങനെയായിരുന്നു.

സംഗമ സാമ്രാജ്യത്തിന്റെ അധിപരും സഹോദരങ്ങളുമായിരുന്ന ഹരിഹര ഒന്നാമനും ബുക്കാരായ ഒന്നാമനും ചേർന്ന് ഡക്കാൻ പീഠഭൂമിയിൽ സ്ഥാപിച്ച സമ്പൽ സമൃദ്ധമായ ഒരു സാമ്രാജ്യമായിരുന്നു വിജയനഗരം. 1336 ൽ സ്ഥാപിക്കപ്പെട്ട ഈ സാമ്രാജ്യം 1646 വരെ നിലനിന്നിരുന്നുവെങ്കിലും 1565 ലെ യുദ്ധാനന്തരം സാമ്പത്തികമായും സായുധപരമായും ക്ഷയിക്കുകയായിരുന്നു. രാജ്യത്തിന്റെ നല്ല നാളുകളിൽ പ്രശോഭിച്ചു നിന്നിരുന്ന ഹംപി ഇന്ന് നാഗരാവശിഷ്ടങ്ങൾ പേറുന്ന ഒരു ഗ്രാമം മാത്രമായിക്കഴിഞ്ഞിരിക്കുന്നു. അവിടത്തെ ചരിത്രാവശിഷ്ടങ്ങൾ കാണുന്ന ഏതൊരാൾക്കും നിസ്സംശയം സങ്കൽപിക്കാനാകും ഇതിന്റെ പൂർവകാല പ്രൗഢി.

വിജയനഗരത്തിന് സ്വന്തമായി ഒരു ശിൽപ്പകലാരീതിയുണ്ടായിരുന്നു. ആ രീതിയിൽ തന്നെയാണിവിടത്തെ നിർമ്മിതികളും. ദക്ഷിണ ഇന്ത്യയിലെ പല ക്ഷേത്രങ്ങളും പിന്നീട് വിജയനഗര ശിൽപ്പ രീതിയിൽ പണികഴിക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്രാജ്യത്തിന്റെ ഭരണാധികാരികൾ സംസ്കാരത്തിനും ഭാഷകൾക്കും മാത്രമല്ല, സംഗീതത്തിനും വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. കർണാട്ടിക് സംഗീതം ഇന്നത്തെ രൂപത്തിൽ ക്രമപ്പെടുത്തിയതിൽ മുഖ്യപങ്ക് ഈ സാമ്രാജ്യത്തിന് അവകാശപ്പെടാവുന്നതാണ്.

രാത്രിയിൽ ഹോസ്പെട്ടിൽ താമസിച്ച ഞങ്ങൾ അടുത്ത ദിവസം കർണാടക ടൂറിസത്തിന്റെ ചെറിയ ബസിൽ ആണ് ഹംപി യാത്രക്കൊരുങ്ങിയത്. വാഹനത്തിൽ ഡ്രൈവറെ കൂടാതെ ഒരു ഗൈഡുമുണ്ടായിരുന്നു. അദ്ദേഹം തൊഴിലിൽ അത്ര പ്രഗത്ഭനായിരുന്നില്ല എന്നത് ഞങ്ങൾക്ക് ഇടയ്ക്കിടെ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നു. പല ചോദ്യങ്ങൾക്കും കൃത്യമായി മറുപടി തരാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. ചരിത്ര സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ ഒരു നല്ല ഗൈഡിന്റെ പ്രാധാന്യം അന്ന് ഞങ്ങൾ മനസ്സിലാക്കി.

ഏകദേശം ഇരുപത്തിയാറു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ പരന്നു കിടക്കുന്ന ഒരു പ്രദേശമാണ് ഹംപി. ഹംപി പൂർണമായും സന്ദർശിക്കാൻ ദിവസങ്ങൾ വേണ്ടി വരും. മാസങ്ങളോളം താമസിച്ചു ഹംപി കാണുന്നവർ ധാരാളമുണ്ട്. പ്രത്യേകിച്ചും ചരിത്രാന്വേഷികൾ. ഇവിടം കാണാനെത്തുന്നവർ ഏറ്റവും പ്രയോജനപ്പെടുത്തുന്നത് സൈക്കിളുകളാണ്. നൂറ്റി അൻപതു രൂപ ദിവസവാടകയിൽ ഇതിവിടെ ലഭ്യവുമാണ്. മോട്ടോർ സൈക്കിളുകളിലും ഓട്ടോറിക്ഷകളിലുമെല്ലാം ഹംപി സന്ദർശനം നടത്തുന്നവരുമുണ്ട്. എട്ടുമണിക്കൂർ നേരത്തേക്ക് ആയിരം രൂപയെങ്കിലും ആകും ഓട്ടോറിക്ഷകൾക്ക്. തുംഗഭദ്ര നദിയുടെ ഇരുകരകളിലുമായാണ് കാഴ്ച്ചകൾ. ഹനുമാൻ ക്ഷേത്രവും പഴയ തലസ്ഥാനമായിരുന്ന അനഗുഡിയുമെല്ലാം മറുകരയിലാണ് സ്ഥിതി ചെയ്യുന്നത്. ഹംപി





യിലെ ചില പ്രധാന കാഴ്ച്ചകൾ മാത്രം ഞാനിവിടെ പ്രതിപാദിക്കുന്നു. ചുരുങ്ങിയ പക്ഷം, ഹംപി സന്ദർശിക്കുന്നവർ ഇവയെങ്കിലും കണ്ടിരിക്കണം.

വിതാല ക്ഷേത്ര സമുച്ചയം – തകർന്നടിഞ്ഞ ഹംപിയുടെ വടക്കു കിഴക്കു ഭാഗത്ത് തുംഗഭദ്ര നദിക്കരയിലാണ് ഈ ക്ഷേത്ര സമുച്ചയം സ്ഥിതി ചെയ്യുന്നത്. 1422 നും 1466 നും ഇടയിൽ ദേവരായ രണ്ടാമൻ പണികഴിപ്പിച്ചതാണ് മഹാവിഷ്ണുവിന് വേണ്ടിയുള്ള ഈ വിസ്മയം. കല്ലിൽ നിർമ്മിച്ചിരിക്കുന്ന കൂറ്റൻ രഥമാണ് ഈ ക്ഷേത്രത്തിന്റെ പ്രധാന ആകർഷണം. കല്ലിൽ കൊത്തിയ മൂന്നു പ്രധാന ക്ഷേത്രങ്ങളാണ് ഇന്ത്യയിലുള്ളത്. കൊണാർക്കും മഹാബലിപുരവുമാണ് മറ്റു രണ്ടിടങ്ങൾ. മഹാ മണ്ഡപമാണ് ഈ കൽ ക്ഷേത്രത്തിന്റെ മറ്റൊരാകർഷണം. കരിങ്കല്ലിൽ കൊത്തിയ, അലങ്കാരപ്പണികളുള്ള ഈ മണ്ഡപത്തിനു നാല് മുറികളുമുണ്ട്. ഇവിടെ സരിഗമ തൂണുകൾ എന്നറിയപ്പെടുന്ന സപ്തസ്വര തൂണുകളുണ്ട്. അതിൽ തട്ടിയാൽ സപ്തസ്വരങ്ങൾ ഉണ്ടാകും എന്നതാണ് ഈ പേരിനു കാരണം.

വിരുപാക്ഷ ക്ഷേത്രം – ദേവരായ രണ്ടാമൻ തന്നെ നിർമ്മിച്ച ശിവക്ഷേത്രമാണിത്. വിരുപാക്ഷ എന്നത് ശിവന്റെ മറ്റൊരു രൂപമാണ്. തുംഗഭദ്ര നദിക്കരയിൽ തന്നെയാണ് ഈ മഹാക്ഷേത്രവും നിർമ്മിച്ചിരിക്കുന്നത്. ഒരു ചെറിയ ക്ഷേത്രത്തിൽ നിന്നാണ് ഇക്കാണുന്ന കൂറ്റൻ ക്ഷേത്രം പണിതുയർത്തിയതെന്നു ചരിത്രം. ഇതിന്നും ഒരു ആരാധനാലയമായി തുടരുന്നതിന്റെ കാരണവും അതുതന്നെയായിരിക്കാം. അസംഖ്യം തൂണുകളുള്ള ഒരു മണ്ഡപമാണ് പ്രാർത്ഥനക്കുപയോഗിക്കുന്നത്. ഏഴാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഈ ക്ഷേത്രം ഒരുപക്ഷേ ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കമുള്ള ക്ഷേത്രമാകാം.

ലോട്ടസ് മഹൽ – കമൽ മഹൽ എന്നും ചിത്രക്കനി മഹൽ എന്നും അറിയപ്പെടുന്ന ഈ രണ്ടുനില ക്കെട്ടിടം ഒരു താമരയുടെ രൂപത്തിലാണുള്ളത്. ചുറ്റുമുള്ള ഇരുപത്തിനാലു തൂണുകൾ ഇതിന്റെ രൂപനിർണ്ണയത്തിൽ പ്രധാന പങ്കു വഹിക്കുന്നു. ഈ തൂണുകളിലെല്ലാം കടൽ ജീവികളുടെയും പക്ഷികളുടെയും രൂപാലങ്കാരങ്ങൾ കാണാം. കൃഷ്ണ ദേവരായരുടെ പത്നി ജീവിതത്തിന്റെ നല്ല പങ്കും ജീവിച്ചു തീർത്ത ഇടം കൂടിയാണിത്.

ആനക്കൊട്ടിൽ – മുഗൾ ആക്രമണത്തിൽ നശിക്കപ്പെടാതെ പോയ ചില കെട്ടിടങ്ങളിൽ ഒന്നാണിതും. പ്രധാന മകുടം അടക്കം പതിനൊന്നു മകുടങ്ങളുണ്ട്. പ്രധാന മകുടം ഇന്ത്യൻ രീതിയിലും മറ്റു പത്തു മകുടങ്ങൾ മുഗൾ രീതിയിലുമാണ് നിർമ്മിച്ചിരിക്കുന്നത്.

ഹസാര രാമസ്വാമി ക്ഷേത്രം – വിജയനഗര രാജകുടുംബം അവർക്കായി ഉപയോഗിച്ചിരുന്ന മനോഹരമായ ഒരു ചെറിയ ക്ഷേത്രമാണിത്. രാമായണ കഥ ചുവരിൽ കൊത്തിവച്ചിരിക്കുന്നു എന്നൊരു പ്രത്യേകത കൂടിയുണ്ടിതിന്.

ഉഗ്ര നരസിംഹ പ്രതിമ – മുഗൾ ആക്രമണത്തിൽ തകർക്കപ്പെട്ട ഈ ഭീമൻ പ്രതിമയിൽ നിന്ന് ലക്ഷ്മീ ദേവി അടർന്നു മാറ്റപ്പെടുകയുണ്ടായി. ദേവിയുടെ മടിയിൽ ഇരിക്കുന്ന നരസിംഹനായിരുന്നു ആദ്യകാല പ്രതിമയുടെ രൂപം. കേടുപാട് സംഭവിച്ച ലക്ഷ്മി പ്രതിമ ഇപ്പോൾ കമലാപുരത്തെ പുരാവസ്തു മ്യൂസിയത്തിലാണുള്ളത്.

ക്യൂൻസ് ബാത്ത് – അഞ്ഞൂറ് വർഷങ്ങൾ പഴക്കമുള്ള കുളിയറ എന്നതോ രാജ്ഞിമാർ കുളിച്ചിരുന്നതോ മാത്രമല്ല ഇതിന്റെ പ്രത്യേകത. രൂപഭംഗികൊണ്ട് ഈ കോട്ട പോലുള്ള സൗധം ഇന്നും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു എന്നതാണ്.

ഒറ്റക്കൽ നന്ദി – വിരൂപാക്ഷ ചന്തയുടെ കിഴക്കേ അറ്റത്തായി ആണ് ഈ ഒറ്റക്കൽ നന്ദി എന്ന കൂറ്റൻ കാള. ഇത് സ്ഥിതി ചെയ്യുന്ന തെരുവിന്റെ എതിർദിശയിലാണ് വിരൂപാക്ഷ എന്ന ശിവ ക്ഷേത്രം.

വിജയ വിതാല ക്ഷേത്രം – ശിൽപ്പകലാ വിസ്മയമാണ് ഈ ക്ഷേത്രം. ഒരുപക്ഷേ ഹംപിയിലെ ഏറ്റവും വലുതുമായിരിക്കാം പ്രശസ്തമായിരുന്ന ഈ ക്ഷേത്രം. സംഗീതമുണർത്തുന്ന തൂണുകളും കൽ രഥവുമെല്ലാം തുംഗഭദ്ര തീരത്തു സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തെ അവിസ്മരണീയമാക്കുന്നു.

ഹംപിയുടെ സ്മാരകകൂട്ടങ്ങൾ – ഗ്രൂപ്പ് ഓഫ് മോണ്യുമെന്റ്സ് ഓഫ് ഹംപി എന്ന പേരിൽ യുനെ സ്കോയുടെ പദവി കിട്ടിയ ഒരിടമാണ് പഴയ പാംപക് ക്ഷേത്ര. AD 1336 നും 1570 നും ഇടയിലായിരിക്കണം ഇത് പണികഴിപ്പിച്ചിട്ടുണ്ടാകുക. ഒരുകൂട്ടം ക്ഷേത്രങ്ങളുടെ സമുച്ചയമാണിത്.

പുരാവസ്തു മ്യൂസിയം – ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പുരാവസ്തു മ്യൂസിയവും ഇവിടെയുണ്ട്.

ഭൂഗർഭ ശിവ ക്ഷേത്രം – പ്രസന്ന വിരൂപാക്ഷ ക്ഷേത്രം, ഹംപിയിലെ ഏറ്റവും പഴയ ക്ഷേത്രങ്ങളിൽ ഒന്നായിരിക്കും. ഭൂമിക്കടിയിലെ ഈ ശിവക്ഷേത്രം ഇന്ന് ഹംപിയിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്.

ഇത്രയും കാര്യങ്ങൾ എടുത്തു പറഞ്ഞതിൽ നിന്നും ഇത് മാത്രമാണ് ഹംപി എന്ന് കരുതേണ്ടതില്ല. ചില പ്രത്യേക പ്രാധാന്യമുള്ള ചരിത്രാവശിഷ്ടങ്ങളെക്കുറിച്ചു മാത്രമാണ് ഞാനിവിടെ പ്രതിപാദിച്ചിട്ടുള്ളത്. എണ്ണിയാലൊടുങ്ങാത്ത ചരിത്ര വിസ്മയങ്ങൾ ഇവിടെ ചരിത്ര ഗവേഷകർക്കുവേണ്ടിയും കാഴ്ച്ചക്കാർക്കുവേണ്ടിയും കാത്തിരിക്കുന്നു.

*ഹംപി, കർണാടകം*
*യുനെസ്കോ ലോക പൈതൃക പ്രദേശം*
*ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ: ഹോസ്പെട്ട്*



# കൃഷ്ണ പക്ഷം



**ജയശ്രീ രാജേഷ്, മുംബൈ**
9869362679, 9833944112

**ചാ**ലിക്കര ഗ്രാമവാസികളെ പതിവുപോലെ ഭട്ടിക്കായലിനപ്പുറം പൂലേരി അമ്പലത്തിൽ നിന്നും ഒഴുകിയെത്തുന്ന സുബ്ബലക്ഷ്മിയുടെ സുപ്രഭാതം തൊട്ടുണർത്തി. അബ്ദുള്ളക്കുട്ടി തന്റെ പതിവ് നിസ്കാരത്തിനു കട്ടിൽ വിട്ടെഴുന്നേറ്റ് താഴെ വീണു കിടക്കുന്ന തന്റെ മൊബൈൽ കൈയിലെടുത്തു പുറത്തിറങ്ങി. പുലർച്ചക്കെപ്പോഴോ ഉറങ്ങിപ്പോയപ്പോൾ കൈയ്യിൽ നിന്നും വീണ് പോയതാണ് ശരീരത്തിലെ മറ്റൊരു അവയവമായി അബ്ദുള്ളക്കുട്ടി കൊണ്ട് നടക്കുന്ന ആ മൊബൈൽ. നേർത്ത ചാറ്റൽ മഴയുടെ അകമ്പടിയോടെ നേരം വെളുത്തു തുടങ്ങിയതും സ്ഥിരം പറ്റുകാരായ ആളുകൾ മാധവേട്ടന്റെ ചായക്കടയിൽ തണുപ്പകറ്റാൻ കിട്ടിയ സ്ഥലങ്ങളിൽ ഒതുങ്ങി കൂടിയിരിക്കാൻ എത്തി തുടങ്ങിയിരിക്കുന്നു. കല്ലടുപ്പിൽ ഉയരുന്ന നാടൻപുട്ടിന്റെ ഗന്ധം നുകർന്ന് പ്രഭാത ചർച്ചകൾക്കായി ഒരുങ്ങുന്ന ചായ കട. പരിഷ്കാരം ഗ്രാമത്തെ ഗ്രസിക്കാൻ തുടങ്ങിയെങ്കിലും മാധവേട്ടന്റെ ചായക്കടക്കും അവിടുത്തെ പറ്റുകാർക്കും അപ്പോഴും ഒരു മാറ്റവുമില്ല .

നിസ്കാരം കഴിഞ്ഞെത്തിയ അബ്ദുള്ളക്കുട്ടി മൊബൈൽ കൈയിലെടുത്തു. മെസേജുകളുടെ പ്രളയം. വാട്സ് ആപ്പ് തൊഴിലാളികൾക്ക് മാത്രം ഉറക്കമോ ലീവോ ഇല്ലല്ലോ. സംഘടനയില്ലാത്തോണ്ട് അവർക്കായി ശബ്ദിക്കാനും ആരുമില്ല. അബ്ദുള്ളക്കുട്ടിയുടെ ഉറക്കച്ചടവുള്ള കണ്ണിൽ ആദ്യത്തെ സന്ദേശം ഉടക്കി.

‘കാണ്മാനില്ല... കൃഷ്ണൻ ടി. പി, തേവർപറമ്പിൽ വീട്ടിൽ, ഒതളൂർ, പാലക്കാട് ജില്ല.’

“ഇതു നമ്മുടെ കൃഷ്ണൻ അല്ലെ? അവനെ മിനിഞ്ഞാന്നു കൂടി ആ കോക്കാട് ബസ് സ്റ്റോപ്പിൽ കുടിച്ചു പകുതി ബോധത്തോടെ ഇരിക്കുന്നത് ഞാൻ കണ്ടതാണല്ലോ... ഇവൻ ഇതെവിടെ പോയി പിന്നെ !!!” എന്ന ആത്മഗതത്തോടൊപ്പം തന്നെ അബ്ദുള്ളക്കുട്ടിയിലെ പൗരബോധം ഉണർന്നു. ആദ്യ മെസേജ് പാഞ്ഞു മാധവേട്ടന് തന്നെ. ചുരുങ്ങിയത് ഒരു 20 ഗ്രൂപ്പിലും ബാക്കി വിരലിലെണ്ണാൻ പറ്റുന്നതിലും കൂടുതൽ സുഹൃത്തുക്കൾക്കും കൂടി ഫോർവേഡ് ചെയ്തുകഴിഞ്ഞപ്പോൾ ഉണർന്നിരുന്ന പൗരബോധം ഇത്തിരി ശമിച്ചു. അടുത്തതെന്തെന്ന അന്വേഷണത്തിൽ അടുത്ത വാട്സാപ്പ് മെസേജുകളിലേക്കു വീണ്ടും ഊളിയിട്ടു അയാൾ.

കൃഷ്ണൻ...ഒറ്റത്തടി. വയസ്സ് 45, എണ്ണക്കറുപ്പൻ, കാരിരുമ്പൻ എന്ന വിശേഷണമൊക്കെ ചേർന്നിരുന്ന ഒരു അധ്വാന ശീലൻ ആയിരുന്നു. ഗ്രാമത്തിലെ പേരെടുത്ത മരം കയറ്റക്കാരൻ. തേങ്ങയിടാനും കവുങ്ങിൽ കയറി അടക്ക പറിക്കാനും കൃഷ്ണനെ കഴിഞ്ഞേ ഉള്ളു ആ നാട്ടിൽ വേറെ ആരും. ഒരു ട്രപ്പീസ് കളിക്കാരന്റെ മെയ് വഴക്കത്തോടെ കൃഷ്ണൻ തോട്ടങ്ങളിൽ കവുങ്ങിൽ നിന്നു കവുങ്ങിലേക്കു അടക്ക പറിക്കാൻ പകർന്നാടിയിരുന്നത് കാണുന്നത് ഗ്രാമത്തിലെ കുട്ടികളുടെ ഹരമായിരുന്നു. ആർക്കും അറിഞ്ഞു കൊണ്ട് ഒരുപദ്രവത്തിനും നിൽക്കാത്ത ഒരു സാധു മനുഷ്യൻ. അതുകൊണ്ടും, അവന്റെ അധ്വാന ശീലം കൊണ്ടും ഗ്രാമത്തിൽ എല്ലാർക്കും പ്രിയമേറിയവനായിരുന്നു അവൻ.

■ കഥ

കൃഷ്ണന് പത്ത് വയസ്സുള്ളപ്പോഴാണ് അവന്റെ അച്ഛൻ ഒര പകടത്തിൽ പെട്ട് മരിക്കുന്നത്. അച്ഛനും മരം കയറ്റക്കാരൻ ആയിരുന്നു, അബ്ദുവിന്റെ തോട്ടത്തിലെ തേങ്ങയിടൽ കഴിഞ്ഞ് തോട്ടത്തിലെ കുളത്തിൽ കുളിക്കാൻ ഇറങ്ങിയപ്പോഴാണ് കുളത്തിൽ വീണുകിടക്കുന്ന ഉണക്ക തേങ്ങകൾ കണ്ടത്. മുകളിലേക്ക് നോക്കിയപ്പോൾ കുളത്തിനു വക്കത്തെ തെങ്ങിൽ നിറയെ വീഴാറായി നിൽക്കുന്ന ഉണക്ക തേങ്ങകളും പട്ടയും, ഏതായാലും അതുകൂടി ഒന്ന് വൃത്തിയാക്കാം എന്ന് കരുതി പാതി കഴുകിയ മേനിയോടെ തെങ്ങിൽ കയറിയതാണ്. ഏതോ ഒരു നിമിഷത്തെ അശ്രദ്ധ, തെങ്ങിന്റെ കൊരട്ടിലേക്ക് കയറാൻ പിടിച്ചത് അടർന്നു വീഴാറായ പുറം പട്ട. പിന്നെ ഒന്നും ഓർമ്മയില്ല, കുളത്തിലെ കല്ലിൽ തലയിടിച്ച് വീണതാണെന്നു ആളുകൾ പറയുന്നത് കൃഷ്ണൻ തേങ്ങലോടെ അമ്മയെ അടക്കംചുറ്റി നിന്ന് കേട്ടു.

അച്ഛൻ നഷ്ടപ്പെട്ട കൃഷ്ണന്റെ തോളിലായി പിന്നീട് കുടുംബത്തിന്റെ ബാധ്യത. കിട്ടുന്നതെല്ലാം അമ്മയും 3 പെങ്ങന്മാരും ഉള്ള കുടുംബത്തിന് വേണ്ടി ചിലവാക്കും. രണ്ടു പെങ്ങമ്മാരെ കെട്ടിച്ചുവിട്ടു കഴിഞ്ഞപ്പോഴേക്കും സ്വന്തം ജീവിതം കൈയ്യെത്തിപ്പിടിക്കാൻ പറ്റാത്ത അത്രേം ദൂരത്തേക്ക് കടന്നുപോയത് അറിഞ്ഞപ്പോഴും ഒരു പരിഭവവും ഇല്ലാതെ കഷ്ടപ്പെടാൻ തയ്യാറായവൻ. ഇടക്കു തമാശയായിട്ടാണെങ്കിലും പണിക്ക് പോകുന്നിടത്തെ കുട്ടികളോട് പറഞ്ഞു ചിരിക്കാറുണ്ട് "എന്റെ കല്യാണത്തിന് 101 സൈക്കിളിലാണ് ചെക്കന്റെ പാർട്ടിക്കാർ പോവുക. അണിഞ്ഞൊരുങ്ങി വരനായി സൈക്കിളിൽ തന്നെ ഞാനും പോകും" എന്നൊക്കെ പറഞ്ഞു ചിരിക്കുമ്പോൾ ആ കണ്ണിലേ ചിരിയിൽ നനവ് പടർന്നിരുന്നത് ആരും കാണാൻ ശ്രമിച്ചിരുന്നില്ല.

ജീവിതം കൈപ്പിടിയിൽ നിന്നു ചോർന്നു പോകുന്നു എന്ന തോന്നൽ ഉണ്ടായപ്പോഴോ മറ്റോ ആണ് കൂട്ടുകാരൻ വേലായുധനൊപ്പം കള്ളിന്റെ രുചി അറിഞ്ഞത്. ആദ്യം ഒരു നേരമ്പോക്ക് മാത്രമായിരുന്ന കുടി പിന്നീട് അതിൽ നിന്നൊരു മോചനമില്ലാതായി. സ്വന്തമാണെങ്കിലും കിട്ടികൊണ്ടിരിക്കുമ്പോൾ മാത്രമേ ബന്ധങ്ങളും ഉള്ളു എന്നു പലതവണ തെളിയിച്ചിട്ടുള്ള ഒരു കാലഘട്ടമായത് കൊണ്ടാകാം കൃഷ്ണന് വേണ്ടി ചെലവാക്കാൻ ആർക്കും സമയമില്ലാതായിരുന്നു. കൃഷ്ണന്റെ വരുമാനം കുറയുന്നതിനേക്കാൾ വേഗത്തിൽ അയാളുടെ ബന്ധങ്ങളും സൗഹൃദങ്ങളും അവനിൽ നിന്നകന്നു. വളരെ പെട്ടെന്നായിരുന്നു കിട്ടുന്നതെല്ലാം കള്ളുഷാപ്പിലേക്ക് ഒഴുകിത്തുടങ്ങിയതും വീണിടം വിഷ്ണുലോകം എന്ന അവസ്ഥയിലേക്കുമുള്ള കൃഷ്ണന്റെ മാറ്റം. അതുകൊണ്ടുതന്നെ ഫോർവേഡ് തൊഴിലാളികളായി തള്ളിവിടാൻ മാത്രം പ്രധാന്യമേ ഗ്രാമവാസികൾ രണ്ടു ദിവസമായുള്ള കൃഷ്ണന്റെ തിരോധാനത്തിന് പ്രാധാന്യം കൊടുത്തുള്ളൂ .

ചെവിയിൽ തുളച്ചു കയറുന്ന ചീവീടിന്റെ ശബ്ദം കേട്ട് ഒടിഞ്ഞു തൂങ്ങി കിടന്നിരുന്ന കഴുത്തൊന്നു നേരെയാക്കാൻ ഒരു പാഴ്ശ്രമത്തോടെ കണ്ണുകൾ വലിച്ചു തുറന്നു മുകളിലേക്ക് നോക്കിയ കൃഷ്ണന്റെ മുഖത്ത് ചാറ്റൽമഴ പാറി. കുടിച്ച കള്ളിന്റെ കെട്ടിറങ്ങിയിരുന്നു അപ്പോഴേക്കും. മേലാസകലം വേദന, താനെങ്ങനെ ഇതിൽ വന്നുപെട്ടു. കൃഷ്ണൻ ഓർത്തെടുക്കാൻ ശ്രമിച്ചു തലയൊന്നു കുടഞ്ഞു. അപ്പോഴേക്കും മഴയിൽ കുതിർന്നു ഇടിഞ്ഞു പൊളിഞ്ഞു വീഴാനായി നിൽക്കുന്ന പൊട്ടകിണറിന്റെ വല്ലത്തിൽ ചവിട്ടിയിരുന്ന ഭാഗം അടർന്നു വീഴാൻ തുടങ്ങിയിരുന്നു. ആശ്രയത്തിനായി ചുറ്റിപിടിച്ച ചെറു പാറകകൊമ്പ് ഇടിഞ്ഞു താഴോട്ട് വീണു പോകുന്ന കൃഷ്ണനിൽ നിന്നുയർന്ന അവസാന ആർത്തനാദം ആ പൊട്ടകിണറിൽ പ്രതിധ്വനിച്ചതിനുമേൽ പൊട്ടിയടർന്ന പോലൊരു ഇടി മുഴക്കി വിങ്ങി പൊട്ടി നിന്ന മാനം ആർത്തലച്ചു പെയ്തിറങ്ങി. അതിലവന്റെ കരച്ചിൽ നേർത്തലിഞ്ഞില്ലാതായി.

ഗ്രാമം വാർത്തകൾ മെനഞ്ഞും വാർത്തകൾക്ക് ലഹരി പകർന്നും സ്വപ്ന ലോകത്തിൽ മുഴുകുമ്പോൾ ഒരിക്കൽ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയായ കൃഷ്ണൻ രണ്ടു ദിവസമായി ആരാലും ശ്രദ്ധിക്കപ്പെടാതെ, ആരുമറിയാതെ ആ പൊട്ടക്കിണറ്റിൽ അവസാന ശ്വാസത്തിന് പിടയുകയായിരുന്നു.

അപ്പോഴും ഗ്രാമവാസികൾ ചൂട് ചായയും കുടിച്ച് മഴയും ആസ്വദിച്ച് വാട്സപ്പ് മെസേജ് ഫോർവേഡ് ചെയ്യുന്ന തിരക്കിൽ ആയിരുന്നു.

കാണ്മാനില്ല ... കൃഷ്ണൻ,
5 അടി 4 ഇഞ്ച് പൊക്കം
കറുത്ത നിറം...

■ കവിത

# കനലുകൾ



**ബിബിത് പാലക്കാട്**
**9567471727**

രഹസ്യങ്ങളൊന്നും
ഒളിപ്പിക്കാനാവില്ലയീ
പാവം പരദേശിക്ക്...
ചുരുളഴിയാത്ത ഓക് ദ്വീപിൻ
അമൂല്യങ്ങളേക്കാൾ
ചിലതുണ്ട് നെഞ്ചകത്തിൽ...
മരിക്കാത്ത,
മറക്കാത്ത,
കൊന്നൊടുക്കാൻ സാധിക്കാത്തവ...
ചുട്ടുപൊള്ളി
നീറുന്നുണ്ട് ചില
മുറിപ്പാടുകൾ...
മുറിവിൻ വ്രണത്തിലൂടെയാ
രഹസ്യങ്ങളുമിറ്റിറ്റ്
മണ്ണോടു മണ്ണായി തീരട്ടെ..!
ഭൂവും തിളയ്ക്കട്ടെ..!

# മറിയം പൂവ്



ജോക്സി ജോസഫ്
9495074921

**സു**ബു വലിയ സന്തോഷത്തിലാണ് 'വിഹാര'വൃദ്ധ മന്ദിരത്തിന്റെ പൂമുഖത്ത് ആരെയോ പ്രതീക്ഷിച്ച് നിൽക്കുന്നത്. മണിക്കൂറുകളായി കണ്ണിടറാതെ സുബു വിരുന്നുകാരനെ പ്രതീക്ഷിച്ച് നിൽക്കുകയാണ്. പ്രകൃതിസൗന്ദര്യത്തെ ഒപ്പിയെടുത്തുകൊണ്ട് നിർമ്മിച്ച വൃദ്ധമന്ദിരമാണ് 'വിഹാര'. സുബു എന്ന സുബൈദ പേരെടുത്ത വയറ്റാട്ടിയാണ്. ചുരുക്കിപ്പറഞ്ഞാൽ കഴിഞ്ഞ തലമുറയിലെ ഗൈനക്കോളജിസ്റ്റ്. സുബൈദ കേരള - കർണ്ണാടക അതിർത്തിയിലെ സാധാരണ വയറ്റാട്ടി സാറയുടെ മകളായി ജനിച്ചു. ജീവിത രീതികളുടെ വഴിതിരുവുകൾ സുബുവിനേയും വയറ്റാട്ടിയാക്കി മാറ്റി. സുബു പ്രസവമെടുത്ത കുട്ടികൾ ആരോഗ്യവാൻമാരായിരിക്കും എന്നതിൽ തർക്കമില്ല. ഗർഭധാരണം മുതൽ പ്രസവം വരെയുള്ള പരിചരണവും ഭക്ഷണരീതിയും സുബു കഴിഞ്ഞേ നാട്ടിലെ വൈദ്യർക്ക് ലഭിക്കൂ.

സുബുവിന്റെ ഉമ്മ സാറയ്ക്ക് എട്ട് പെൺകുട്ടികളായിരുന്നു. കുടുംബചുമതലകളാണ് സുബുവിനെ വയറ്റാട്ടിയാക്കാൻ പ്രേരിപ്പിച്ചത്. വർഷങ്ങൾ കഴിഞ്ഞതും സുബു പേരും പ്രശസ്തിയുമുള്ള വയറ്റാട്ടിയായി മാറിക്കഴിഞ്ഞു.

തികഞ്ഞ വിശ്വാസിയായിരുന്ന സുബു പ്രസവവും കുഞ്ഞിന്റെ ജനനവും മഹത്തരമായി കരുതിപ്പോന്നിരുന്നു. സ്ത്രീ - അമ്മയാകുന്ന നിമിഷത്തിന്റെ പ്രത്യേകത വളരെ നന്നായി മനസ്സിലാക്കിയായിരുന്നു സുബു പ്രവർത്തിച്ചിരുന്നത്. പ്രസവസമയത്ത് മനസ്സിൽ പ്രത്യേക പ്രാർത്ഥനകളിലും മുഴുകിയിരുന്നു. ഗർഭിണികളുടെ വീട്ടുകാർ ശ്രദ്ധിക്കുന്നതിലും കൂടുതൽ കാര്യങ്ങൾ സുബു നോക്കിയിരുന്നു. ഗർഭിണികളെ പ്രത്യേകം പ്രാർത്ഥനകളും പഠിപ്പിച്ചിരുന്നു. ഒരു സ്ത്രീ ഗർഭിണിയാകുന്ന നിമിഷം മുതൽ അവളുടെ ചുമതലയും, കർത്തവ്യവും എന്താണെന്ന് ബോധ്യപ്പെടുത്താനും ശ്രമിച്ചിരുന്നു.

മറിയം പൂവുപയോഗിച്ച് പ്രസവം നോക്കിയിരുന്ന ചുരുക്കം ചില വയറ്റാട്ടികളിൽ ഒരാളായിരുന്നു സുബു. മറിയം പൂവ് ആഫ്രിക്ക, പാകിസ്ഥാൻ, ഇറാൻ എന്നീ രാജ്യങ്ങളിൽ കാണുന്ന പുഷ്പമാണ്. ഇറാനിൽ നിന്ന് സുബു വരുത്തിച്ചതായിരുന്നു മറിയം പൂവ്. പ്രസവ സമയമടുക്കുമ്പോൾ ഒരുപാത്രത്തിൽ നിശ്ചിത അളവിൽ വെള്ളത്തിൽ പൂവിനെ വിരിയാൻ വെയ്ക്കുന്നു. മറിയം പൂവ് വിരിയുന്നതോടെ പ്രസവം നടക്കുന്നു. അതിനുശേഷം പൂവ് ഉണക്കി സൂക്ഷിക്കുന്നു. വെള്ളം അമ്മയ്ക്കും കുഞ്ഞിനും കുടിക്കാൻ കൊടുക്കുന്നു. അടുത്ത പ്രസവത്തിനായി മറിയം പൂവ് ക്ഷമയോടെ സുബുവിന്റെ കൈയിൽ കാത്തിരിക്കുന്നു.

സുബുവിന്റെ കഴിവിനെക്കുറിച്ച് കേട്ടറിഞ്ഞ് തകഴിയിൽ നിന്ന് അവറോതിച്ചായൻ എത്തുന്നു. അവറോതിച്ചായന്റെ ഭാര്യയാണ് ഏലിയാമ. പുരാതന ക്രൈസ്തവ കുടുംബത്തിലെ അംഗമാണീ അവറോത്. ഏലിയാമ നാല് കുഞ്ഞുങ്ങളെ പെറ്റെങ്കിലും ഒന്നുപോലും ജീവനോടെയല്ല പ്രസവിച്ചത്. അവറോതിന് അനന്തരവകാശിയെ കിട്ടാനുള്ള ആഗ്രഹത്തോടെയാണ് സുബുവിനെ തേടിയെത്തിയത്. അവറോത് സ്വപ്നവില കൊടുത്താണ് സുബുവിനെ തകഴിയിലേക്ക് ഏലിയാമയുടെ പ്രസവത്തിന് കൊണ്ടുപോയത്. അവറോതിച്ചായൻ കൊടുത്ത പണം കൊണ്ടാണ് സുബുവിന്റെ രണ്ട് സഹോദരങ്ങളെ കെട്ടിച്ചുവിട്ടത്. തകഴിയിലെത്തിയ സുബു കായലരികത്ത് തലയുയർത്തി നിൽക്കുന്ന പടുകൂറ്റൻ വീട് കണ്ട് കണ്ണുതള്ളി. സുബു പടികടന്ന് വീടിന്റെ ഉമ്മറത്തെത്തി. സുബുവിനെക്കണ്ട് ചാരുകസേരയിലിരുന്ന അവറോതിച്ചായന്റെ അപ്പൻ കുഞ്ഞുഞ്ഞച്ചായൻ എഴുന്നേറ്റുനിന്നു. ഞാൻ മരിക്കുന്നതിനുമുമ്പ് ഒരു കുഞ്ഞിക്കാലു കാണിച്ചുതരണമെന്ന് ദയനീയമായി പറഞ്ഞു. സുബു ജീവിതത്തിലാദ്യമായി മനുഷ്യത്വമുള്ള ശബ്ദം കേൾക്കുന്നത്. സുബു ചിരിച്ചുകൊണ്ട് അകത്തേക്ക് കടന്നു. ഏലിയാമയുടെ അരികിലെത്തി. ഏലിയാമ പൂർണ്ണ ഗർഭിണിയാണ്. ജനിക്കാൻ പോകുന്നത് ആൺകുഞ്ഞാണെന്ന് ഉറപ്പാണ്. തുടർന്നുള്ള ദിവസങ്ങളിൽ സുബു വളരെ ശ്രദ്ധയോടെയാണ് ഏലിയാമയെ പരിചരിച്ചത്.

പ്രസവസമയമടുത്തപ്പോൾ സുബു പതിവുപോലെ പാത്രത്തിൽ വെള്ളമെടുത്ത് മറിയം പൂവ് വിരിയാനിട്ടു. ഇതുകണ്ട് കടന്നുവന്ന ഏലിയാമയുടെ അമ്മ അന്നമ്മ പിറുപിറുക്കാൻ തുടങ്ങി. ഞങ്ങൾ ക്രിസ്ത്യാനികൾ ഇങ്ങനെയൊന്നും ചെയ്യില്ല. ഇതൊന്നും ഇവിടെ നടക്കില്ല. സുബു ചിരിച്ചുകൊണ്ട് പറഞ്ഞു ബൈബിളിൽ രാജക്കൻ 2 19:34-36 വാക്യങ്ങളിൽ മറിയം പൂവിനെ പറ്റി പറയുന്നുണ്ട്. ഒന്നു വായിച്ചിട്ടു കാര്യം പറയൂ ! നാം കാണുന്ന നിയമങ്ങളെല്ലാം മനുഷ്യനന്മയ്ക്കാണ് എന്നുപറഞ്ഞ് അന്നമ്മ ചേട്ടത്തിയെ മുറിയിൽ നിന്ന് മാറ്റി സുബു കതകടച്ചു. പ്രസവമുറിയിൽ ഏലിയാമയും സുബും തനിച്ചായി. നിമിഷനേരം കൊണ്ട് മറിയം പൂവ് വിരിഞ്ഞു. ഏലിയാമ പ്രസവിച്ചു. ഓമനത്വമുള്ള ആൺകുഞ്ഞ്. കുഞ്ഞിന് മൂന്നുവയസ്സാകുന്നതുവരെ സുബു ഏലിയാമയേയും കുഞ്ഞിനേയും പരിചരിച്ചു.

കുഞ്ഞിനെ കിട്ടിയ സന്തോ

ഷത്തിൽ സുബുവിന് ഇടുക്കിയിലെ അത്താണിയിൽ ഒന്നരയേക്കർ ഭൂമി ഇഷ്ടദാനമായി കൊടുത്തു. സുബു അവിടെ വിഹാര എന്ന വൃദ്ധമന്ദിരം ആരംഭിച്ചു. പൂർണ്ണഗർഭിണികൾക്ക് സൗജന്യപ്രസവവും നടത്തിപ്പോരുന്നുണ്ടിവിടെ.

സുബു കുഞ്ഞുഞ്ഞച്ചായന്റെ ചെറുമകൻ അബ്രാമിനെ പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുകയാണ്. അബ്രാം അമേരിക്കയിൽ നിന്ന് പഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയിട്ട് സുബുവിനെ കാണാൻ വരുന്ന ദിവസമാണിന്ന്. സുബുവിന്റെ എല്ലാമാണിന്ന് അബ്രാം. അബ്രാമിന്റെ ഈ വരവിനുപിന്നിൽ മറ്റൊരു ഉദ്ദേശ്യവുമുണ്ട്. മറിയം പൂവിന്റെ മക്കളെ ഒത്തുകൂട്ടുക. സുബുവിനും മറിയം പൂവിന്റെ മണമുള്ള മക്കളെ കാണാൻ പൂതിയായിട്ടുവയ്യ ! ●


### പാമ്പുങ്ങൽ പബ്ലിക്കേഷൻസ്

## രജതജൂബിലി ആഘോഷിച്ചു

**മും**ബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പാമ്പുങ്ങൽ പബ്ലിക്കേഷൻസിന്റെ ഇരുപത്തിയഞ്ചാം വാർഷികം ഒക്ടോബർ 13, ഞായറാഴ്ച വൈകീട്ട് മാട്ടുംഗയിലെ മൈസൂർ അസോസിയേഷൻ കോൺഫറൻസ് ഹാളിൽ വച്ച് ആഘോഷിച്ചു. നടനും സാംസ്കാരിക പ്രവർത്തകനുമായ കെ. ഡി. ചന്ദ്രൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. പത്മാദിവാകരൻ, ഡോ. ശശികല പണിക്കർ, ഡോ. നളിനി ജനാർദ്ദനൻ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി രജതജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. നോവലിസ്റ്റ് ബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു.

വാർഷികാഘോഷത്തിൽ വച്ച് വിവിധ രചയിതാക്കളുടെതായ അഞ്ച് കഥാസമാഹാരങ്ങൾ, ഒരു കവിതാ സമാഹാരം, ഒരു ലേഖന സമാഹാരം, ഒരു നാടക സമാഹാരം, ഒരു നോവൽ, രണ്ട് ജീവചരിത്രം ഉൾപ്പടെ പതിനോന്ന് പുസ്തകങ്ങളുടെ പ്രകാശനവും നടന്നു.

# കോമാളി



ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 0491 2578098

**ഖ**ദറിന്റെ മുണ്ടും ഷർട്ടുമിട്ട് കണ്ണടവെച്ച് കുടയും എടുത്ത് ഗേറ്റ് കടക്കുമ്പോൾ ഭാര്യ ചോദിച്ചു

“എവിടേയ്ക്കാ ?”

“ഒരാളെ കാണാനാ. മടങ്ങാൻ വൈകും.”

റോഡിലിറങ്ങി നടക്കുമ്പോൾ ചെറിയൊരു ചിരി വന്നു. കാരണം നുണയാണ് അവളോട് പറഞ്ഞത്. സത്യം പറഞ്ഞാൽ ഒരു കോളിളക്കം ഉണ്ടാവും. ശബ്ദം ഉയർത്തി അവൾ പറയും ‘നാണമില്ലല്ലോ ക്ഷണിക്കാത്ത കല്യാണത്തിന് പോകാൻ. നാട്ടുകാരുടെ മുന്നിൽ എന്തിനാ കോമാളിയാവുന്നത്. മിണ്ടാതെ ഒരു ഭാഗത്തിരുന്നോളു. അത് കേട്ടില്ലെങ്കിൽ ബഹളമയം. അതെല്ലം ഒഴിവാക്കാനാണ് ഒരു നുണ ഉപയോഗിച്ചത്.

വളഞ്ഞ് തിരിഞ്ഞ് റോഡിലൂടെ നടക്കുമ്പോൾ പഴയകാലങ്ങൾ ഓർത്തു. തനിക്ക് ഡൽഹിയിലായിരുന്നു ജോലി. ചെറിയൊരു ബിസിനസ്സുമായി അനുജൻ നാട്ടിൽ തന്നെയായിരുന്നു. സാമ്പത്തികമായി അനുജന് പലപ്പോഴും സഹായിച്ചിരുന്നു. അവന്റെ വീട്ടിനടുത്ത് അയൽപക്കമായി ഒരു സ്ഥലം വിൽക്കുന്നു എന്നറിഞ്ഞപ്പോൾ അത് വാങ്ങി ലോണെടുത്ത് വീടും കെട്ടി. റിട്ടയർ ആയി വരുമ്പോൾ നാട്ടിലൊരു വീടുണ്ടാവണമല്ലോ. അയൽവാസിയായി അനുജനുണ്ടല്ലോ. അതിന്റെ ഗുണങ്ങളെ പറ്റി അന്ന് ആലോചിച്ചെങ്കിലും ഇന്ന് അതെല്ലാം വിഡ്ഢിത്തരമായി എന്ന് ഉറപ്പുവന്നിരിക്കുന്നു.

ലീവിൽ വരുമ്പോൾ അനുജന്റെ ഒപ്പമാണ് താമസിക്കാറ്. ആ വീട് ഞങ്ങളുടെ തറവാട് വീടായിരുന്നു. അമ്മയും അച്ഛനും മരിച്ചപ്പോൾ അത് അവന് കൊടുത്തു. ഞങ്ങൾ വരുമ്പോൾ അവനും അവന്റെ ഭാര്യയ്ക്കും ഞങ്ങളെ വളരെ കാര്യമായിരുന്നു. ഞങ്ങളുടെ രണ്ട് ആൺകുട്ടികളും അവന്റെ ഒരു പെൺകുട്ടിയും കളിച്ച് കൂത്താടും. ഡൽഹിയിൽ നിന്നുവരുമ്പോൾ അവർക്കെല്ലാം ഡ്രസ്സുകൾ വാങ്ങുന്നതിൽ പിശുക്ക് കാട്ടാറില്ല. ചിലവുകൾക്ക് നല്ലൊരു സംഖ്യ അനുജന്റെ കൈയ്ക്ക് കൊടുക്കും. അവന്റെ മകൾ രമ്യ ഞാൻ വിളിക്കുന്നത് കുഞ്ചി എന്നാണ്, എപ്പോഴും എന്റെ പിറകിൽ ഉണ്ടാവും. പെൺകുട്ടികൾ ഇല്ലാത്തതിനാൽ അവളെ ഞങ്ങൾക്ക് വലിയ കാര്യമാണ്. എവിടെ പോകുമ്പോഴും അവളേയും കൊണ്ടുപോകും. വലിയച്ഛാ വലിയച്ഛാ എന്നുവിളിച്ച് അവൾ വരുമ്പോൾ മനസ്സ് കുളിർക്കും. അവൾക്ക് വേണ്ടതെല്ലാം വാങ്ങി കൊടുക്കും.

എന്റെ വീട് വാടകയ്ക്ക് കൊടുത്തിരിക്കുകയായിരുന്നു. അതിന്റെയെല്ലാം നോട്ടം അനുജൻ തന്നെയായിരുന്നു. കിട്ടുന്ന വാടകയുടെ കാര്യമൊന്നും ചോദിക്കാറില്ല.

വർഷങ്ങൾ കഴിഞ്ഞപ്പോൾ റിട്ടയർ ആയി വന്നു. ഞാൻ എന്റെ വീട്ടിൽ താമസമായി. എനിക്ക് പെൻഷൻ ഉണ്ടായിരുന്നില്ല. പിരിഞ്ഞു വരുമ്പോൾ കിട്ടിയ പണം എഫ്. ഡിയാക്കി അതിന്റെ പലിശ കൊണ്ടും കുട്ടികൾക്ക് ജോലിയായതിനാൽ അവർ തരുന്ന പണം കൊണ്ടും ജീവിക്കാൻ വിഷമമുണ്ടാവില്ലെന്ന് കരുതി. അപ്പോഴാണ് അനുജൻ വന്നു പറയുന്നത് ഏട്ടൻ റിട്ടയർ ആയി കിട്ടിയ പണം എനിക്ക് തരണം ബിസിനസ്സ് നന്നാക്കാനാണ്. ബാങ്ക് തരുന്ന പലിശ ഞാൻ തരാം. ആ കാര്യം അത്ര ശരിയല്ലെന്ന് എനിക്കറിയാം. പണം കൊടുത്താൽ പിന്നെ വാക്ക് പാലിക്കുന്നവനല്ല. ഞാൻ കഷ്ടപ്പെട്ടു പോകും. അതുകൊണ്ട് പറ്റില്ലെന്നു തന്നെ ഉറച്ചുപറഞ്ഞു.

അന്ന് തൊട്ട് അവന്റെ കുടുംബം എന്റെ വീട്ടിലേക്ക് വരവ്

നിന്നു. കോളേജിലേക്ക് പോകുന്ന കുഞ്ചിയെ കാണാൻ ഞാൻ ഗേറ്റിൽ നിൽക്കും. അവൾ എന്നെ കണ്ടാൽ തല തിരിക്കും. അവന്റെ ഭാര്യ ഞങ്ങളെ പറ്റി പല കുറ്റങ്ങളും പറഞ്ഞു പരത്തി. വളപ്പിൽ ഞങ്ങൾ വല്ല പണിയും എടുക്കുമ്പോൾ മതിലിനപ്പുറത്തുനിന്ന് അവൻ അസഭ്യങ്ങൾ വിളിച്ചുകൂവും. മാലിന്യങ്ങൾ ഞങ്ങളുടെ വളപ്പിലേക്ക് ഇടും. പലരും ചോദിക്കും "നിങ്ങൾ ഇതെല്ലാം എങ്ങിനെ സഹിക്കുന്നു ?" എനിക്ക് ഒരു മറുപടിയെ ഉണ്ടായിരുന്നുള്ളു. അവന് ഭ്രാന്താ അതുപോലെ ഞങ്ങളും ഭ്രാന്ത് കാണിച്ചാൽ നാട്ടിൽ തമാശയാവും. പോലീസ് കേസാവും. അതുകൊണ്ട് ഒന്നും പ്രതികരിക്കാഞ്ഞാൽ ചുറ്റുമുള്ളവരുടെ ഇടയിൽ വഷളാവാതെ ജീവിക്കാം.

ഇന്ന് കുഞ്ചിയുടെ വിവാഹമാണ് ചുറ്റുമുള്ളവരെ എല്ലാം ക്ഷണിച്ചിട്ടുണ്ട്, ഞങ്ങളെ മാത്രം ക്ഷണിച്ചിട്ടില്ല. ഒരു കാര്യത്തിനും വിളിച്ചിട്ടുമില്ല. ഞാൻ പോക്കറ്റിലിട്ട കവർ ഒന്നുകൂടി എടുത്തുനോക്കി. അതിൽ അയ്യായിരത്തിയൊന്ന് രൂപയിട്ട് ഒട്ടിച്ച് പുറത്ത് ഇന്നലെ തന്നെ എഴുതിയിരുന്നു അനുഗ്രഹത്തോടെ കുഞ്ചിക്ക് വലിയച്ഛൻ. കവർ പോക്കറ്റിൽ തന്നെയിട്ടു.

കല്യാണമണ്ഡപം അലങ്കരിച്ചുനിൽക്കുന്നു. അകത്തേക്ക് കടന്നപ്പോൾ ആളുകൾ നിറഞ്ഞിരിക്കുന്നു. ഒരു കസേരയിൽ ചെന്നിരുന്നു. പരിചയമുള്ളവർ പലരും കണ്ടപ്പോൾ ഒരു വളിപ്പൻ ചിരി പാസാക്കിയിരുന്നു. അവർക്ക് അറിയാമായിരുന്നു ഞാൻ ക്ഷണിക്കാത്ത അതിഥിയാണെന്ന്. ചിലർ കുശുകുശുക്കുന്നതും കേട്ടു 'ഇത്ര നാണംകെട്ട മനുഷ്യരുണ്ടോ ?'

ചടങ്ങുകൾ കഴിഞ്ഞു. ആശംസകൾ പറയാനും, സമ്മാനങ്ങൾ കൊടുക്കാനും ആളുകൾ വരി നിന്നപ്പോൾ ഞാനും ആ വരിയിൽ നിന്നു. സ്റ്റേജിൽ അവരുടെ മുമ്പിലെത്തിയപ്പോൾ അവളുടെ തലയിൽ കൈവെച്ച് പറഞ്ഞു "നന്നായി വരട്ടെ." അവളുടെ അമ്മയുടെ മുഖം കനക്കുന്നതുകണ്ടു. അനുജൻ തലവെട്ടിച്ച് നിന്നു. കവറെടുത്ത് അവളുടെ കൈയിൽ പിടിപ്പിച്ച് ഞാൻ സ്റ്റേജിൽ നിന്നിറങ്ങി. സദ്യ ഉണ്ണാൻ ഒരാൾ വിളിച്ചപ്പോൾ മടി കാട്ടിയില്ല. വിഭവങ്ങൾ വിളമ്പുന്നവരുടെ ഒപ്പമുണ്ടായിരുന്ന അനുജന്റെ അളിയൻ പറയുന്നതു കേട്ടു "ക്ഷണിക്കാത്തവരും തട്ടി വിടുന്നുണ്ട്." എന്നെ കണ്ടാണ് എന്ന് പലർക്കും മനസ്സിലായി കാണാം. അതാണല്ലോ എന്നെ നോക്കി ഒരു ചിരി പാസാക്കിയത്. കൈകഴുകി മടങ്ങുമ്പോൾ മനസ്സിൽ സന്തോഷം തോന്നി. ഏതായാലും അവരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന അഹത്തിന് അല്പം പോറൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

വീട്ടിൽ വന്നപ്പോൾ സിറ്റിംഗ് റൂമിലെ ചാരുകസേരയിലേക്ക് ചാഞ്ഞു. ഭാര്യ ചോദിച്ചു "ഭക്ഷണം കഴിക്കണ്ടേ."

"വേണ്ട ഞാൻ കഴിച്ചു." പിന്നെ ഒന്നു മയങ്ങി. ആ മയക്കം 4 മണിവരെ നീണ്ടുകാണും. അപ്പോഴാണ് ആരോ ബെൽ അമർത്തിയത്. ഭാര്യ നോക്കാൻ പോയി. അവളുടെ കൂടെ അകത്തേക്ക് വന്നവരെ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. കുഞ്ചിയും ഭർത്താവും. രണ്ടുപേരും എന്റെ കാൽതൊട്ട് വണങ്ങി. കുഞ്ചിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അവൾ പറഞ്ഞു "മാപ്പ്. ക്ഷണിക്കാതെയും വലിയച്ഛൻ വന്ന് എന്നെ അനുഗ്രഹിച്ചല്ലോ. ഞാൻ വലിയച്ഛനെ ഒരുപാട് വേദനിപ്പിച്ചു." പിന്നീട് അവർ ഭാര്യയുടെ കാൽതൊട്ട് വണങ്ങി പറഞ്ഞു "വലിയമ്മ ക്ഷമിക്കണം. ഞങ്ങളിൽ നിന്നും പല തെറ്റുകളും ഉണ്ടായി." എന്നുപറഞ്ഞപ്പോൾ ഭാര്യ അവളെ കെട്ടിപ്പിടിച്ച് ഉമ്മവെച്ച് പറഞ്ഞു "ഏതായാലും നീ വന്നല്ലോ. ഞങ്ങൾക്ക് സന്തോഷമായി."

കഴിഞ്ഞ ആഴ്ച മകൻ വരുമ്പോൾ ഞങ്ങൾക്ക് കൊണ്ടുവന്ന ഒരു ഷർട്ട് പീസും ഒരു പട്ടുസാരിയും ഉണ്ടായിരുന്നു. ഭാര്യ അതു കൊണ്ടുവന്ന് അവൾക്ക് കൊടുത്തു പറഞ്ഞു 'ഞാൻ ചായ വെയ്ക്കാം."

"വേണ്ട വലിയമ്മേ, ഞങ്ങൾ അധികം താമസിക്കാതെ മൂപ്പരുടെ വീട്ടിലേക്ക് പോവുകയാണ്. ഇവരുടെ വക റിസപ്ഷൻ ഉണ്ട് അവിടെ."

അവളുടെ ഭർത്താവ് പറഞ്ഞു "വലിയച്ഛനും വലിയമ്മയും വരണം."

"വയ്യ കുട്ടി അത്രയും ദൂരെ വരാനുള്ള ആരോഗ്യമൊന്നും ഇല്ല. നീ ക്ഷണിച്ചല്ലോ സന്തോഷം."

അവർ പോയപ്പോൾ എനിക്ക് മനസ്സിൽ തോന്നി കല്യാണത്തിനുവന്ന എന്റെ പരിചയക്കാർ എന്നെ കോമാളിയായി വിശേഷിപ്പിച്ച് കാണാം പക്ഷേ എന്റെ മനസ്സിൽ എന്തോ വെട്ടിപ്പിടിച്ച അനുഭൂതിയായിരുന്നു. ●

■ കവിത

# കേൾക്കാത്ത നിലവിളികൾ

**ബിജു പൊയ്കയിൽ**
**9605519288**

ഞാൻ നട്ട മരം
എന്റെ വീട്ടിലേക്കു മാത്രം
തണൽ തരണമെന്നാണെനിക്ക്

എന്റെ ഊണ് മേശയിൽ
നിറയെ വിഭവങ്ങൾ
വേണമെന്നാണെനിക്ക്

എന്റെ കിടക്കയിൽ
എനിക്കെപ്പോഴും
സുഖം വേണമെന്നാണ്

എന്റെ ആരാധനാലയത്തിൽ
ആഡംബര വേഷമണിഞ്ഞെത്തി
ദരിദ്രന്റെ അന്നം തിന്നു
ആത്മ വിശുദ്ധി നേടി
ഞാൻ സായൂജ്യം അടയാറുണ്ട്

അത് കൊണ്ട് കുഞ്ഞേ
നിന്റെ നിലവിളികൾ
എനിക്ക് കേൾക്കുകയില്ല

നിന്റെ പാകമാകാത്ത
മുലയും അരക്കെട്ടും
എത്ര തകർത്തു കളഞ്ഞാലും
ഞാൻ ശബ്ദിക്കുകയില്ല

നിന്നെ ഒറ്റികൊടുത്തവർക്കും
വിറ്റു തിന്നവർക്കും
ഞാൻ ഇനിയും
അത്താഴം വിളമ്പും

നിന്റെ നിലവിളികൾ
ഞാൻ കേൾക്കുകയേയില്ല

എന്നാലും നിനക്കിരിക്കട്ടെ
ശിശുദിനാശംസകൾ...

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

ഏക തത്ത്വയിലെ എഴുത്തുകാരെല്ലാം നല്ല സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്. നാരായണൻ കുട്ടി, മുക്കം ഭാസി, പ്രൊഫ. വി. കെ. മാധവൻ നായർ - എല്ലാവരേയും ഇനിയും പങ്കെടുപ്പിക്കുക. ഭാവുകങ്ങൾ നേരുന്നു. വരാനിരിക്കുന്ന ലക്കങ്ങൾക്കായി കാത്തിരിക്കുന്നു.

സസ്നേഹം
സി. വി. ഉണ്ണികൃഷ്ണൻ
9495888738

പ്രിയപ്പെട്ട മുരളി

ഒക്ടോബർ ലക്കം ഏക തത്ത്വയിലെ മുഖമൊഴി - 'ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക്' - വായിച്ചു. കേവലം ഒരു കത്തിൽ ഒതുക്കാവുന്ന വസ്തുതകളല്ല അതിൽ വിവരിച്ചിട്ടുള്ളത്. വർത്തമാനകാല യാഥാർത്ഥ്യങ്ങളുടെ ഒരു നേർപ്പകർപ്പ്. കണ്ണുള്ളവർ കാണട്ടെ; കാതുള്ളവർ കേൾക്കട്ടെ !

എന്റെ നാട്ടിൽ ഒരു കോളനിയുണ്ട്. മൺപാത്രതൊഴിലാളികൾ പാർക്കുന്ന കോളനി. കുമ്പാര കോളനി. അവർ പറിച്ചുനടപെട്ടവരാണ്. ഭൂപരിഷ്കരണത്തിന്റെ പേരിൽ ബഹിഷ്കൃതരായവരാണ്. 'ചെറുതടം കോളനി' എന്നാണ് അത് അറിയപ്പെടുന്നത്. സ്റ്റീൽപാത്രങ്ങൾ, അലുമിനിയം പാത്രങ്ങൾ, മറ്റു പരിഷ്ക്കരിച്ച പാത്രങ്ങൾ ഇവയെല്ലാം വിപണി കീഴടക്കിയതോടെ അവർ തൊഴിൽരഹിതരായി, പട്ടിണിയിലായി. ജീവിയ്ക്കണമല്ലോ. ഒരു പുതിയ തൊഴിൽ കണ്ടുപിടിച്ചു. കള്ളവാറ്റ് ! വെള്ളമടിയ്ക്കുന്നവർ ഒഴുകിയെത്തി കോളനിയിലേയ്ക്ക്. എക്സൈസുകാരുമായി ചില അവിഹിതബന്ധം സ്ഥാപിച്ചതുകൊണ്ട് വലിയ കുഴപ്പമില്ലാതെ കഴിഞ്ഞു. പലരും സമ്പന്നരായി. ടെറസ്സ് വീടുകളായി. ജീവിതം കുശാൽ. ഇതിനിടയ്ക്ക് 'പുലിക്കോടൻ' എന്ന ഒരു അപരനാമധാരി ഇവിടുത്തെ സന്ദർശകനായി. ഒരു ഗുണ്ട. ഗുണ്ടയ്ക്ക് അനുയായികളും ധാരാളം. അതങ്ങനെയാണല്ലോ.

ഒരുദിവസം പുലിക്കോടനും ഒരു സർപ്പവും മൈതാനത്ത് ഒന്നിച്ചുകിടക്കുന്നു. സർപ്പം ചത്തിട്ടുണ്ട്. പുലികോടന്റെ കാൽ ഉരൽ പോലെ നീരെടുത്ത് വീങ്ങിയിരിയ്ക്കുന്നു. സർപ്പത്തിന്റെ വിഷം പുലിക്കോടനേറ്റെങ്കിലും പുലിക്കോടൻ മരിച്ചില്ല. സർപ്പം ചത്തു ! പിന്നീട് നാറാണത്ത് ഭ്രാന്തന്റെ മന്ത് കാല് പോലെ കാലും വലിച്ചുനീട്ടിക്കൊണ്ടാണ് പുലിക്കോടന്റെ നടപ്പ് ! മുരളിയുടെ മുഖമൊഴിയിലെ 'ഇന്ന് വിഷമുള്ളവ കഴിച്ചും ശ്വസിച്ചും കുടിച്ചും നാം വിഷമുള്ളവരായിത്തീർന്നിരിയ്ക്കുന്നു' എന്ന വാക്യമാണ് ഈ സംഭവ കഥയിലേയ്ക്ക് വിരൽചൂണ്ടിയത്.

പരസ്പരസ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റേയും കണിക രാഷ്ട്രീയപ്രഭാഷണത്തിൽ പോലും നാം കേൾക്കുന്നില്ല. ഭിന്നിപ്പിക്കലിന്റെ സ്വരം, ഭീഷണിയുടെ സ്വരം. സർവ്വം വിഷലിപ്തം !! എല്ലാവർക്കും വോട്ട്, അധികാരം... ലക്ഷ്യം അതു മാത്രം. പറഞ്ഞിട്ടുകാര്യമില്ല. അങ്ങനെയെ സംഭവിയ്ക്കൂ !

സമാന്തരരേഖകൾ ഒരിയ്ക്കലും കൂട്ടിമുട്ടില്ല. അതങ്ങനെ നീണ്ടുനീണ്ട് പോയിക്കൊണ്ടിരിയ്ക്കും. ചില അഭിപ്രായങ്ങളും വിശ്വാസങ്ങളും അങ്ങനെയാണല്ലോ ! തോറ്റുകൊടുക്കുന്നതിൽ ഒരു സുഖമുണ്ട്. അത് എളുപ്പവുമാണ്. വിജയികളുണ്ടാവുന്നത് പരാജിതർ ഉള്ളത് കൊണ്ടാണല്ലോ !

ഇന്ന് ഞങ്ങളുടെ നാട്ടിൽ ചെറുതടം കോളനിയില്ല, പുലിക്കോടന്മാരും... സംഘടിതനാട്ടുകാരുടെ മുമ്പിൽ അവർ തോറ്റു കൊടുത്തു. അഥവാ തോൽപ്പിച്ചു. പുതിയ മേച്ചിൽ സ്ഥലങ്ങളിൽ അവരെല്ലാം തൊഴിലുമായി മേഞ്ഞുനടക്കുന്നു !

എം. എൽ. ശ്യാമളയുടെ 'സ്ത്രീ' എന്ന ലേഖനത്തെ ഞാനഭിനന്ദിക്കുന്നു. അത്രയെങ്കിലും അവർ പറഞ്ഞുവെച്ചല്ലോ ! 'ഉരലിൽ വീണാൽ ഉലക്കയുടെ ഇടി കൊള്ളണം' എന്ന പഴമൊഴി !! 'മാറ്റുവിൻ ചട്ടങ്ങളെ... അല്ലെങ്കിൽ ചട്ടങ്ങൾ നിങ്ങളെ മാറ്റും...!!' ആരാണ് അത് പറഞ്ഞുവെച്ചത് ? മാസിക, ഒക്ടോബർ പതിനാലിനാണ് കിട്ടിയത്. എങ്കിലും ഒരു സർവ്വാണിസദ്യ ഉണ്ട പ്രതീതി!
അഭിവാദ്യങ്ങളോടെ...

മുക്കം ഭാസി
9846138693

പ്രിയപ്പെട്ട മുരളി സാർ,

ഏക തത്ത്വ നവംബർ ലക്കം മുഖചിത്രം: വെളിച്ചത്തിനുമപ്പുറം മനോഹര ചിത്രത്തിൽ നിന്ന് തുടങ്ങുന്ന 'എനിക്കു പറയാനുള്ളത്' ആദ്യ പേജിൽ, ഹേ റാം കവിത, ടി. വി. നാരായണൻകുട്ടി സാറിന്റെ നന്മ പരമായ സന്ദേശം. അദ്ദേഹത്തിന്റെ ഗായകരത്നങ്ങളും തിളക്കമാർന്നു. ലേഖനങ്ങൾ നാലും മികവ് പുലർത്തി.


ജനാർദ്ദനൻ പി. വണ്ടാഴി സാറിന്റെ 'മനുഷ്യന്റെ അതിജീവനം'ത്തിലെ സ്വയം ഉണരുക, അല്ലെങ്കിൽ നാശത്തിലേക്ക് ഒഴുകിപ്പോവുക.. ഏറെ പ്രസക്തം'. ഈശ്വർകുമാർ സാറിന്റെ അനുഭവം ചലച്ചിത്രം പോലെ ആസ്വാദിച്ചു. ഭാസി സാറിന്റെ ഓർമ്മ ചിത്രവും പഴയ കാല ചിത്രങ്ങൾ സമ്മാനിച്ചു. കഥകളും, കവിതകളും, ആസ്വാദ്യകരം.

വിജ്ഞാന ചെപ്പും, പൊതുവിജ്ഞാനവും പുത്തനറിവ് പകരുന്നു. കുറേനാളുകൾക്ക് ശേഷം മഹാത്മ വന്നതിൽ സന്തോഷം. ആരോഗ്യം, യാത്ര, പാചകം, പുസ്തക പരിചയം തുടങ്ങി മൊത്തത്തിൽ വളരെ മികച്ച മാസികയായി ഏക തത്ത്വ തുടരുന്നു. ഏക തത്ത്വയുടെ എഴുത്തുകാരിലൂടെ ഇനിയും മികച്ച സൃഷ്ടികളും, സന്ദേശങ്ങളും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ഏവർക്കും നന്മകൾ ഭവിക്കട്ടെ...

മുരളീ മൂത്തേടം
9847347704

■ ദൈവനാമത്തിൽ

# ഒഴിവുവേള



**മുഹമ്മദ് കനി**
**8157874953**

**ഒ**രു കവി ഇങ്ങിനെ പാടി. ഇന്നത്തെ ജോലികൾ മടിയാൽ ഞാൻ നാളേയ്ക്ക് നീട്ടുകയില്ല തീർച്ചയായും അലസന്മാരുടെ ദിനമാണ് നാളെ.

ഒഴിവുവേളകളിൽ നന്മ ചെയ്തില്ലെങ്കിൽ ആ ഒഴിവുവേള തിന്മകൾ നിറഞ്ഞതായി മാറും. അതൊരിയ്ക്കലും ശൂന്യവേളയും നിഷ്ഫലവുമാക്കരുത്. നന്മകളാൽ അതിനെ (ഒഴിവുവേളകളെ) സമ്പുഷ്ടമാക്കിയവനാണ് സൗഭാഗ്യമുള്ളത്. തിന്മയിലും അധർമ്മത്തിലുമാണുപയോഗപ്പെടുത്തുന്നതെങ്കിലോ അവന് പരാജയവും നാശവുമാണുള്ളത്.

ജോലികളിൽ നിന്നുള്ള ഒഴിവുവേള മഹത്തായ അനുഗ്രഹമാണ്. ആ അനുഗ്രഹത്തെക്കുറിച്ച് മനസ്സിലാക്കാതെ ഒഴിവുവേളയെ ദുരുപയോഗപ്പെടുത്തിയാൽ ശരീരേച്ഛയുടെ വാതിൽ സ്വന്തത്തിനുമേൽ തുറന്നിടലും അതിനുപിറകേ പോകലുമാണ്. അതിലൂടെ ഈശ്വരൻ (അല്ലാഹു) അവനിലുണ്ടാക്കിയ ഹൃദയ നൈർമല്യം എടുത്തുകളയുകയും, അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് അശ്രദ്ധനാക്കി മാറ്റുകയും ചെയ്യും. യുവത്വം തുളുമ്പുന്ന സമയത്ത് കൊതിച്ചതെല്ലാം നേടാനുള്ള സാമ്പത്തികാവസ്ഥയിലാണെങ്കിൽ അവന്റെ ഒഴിവുവേള അത്യന്തം നാശവും, അപകടം നിറഞ്ഞതുമായിരിക്കും. അതുകൊണ്ടുതന്നെ ആ നാളുകളെ വളരെയധികം ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കരുണാമയനായ ദൈവം നമ്മെ എല്ലാ പ്രശ്നങ്ങളിൽ നിന്നും കാത്തുരക്ഷിയ്ക്കുമാറാകട്ടെ.

ദൈവത്തിനുസ്തുതി

■ കഥ

# മാത്രയഞ്ചക്ഷരം



**സുധീർ സുലൈമാൻ**
**9901972731**

**ഇ**ന്ന് മലയാളത്തിന്റെ പേപ്പറ് കിട്ടും. മാഷ് ഉത്തരപേപ്പറിന്റെ കെട്ടുമായാണ് വരുന്നത്'.

മാഷ് ക്ലാസിലെത്തി. ഓരോരുത്തരുടെ പേര് വിളിച്ച് പേപ്പർ കൊടുത്തു.

സുരേഷ്
സുമേഷ്
വിപിൻ
സിബി
നീന
മനോജ്
സുജിത്ത്...

പേപ്പർ കിട്ടിയ ചിലരുടെയൊക്കെ മുഖത്ത് ആഹ്ലാദം. ചിലർക്ക് കടുത്ത നിരാശ.

“മാർക്ക് കൂട്ടിയിട്ടതിൽ വല്ല തെറ്റോ, എഴുതിയതിന് മാർക്ക് ഇടാത്തതോ വല്ലതും ഉണ്ടെങ്കിൽ ഓരോരുത്തരായി പേപ്പർ കൊണ്ടുവരിക.” ഇതും പറഞ്ഞ് മാഷ് കസേരയിലിരുന്നു.

എല്ലാവരും തങ്ങളുടെ ഉത്തരക്കടലാസിന്റെ സൂക്ഷ്മ പരിശോധന തുടങ്ങി. പതിയെ ഓരോരുത്തരായി എഴുന്നേറ്റ് മാഷിന്റെ അടുത്ത് ചെന്നു.

“മാഷേ. നാലാമത്തെ ചോദ്യത്തിന് എനിക്ക് മാർക്ക് ഇട്ടിട്ടില്ല.”

“മാഷേ, പദ്യം എഴുതിയതിന് എനിക്ക് മാർക്ക് കിട്ടീല.”

“സാറേ, എന്റെ ഉപന്യാസത്തിന് ഒരു മാർക്ക് പോലും ഇല്ല.”

അപ്പീലുകളുടെ പ്രളയം കണ്ട് മാഷ് അമ്പരന്നു.

“എല്ലാരും കൂടി ഇങ്ങനെ ബഹളം വെക്കരുത്, ഓരോരുത്തരായി വന്നാൽ ഞാൻ ഒന്ന് കൂടി നോക്കാം.”

ആദ്യം മനോജ് പോയി.

“മാഷേ, എനിക്ക് ഉപന്യാസത്തിന് മാർക്ക് ഇല്ല.”

മാഷ് പേപ്പർ നോക്കി.

“ശരിയാണല്ലോ! ഇതെങ്ങനെ പറ്റി?”

ഉപന്യാസമെഴുതിയ പേപ്പറിന്റെ മാർജിനിൽ നാല് മാർക്ക് കൂടി ഇട്ടു കൊടുത്തു.

സത്യത്തിൽ മനോജിന്റെ ഉപന്യാസത്തിന് മാഷ് മുമ്പേ തന്നെ മാർക്ക് ഇട്ടിരുന്നു. ഉപന്യാസം എഴുതിയ പേപ്പറിന്റെ മറുപുറത്തും ചോദ്യ നമ്പർ ഇട്ട് കാണിച്ചാണ് അവൻ വീണ്ടും മാർക്ക് നേടിയത്.

ഇതറിഞ്ഞ മറ്റ് കുട്ടികൾക്കും ആവേശമായി. ഉത്തരമെഴുതാതെ ഒഴിച്ചിട്ടിരുന്ന ഭാഗങ്ങളൊക്കെ വേഗത്തിൽ എഴുതിച്ചേർത്ത് പലരും മാർക്ക് വാരിക്കൂട്ടാൻ തുടങ്ങി. മാഷാണെങ്കിൽ എല്ലാവരുടെ അപേക്ഷയും പരിഗണിച്ച് മാർക്ക് ഇട്ടു കൊണ്ടേയിരുന്നു. ഒരിക്കൽ പേപ്പറുമായി വന്നവർ വീണ്ടും വീണ്ടും അര മാർക്കിന്റെയും ഒരു മാർക്കിന്റെയും അവകാശവാദവുമായി മാഷിന് മുന്നിലെത്തി.

അവസാനം എന്തോ പന്തികേടുള്ളതായി മാഷിന് തന്നെ തോന്നി.

“മതി, ഇനി ആർക്കും അധിക മാർക്കില്ല. ഓരോരുത്തരായി പേപ്പർ കൊണ്ടുവരൂ. മാർക്ക് ട്ടോട്ടൽ ചെയ്ത് തരാം.”

ഓരോരുത്തരായി ഉത്തരക്കടലാസുമായി വീണ്ടും മാഷിന്റെ മുന്നിലെത്തി. ആദ്യം 25 മാർക്ക് കിട്ടിയ സുരേഷിന് ഇപ്പോൾ 31 ആയി. 35 മാർക്ക് കിട്ടിയ ഹരിയുടെ പുതിയ മാർക്ക് 37. 38 കിട്ടിയ സിബി 40 തികച്ചു. ഗേൾസിനൊക്കെ ഓൾറെഡി 45+ ആയതിനാൽ അവർ കിട്ടിയത് കൊണ്ട് തൃപ്തിപ്പെട്ടു. അവസാനം മനോജ് പേപ്പറുമായി സാറിന്റെ മുന്നിലെത്തി. അവന് ആദ്യം 27 മാർക്ക് ഉണ്ടായിരുന്നതാണ്. അഡീഷനൽ കിട്ടിയ മാർക്കെല്ലാം കൂട്ടി മാഷ്

പുതിയ മാർക്ക് എഴുതി.

എഴുതിയതിന് ശേഷം മാഷ് ഞെട്ടലോടെ ആ മാർക്കിലേക്ക് ഒന്ന് കൂടി നോക്കി. ശേഷം മനോജിനെ ചേർത്ത് പിടിച്ച് അവനോട് ചോദിച്ചു "എങ്ങനെ സാധിക്കുന്നു ഇതെല്ലാം?"

കാര്യമറിയാതെ മനോജും അന്ധാളിച്ചുനിൽക്കുകയാണ്.

കണ്ണട ഊരി മേശപ്പുറത്ത് വെച്ച് മാഷ് അവന്റെ പേപ്പർ ഉയർത്തിക്കാണിച്ചു. ക്ലാസിലാകെ കൂട്ടച്ചിരി മുഴങ്ങി.

മാർക്ക് 57/50 !

■ കഥ

# ഉരുസ്സിപ്പാലം




**അബ്ദുറബ്ബ്**
**9400227780**

**അ**തായിരുന്നു എന്റെ വിധി, എന്നും സ്കൂളിന്റെ വരാന്തയിൽ കുട്ടികൾക്ക് നിരങ്ങിക്കളിക്കാൻ ഒരു ഉരുസ്സിപ്പാലം. അല്ലെങ്കിൽ അതേ വരാന്തയിലെന്നും വന്നിരിക്കാൻ വിധിക്കപ്പെട്ടവർക്ക് ഒരു താൽക്കാലിക ഇരിപ്പിടം. എന്റേതായ കാരണമല്ലെങ്കിലും വികലാംഗനായ ബെഞ്ചായിപ്പോയി ഇന്നുഞാൻ. ശാപമോക്ഷം എന്നൊന്നുണ്ടല്ലോ? അത് പ്രതീക്ഷിച്ചിരിക്കാൻ തുടങ്ങിയിട്ട് വർഷം മൂന്ന് കഴിഞ്ഞു. ആയിടക്കാണ് 'പൊതുവിദ്യാഭ്യാസയത്നം' സർക്കാർ പ്രഖ്യാപിച്ചത്. അതോടെ സ്കൂളായ സ്കൂളൊക്കെ അന്താരാഷ്ട്രനിലവാരത്തിലുമായി. ക്ലാസ്റൂമുകളിൽ ബെഞ്ചുകൾക്ക് പകരം കസേരകളും പുസ്തകങ്ങൾക്കുപകരം ലാപ്ടോപ്പുകളും സ്ഥാനംപിടിച്ചു. വരാന്തയിൽ സ്ഥിരം വന്നിരിക്കാറുള്ള അദ്ധ്യാപകർ എന്റെ കിടപ്പുകണ്ട് പലപ്പോഴും പരിതപിക്കാറുണ്ട്. പറഞ്ഞിട്ടെന്ത് കാര്യം അവരുടെ വാക്കുകൾ പിൻതിരിപ്പനും പഴഞ്ചനുമല്ലേ ? കാലം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാലും കുട്ടികളുടെ മനമറിഞ്ഞ് ഒരു ഉരുസ്സിപ്പാലമായി മാറാൻ, ഞാൻ ഇന്നും ആ സ്കൂളിന്റെ വരാന്തയിൽ ഏകാന്തമായി കാത്തിരുന്നു.

■ കവിത

# പേടി



**അലക്സാണ്ടർ മുട്ടത്തുപാടം**
**9447868255**

എന്റെ പേര് ഭയൻ
ഇണ ചേരലിലെ ആകസ്മികതയുടെ ചായക്കൂട്ട് !

അസ്തിത്വ നഷ്ട ഭീതി
മുളയിലേ തന്നെ അന്തരംഗത്തിൽ
ഗർഭം ധരിച്ചവൻ.

മറ്റൊരു ചോദ്യചിഹ്നമായി
രാഹുവിൽ നിന്നും വിടുതൽ നേടിയ ചന്ദ്രകലയായി
ഈറ്റില്ലത്തെ പ്രകമ്പനം കൊള്ളിക്കുന്ന
ആദ്യ രോദനത്തോടെ
ഞാൻ ഇങ്ങോട്ട് പോന്നു.

നിറങ്ങളുടെ സംവരണ തത്വങ്ങളും
വേലികളുടെ വേർതിരിക്കലുകളും
എന്നിലെ ഭീതിയുടെ ഗർഭത്തെ വളർത്തി.

പ്രണയവും പ്രളയവും
യുദ്ധവും പലായനവും
ആൾക്കൂട്ട വിചാരണകളും കൊലവിളികളും

അപര ഭയത്തിൽ നിന്നും മരണഭീതിയുടെ
എരിതീയിലേക്കു എന്നെ തള്ളിയിട്ടു..

ജനിച്ച മണ്ണിൽ പരദേശി ആയപ്പോൾ
സ്വത്വം നഷ്ടപെട്ടവനായി
ഭയത്തിന്റെ വറചട്ടിയിൽ കിടന്ന്
ഞാൻ വരണ്ടുണങ്ങി.

എന്നിട്ടും പേടിയുടെ ആ നൂൽപ്പാലത്തിലൂടെ
എന്റെ പാദങ്ങൾ ചലിച്ചുകൊണ്ടേയിരുന്നു...
'നിങ്ങൾ നിരീക്ഷണത്തിലാണെന്ന് '
കർണപുടങ്ങളിൽ ആരോ മന്ത്രിച്ചു കൊണ്ടേയിരുന്നു..

ആത്മാവിനെ വലിച്ചുകീറി
ആരോ ചികഞ്ഞു പരിശോധിക്കുന്നുവോ?

ഒടുവിൽ എന്റെ മാത്രം ഒച്ചിൻ തുരുത്തിലേക്ക്
ചലിക്കുന്നൊരു തപസ്സു പോലെ
ഞാൻ വലിഞ്ഞൊതുങ്ങി.

കേൾക്കുന്നില്ലേ, ഇരുളിൽ നിന്നുമുള്ള
ജലത്തിന്റ ആ മുരൾച്ച?

■ കവിത

# ഒരാളെ ഇല്ലാതെയാക്കാൻ



ദിലീപൻ
7034633555

ഒരാളെ
ഇല്ലാതെയാക്കാൻ
ആദ്യമായ്
അയാളെ കണ്ടെത്തുക
അയാളോട് ഇഷ്ടമാണെന്ന്
നിരന്തരം
പറഞ്ഞുകൊണ്ടിരിക്കുക
മടിച്ച് നിൽക്കുന്നെങ്കിൽ,
നീയാണ് ജീവിതമെന്നും
ഹൃദയത്തുടിപ്പെന്നും
ചെവിയിൽ
മൃദുലമായ് മൊഴിയുക.
മൊബൈൽ ഫോണിന്റെ
സ്ക്രീനിൽ
ഒന്നിച്ചുള്ള ചിത്രങ്ങൾ
അയാൾകാണുന്നവിധം വെക്കുക.
പാസ്‌വേർഡുകൾ
അയാളുടെ നാമമാക്കി
മാറ്റുക.
അയാൾ
കൂടെയുണ്ടെങ്കിലേ
നിങ്ങൾക്ക്
അസ്തിത്വമുള്ളൂ
എന്നയാളെ
ബോധ്യപ്പെടുത്തുക.
ഒടുവിലയാൾ
നിന്നെയറിയുമ്പോൾ,
നീയായിമാറുമ്പോൾ,
ഒന്നിച്ചൊഴുകുമ്പോൾ,
ആ മനോഹരനിമിഷത്തിൽ
തെളിവുകൾ
ബാക്കിവെക്കാതെ
പതിയെ നീ
അപ്രത്യക്ഷയാകുക.

# കലഹം (അവളുടേത്)



ശ്രീജ ജയചന്ദ്രൻ
8157925357

ഉള്ളിയരിഞ്ഞരിഞ്ഞ്
ചുവന്ന കണ്ണിൽ
നിറഞ്ഞുവന്ന
കണ്ണീരിനെ
തുടച്ചെറിഞ്ഞാണവൾ
പറഞ്ഞത്
"ആരുമെന്നോട് മിണ്ടണില്ല്യാ..."
അടുക്കളത്തിണ്ടുമ്മേലിരുന്ന്
തക്കാളീം കയ്പയ്ക്കേം
തമ്മിൽത്തമ്മിൽ
മിഴിച്ചു നോക്കിയതുകണ്ട്
കത്തിയെടുത്ത്,
കയ്പയ്ക്കക്കിട്ട്
നാല് തട്ടുകൊടുത്ത്
ചറുപറെ കീറി
അവൾ അരിശം തീർത്തു.
മസാലയിട്ട് തിളപ്പിച്ച
സാമ്പാറിൽ നിന്ന്
എന്തോ പറയാനായി
പൊങ്ങിവന്ന കായം
അവളുടെ കായബലമോർത്ത്
വന്ന വഴിയേ തിരിച്ച്
മുങ്ങാങ്കുഴിയിട്ടു.
കണ്ണുതുടച്ച്, മൂക്കുചീറ്റി,
ചീനച്ചട്ടിയോട്
പായാരം പറഞ്ഞ്
മെല്ലെ എണ്ണ ചൂടാക്കി
ഒപ്പം അവളും ചൂടായി.
"ഇനി ഞാനും മിണ്ടില്ല്യാ...
എണ്ണേലിട്ട കടുകാണേ സത്യം..."
ക്ഷമകെട്ടൊടുവിൽ
കടുകാണ് പൊട്ടിത്തെറിച്ചത്
"ഒന്നു മിണ്ടാതിരിക്കോന്ന്..."
അങ്ങിനെ...
അങ്ങിനെയാണ്
അവളിപ്പോ ആരോടും
മിണ്ടാതായതും
ആ വീടിനോളം മൂകമായതും.

■ പാചകം

# ക്രിസ്തുമസ് കേക്ക്

ജയ ചന്ദ്രൻ
8593949935



***ചേരുവകൾ***

1. മൈദ – 2 കപ്പ്
2. ബേക്കിംഗ് പൗഡർ – 1. ചെറിയ സ്പൂൺ
3. സോഡാ പൊടി – 1 ചെറിയ സ്പൂൺ
4. വെണ്ണ – 1 കപ്പ്
5. പൊടിച്ച പഞ്ചസാര – 1 $^1/_2$ കപ്പ്
6. കോഴിമുട്ട – 4 എണ്ണം
7. കറുത്ത മുന്തിരി – 1 കപ്പ്
8. ഈന്തപ്പഴം അരിഞ്ഞത് – $^1/_2$ കപ്പ് (ഇതുരണ്ടും (7,8) വെവ്വേറെ വേവിച്ച് അരച്ചുവെയ്ക്കുക)
9. ഓറഞ്ചുതൊലി കുതിർത്ത് അരച്ചത് – 2 വലിയ സ്പൂൺ
10. പട്ട, ഗ്രാമ്പൂ പൊടിച്ചത് – 1 വലിയ സ്പൂൺ
11. കാരമൽ – $^3/_4$ കപ്പ് ($^3/_4$ കപ്പ് പഞ്ചസാര ബ്രൗൺ നിറമാകുന്നതുവരെ വറുത്ത് $^3/_4$ ഗ്ലാസ് വെള്ളമൊഴിച്ച് ലായനിയാക്കുക)
12. വാനില എസ്സൻസ് – 1 ചെറിയ സ്പൂൺ
13. ഉപ്പ് – ഒരു നുള്ള്

***തയ്യാറാക്കുന്ന വിധം***

1 – 3 വരെയുള്ളവ നന്നായി ഇടഞ്ഞുവെയ്ക്കുക* ഒരു പാത്രത്തിൽ മുട്ട അടിച്ച് പതപ്പിച്ചുവെയ്ക്കുക. ഇതിലേക്ക് വെണ്ണ, പഞ്ചസാരപ്പൊടി, ഇടഞ്ഞുവെച്ചിരിക്കുന്നവയെ യഥാക്രമം ചേർത്തു നല്ലപോലെ പതപ്പിച്ചശേഷം മുന്തിരി, ഈന്തപ്പഴം വേവിച്ചരച്ചത്, ഓറഞ്ചുതൊലി അരച്ചത്, പട്ട ഗ്രാമ്പു പൊടി, വാനില എസ്സൻസ്, കാരമൽ, ഉപ്പ് ഇവ ഓരോന്നായി ചേർത്ത് നല്ലപോലെ യോജിപ്പിച്ച് $^1/_2$ മണിക്കൂർ വെയ്ക്കണം. പിന്നീട് മയം പുരട്ടിയ കടലാസ് കേക്ക് ടിന്നിൽ നിരത്തി കൂട്ടൊഴിച്ച് ചൂടാക്കിവെച്ച ഓവനിൽ 45 മിനുട്ട് വേവിക്കുക. കേക്ക് പാകമായാൽ മണം വന്നു തുടങ്ങും. മുകൾ ഭാഗം ചെറുതായി വിണ്ടുവരും. ആറിയശേഷം മുറിച്ചുപയോഗിക്കാം.


N.B : ഓവനില്ലാത്തവർക്ക് പഴുപ്പിച്ച മണലിൽ ഇറക്കിവെച്ചും ഉണ്ടാക്കാം.

* *ഇടഞ്ഞത് = അരിപ്പയിൽ അരിച്ചെടുത്തത്*

# പുതുച്ചൊല്ലുകൾ


സൈനുദീൻ മുണ്ടക്കയം

9947253006

1. വ്യഗ്രതപൂണ്ട് പ്രവൃത്തിചെയ്താൽ-
ആഗ്രഹപൂർത്തിവരികയില്ല.

2. പുങ്കൻ, പുംഗവനായി ചമഞ്ഞാലും,
പങ്കിലമായതേ ചെയ്തുകൂട്ടൂ.

3. അമ്പടാ ! ഞാനെന്നഹങ്കരിച്ചോർ-
ക്കമ്പേയമളി പിണഞ്ഞുകഷ്ടം !!

4. പുതിയൊരു രാഷ്ട്രപിതാവുവന്നേയ്,
അവതാര ഗാനങ്ങളാലപിക്കാം.

5. ലജ്ജയില്ലാത്തോരു വാഴ്ത്തുന്നു വങ്കരെ,
ലജ്ജയ്ക്കും ലജ്ജയായെന്നു കാണാം.

6. ബജറ്റിലാകെ സാമ്പത്തികമാന്ദ്യം,
പാവം, പൗരന്മാർക്കുമേൽ ഇറക്കിവെച്ചു.

7. ചരിത്രത്തെ ചവച്ചു തുപ്പുന്നോർ,
ചവറ്റുകുട്ടയിലിടം പിടിക്കും.

8. വാഴ്ത്താൻ പലരുണ്ടെന്നാലോ-
വീഴ്ത്താനൊരുവൻ മതിയാകും.

9. ചരിത്രം തിരുത്തേണ്ടതു ചരിത്രകാരർ,
ചാരിത്രദൂഷകർ തിരുത്തേണ്ടതു സ്വചരിതം.

10. വന്ദ്യപിതാവിനെ വിസ്മരിച്ച്,
വന്ധ്യപിതാവിനെ ഏറ്റെടുത്തു.

11. ചരിത്രം സ്വയമുണ്ടായ്‌വരും,
ചരിതം ചമയ്ക്കുന്നിതു ചിലർ.

12. വെട്ടിപ്പിടിച്ചതു കൈവിട്ടുപോകുമ്പോൾ-
കെട്ടിപ്പിടിച്ചു കരയാനേ വഴിയുള്ളു.

13. നിന്ദ്യമാം ചിന്തയിൽ നിന്നുതിരും,
നന്ദികേടിൻ ചരിതം നിരന്തരം.

14. കായ്ക്കുന്ന സസ്യത്തെ പിഴുതുനോക്ക്യാൽ-
കായില്ല, കനിയില്ല, വേരുമാത്രം;
ഇവ്വണ്ണമാണിന്നു നാടിൻ പോക്ക്.
ചൊവ്വില്ല, നേർവഴിപോക്കുമില്ല.

15. ചട്ടീം കലവും വിറ്റിട്ട്,
ചക്കീചങ്കര കല്യാണം.

16. കാറിക്കൂവി ചോദിച്ചു,
ക്വാറിക്കനുമതി നൽകിപ്പോയ്.

17. വ്യവസ്ഥകളുണ്ടത് സത്യമാണ്,
അവസ്ഥ മോശമാണതും സത്യമാണ്.

18. അങ്കത്തിനിറങ്ങിയ പഞ്ചപാവം,
അങ്കം ജയിച്ചതും ഹുങ്കനായി.

19. സന്ദർഭം വിശദീകരിച്ച്,
ആശയം വ്യക്തമാക്കുക - അന്ന്.
സന്ദർഭം വിസ്മരിച്ച്,
ആമാശയം നിറയ്ക്കുക - ഇന്ന്.

20. പ്രായപരിധിയുണ്ട് തൊഴിലാളിക്ക്,
രാഷ്ട്രീയക്കാരനതില്ലതെല്ലും.

21. കവിക്ക് കലിയിളകിയാൽ-
കാലനെ കവച്ചുവയ്ക്കും.

22. എന്നാകിലും മരിക്കേണ്ടതല്ലയോ ?
ഇന്നേ മരിക്കു നീയെന്നായി പാതകി.

23. ആചരിക്കാനൊരുപാടുണ്ട്,
സ്വീകരിക്കാൻ പറ്റില്ലേതും.

24. സാമ്പത്തികമാന്ദ്യം പ്രകടമാണിന്ത്യയിൽ-
ഇന്ത്യതൻ തിളക്കവും അതുകൊണ്ടാകാം.

25. കുറ്റാന്വേഷകനായൊരു വ്യക്തിക്ക്,
കൊല്ലന്റെ ആലയിലാണ് ജോലി.

26. നീറ്റായി തുടങ്ങിയത്-
നാറ്റിക്കുന്നു ചിലർ.

27. വെല്ലുവിളിപ്പതു വില്ലന്മാർ-
പുല്ലാണവരുടെ ആയുധവും.

28. എല്ലാം മാറ്റി എഴുതണമെന്നൊരാൾ-
സ്വന്തം തലവര മാറ്റുവതെങ്ങനെ ?

29. നാട്യത്താൽ നേട്ടം കൊയ്യാൻ-
നാടോടിക്കുണ്ടതിമോഹം.

30. ക്രിക്കറ്റിന്റെ പണസഞ്ചീൽ-
കയ്യിട്ടോർക്കുണ്ടാക്രാന്തം.

31. സാമ്പത്തിക വിളർച്ചയാലിന്ത്യ-
സമ്പന്നർക്കു വളർച്ചയാണിന്ത്യയിൽ.

32. ഉള്ളോർക്കു കൊടുത്താലവർക്കുണ്ടുനേട്ടം,
ഇല്ലാത്തോർക്കു കൊടുക്കുന്നോർക്കെന്തുനേട്ടം ?

33. പിതാവിന്റെ ചെയ്തികളെല്ലാം
അബദ്ധമെന്നുമകൻ-
പതിയെപ്പറ മകനേ "ഞാൻ നിന്റച്ഛനല്ലേ?!"

34. പത്തിവിരിച്ചതു പേടിച്ച്,
കൊത്താനാഞ്ഞതും പേടിച്ച്.

35. കുത്തിമലർത്തീട്ടു കത്തിമടക്കി-
കുത്തുന്നേനുമുമ്പാകാമായിരുന്നു.

36. കക്കലും വില്ക്കലും ഞങ്ങടെ ജോലി,
നോക്കിനിൽക്കലു നിങ്ങടെ ജോലി.

37. വിജയം നേടാൻ പ്രതീക്ഷകൾ,
വിജയിച്ചില്ലേൽ പരാതികൾ.


38. വാചകം കൊണ്ടുള്ള പാചകത്തിൽ-
എരിവും പുളിയുമധികമാണ്.

39. ബിംബങ്ങളേറെയും ഭാരതത്തിൽ-
കമ്പനമില്ലല്ലൊ, ഭാവമാറ്റോം.

40. വിടുവായന്മാർ നാടുഭരിച്ചാൽ,
വിടുപണിതന്നെ ജനത്തിനുപിന്നെ.

41. മണ്ടനാമൊരുത്തനെ തണ്ടിലേറ്റ്യാൽ-
മണ്ടന്റെ മുതലെല്ലാം കൈക്കലാക്കാം.

# മാതൃസ്നേഹം വഴിഞ്ഞൊഴുകും കവിതകൾ



**സുരേഷ് തെക്കീട്ടിൽ**
**9446330957**

**നി**ലാവ് പെയ്യുമ്പോൾ എഴുതിയ കവിതകൾ, ശ്രീ. മുരളീധരൻ കൊല്ലത്തിന്റെ കവിതാ സമാഹാരം. മൊഴി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച കൃതിക്ക് രവിയേട്ടനറിയുന്ന മുരളി എന്ന തലക്കെട്ടോടു കൂടിയാണ് ശ്രീ. പരത്തുള്ളി രവീന്ദ്രൻ തന്റെ ഹൃദയം തൊട്ട് അവതാരിക തയ്യാറാക്കിയിരിക്കുന്നത്. മലയാളത്തിന്റെ പ്രിയ കവി ശ്രീ. ആലങ്കോട് ലീലാകൃഷ്ണനും തന്റെ പ്രൗഢഗംഭീരമായ വരികളിലൂടെ ഈ കൃതിക്ക് നക്ഷത്രത്തിളക്കം സമ്മാനിക്കുന്നു. അമ്മ എന്ന അമൃത കാവ്യവരം എന്ന പേരിൽ ആലങ്കോട് ഇങ്ങനെ എഴുതുന്നു.

അമ്മ എന്ന മൂല്യത്തെ ജീവിതധാരയായി സങ്കൽപ്പിക്കുന്ന ദർശനമാണ് ഈ കവിയെ വ്യത്യസ്തനാക്കുന്നത്. ശ്രീ. മുരളീധരൻ കൊല്ലത്ത് എന്ന എഴുത്തുകാരന്റെ രചനകളിലൂടെ പൂർണ്ണമായും യാത്ര ചെയ്ത് രൂപപ്പെടുത്തിയ സത്യസന്ധമായ അഭിപ്രായമാണ് ഇത് എന്നതിൽ വായനക്കാരന് സംശയമുണ്ടാകില്ല. തീർച്ച.

കൽക്കണ്ടം പോലെ മധുരിക്കും കുഞ്ഞു കവിതകളുമായി മലയാളികളെ കൊതിപ്പിച്ച കവി കുഞ്ഞുണ്ണി മാഷ് ഒരു ശക്തമായ കാവ്യബിംബമായി മുരളീധരൻ കൊല്ലത്തിന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. കുഞ്ഞുണ്ണി മാഷുടെ ശിഷ്യനാണ് താനെന്ന് അഭിമാനത്തോടെ പ്രഖ്യാപിക്കുന്ന ഈ കവി എഴുതാൻ പേനയെടുക്കുമ്പോഴെല്ലാം ആ മനസ്സിലേക്ക് മാഷുടെ രൂപം കയറിവരാറുണ്ട് എന്ന് പറയുന്നത് വെറും വാക്കല്ല. അതിനു തെളിവ് സ്നേഹം വാഴ്ത്തുന്ന ഗുരുത്വം നിറഞ്ഞുനിൽക്കുന്ന മധുരമൂറുന്ന കവിതകൾ തന്നെ.

ഓമനിച്ചോരമ്മയ്ക്കും, മരണപ്പെട്ടോരച്ഛനും ഗുരുനാഥൻമാർക്കും ഓംകാരമൂർത്തിക്കുമാണ് കവിതകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

അമ്മയും മകനും, മുലപ്പാലും ഭാഷയും, താതന്റെ സ്വപ്നം, ഗുരുവര്യൻ, പ്രാർത്ഥന നാമം, ദാഹനീര്, പേരില്ലാ കവിതകൾ, അമ്മ, ഗുരുവേനമ. നിറ സ്വപ്നങ്ങളുടെ നിർമ്മല ഭാവം, തുമ്പയുടെവമ്പ്, താരകം, കരഞ്ഞ കണ്ണുകൾ തുടയ്ക്കുക, കിങ്ങിണി തുടങ്ങിയ സമാഹാരത്തിലെ എല്ലാ കവിതകളിലും നന്മ നിറഞ്ഞ ഒരു മനുഷ്യന്റെ നേരെ മാത്രം ചലിക്കുന്ന കളങ്കമേൽക്കാത്ത മനസ്സ് നന്നായി പ്രതിഫലിക്കുന്നുണ്ട്.

ആദ്യ കവിതയായ അമ്മയും മകനും വരച്ചു കാട്ടുന്നത് മുറിച്ചുമാറ്റാൻ കഴിയാത്ത ആ ആത്മബന്ധത്തെയാണ്. അമ്മയുടെ മടിയിൽ തല ചായ്ച്ചുറങ്ങാൻ കൊതിക്കുന്ന മകനെ അതിമനോഹരമായി തന്നെ ഈ കവിതയിൽ ദർശിക്കാം.

മുലപ്പാലും ഭാഷയും എന്ന കവിതയിൽ തികഞ്ഞ ഭാഷാസ്നേഹിയായ കവിയെ നമുക്ക് തിരിച്ചറിയാം. അമ്മിഞ്ഞപ്പാലിന്റെ രുചി തന്നെയാകട്ടെ മലയാള മക്കൾ തൻ മാതൃഭാഷ എന്നെഴുതിയാണ് കവിത അവസാനിക്കുന്നത്.

ഗുരുവര്യൻ എന്ന കവിത, ശ്രേഷ്ഠനായ ഗുരുവിന് വിനീത ശിഷ്യന്റെ സമർപ്പണമാണ്. അരങ്ങൊഴിഞ്ഞു ഗുരു, അഭിമാനമായി ഗുരു എന്ന് ആരംഭിച്ച് നല്ല മലയാളം തന്നു പോയി ഗുരു, നന്മ മലയാളം തന്നു പോയി എന്നവസാനിക്കുമ്പോൾ മാഷുടെ പ്രിയശിഷ്യൻ എന്ന സ്ഥാനം അർത്ഥവത്താക്കുകയാണ് ശ്രീ. മുരളീധരൻ.

അമ്മ എന്ന കവിതയാകട്ടെ അനുഭവിച്ച വാത്സല്യത്തിന്റേയും, അതിരുകളില്ലാത്ത സ്നേഹത്തിന്റേയും പകരം വെക്കാനില്ലാത്ത ആ കരുതലിന്റേയും ഓർമ്മകളിൽ നറുതേൻ പുരട്ടിയാണ് ഒരുക്കിയിരിക്കുന്നത്. പുഴ പാടുമെന്നോതിയതും, മഴ പാടുമെന്നോതിയതും, ലത തേങ്ങുമെന്നോതിയതും അമ്മയാണ് കവിത പറയുന്നു. അക്ഷരം നേദിച്ചതമ്മയാണ് അറ്റമില്ലാത്തക്കനിയമ്മ ആറ്റുന്നു ദു:ഖങ്ങളമ്മ കവിത ഉറപ്പിക്കുന്നു.

കവിയുടെ മനസ്സ് വായിച്ചു തന്നെയാണ് അവതാരികയിൽ ശ്രീ. പരത്തുള്ളി രവീന്ദ്രൻ ഇങ്ങനെ എഴുതിയത് എന്നുറപ്പ്. അമ്മയെ മനസ്സിൽ ദൈവതുല്യം ആരാധിക്കുന്ന സ്നേഹിക്കുന്ന മുരളീധരൻ ഉരുവിടുന്ന വരികളേറെയും അമ്മയെ അറിഞ്ഞ മകന്റെ കാവ്യാർച്ചനയാണ്. അമ്മിഞ്ഞപ്പാലിന്റെ ശക്തിയും മാധുര്യവും നാവിൽ കരുതുന്ന അമ്മയുടെ ലാളന സർഗ്ഗശക്തിക്ക് പ്രചോദനമായി കാണുന്ന അമ്മയുടെ സാമീപ്യം തണലായി കൊതിക്കുന്ന ഒരു പുത്രന്റെ മാതൃസ്തുതികളാണ് മുരളിയുടെ കവിതകളേറെയും. ഇത് യാദൃശ്ചികമല്ല. ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. മുരളിയുടെ കവിതകൾ കേൾക്കുന്നതാരോ അവരിൽ പെറ്റമ്മയുടെ മുഖം തെളിയുന്നതുകൊണ്ടാണ് മിഴിനീരണിയുന്നത്.

സ്നേഹ വിശ്വാസങ്ങളും ഗുരുഭക്തിയും വിളക്കിച്ചേർത്ത കവിതകൾ എന്ന വിലയിരുത്തലുകൾ നന്നായി യോജിക്കുമെങ്കിലും ഇത്തരം വികാരങ്ങളിൽ നിന്നും ചില സന്ദർഭങ്ങളിൽ പുറത്തുവരുന്ന ഈ കവി കവിതയുടേയും ആസ്വാദനത്തിന്റേയും മറ്റൊരു തലം സമ്മാനിക്കുന്നതും കാണാതിരിക്കാനാവില്ല. സമാഹാരത്തിലെ ദാഹനീർ എന്ന കവിത മികച്ച ഉദാഹരണം.


*ഇറ്റും മഴത്തുള്ളിയൊന്നേ*
*വറ്റാത്ത കിണറിനു ബന്ധു*
*കളിവഞ്ചിചാഞ്ചാടിനീന്താൻ,*
*നിറമാരി പെയ്യണമെന്നും*

എഴുതുമ്പോൾ ഈ വ്യത്യസ്തത കാണാം.

അറിവിന്റേയും കഴിവിന്റേയും വെള്ളി വെളിച്ചം ലോകത്തിനു പകർന്നു ജീവിച്ച മഹദ് വ്യക്തിത്വങ്ങളോടുള്ള ആഴമേറിയ ബഹുമാനം വരികളായി വരുന്നു എന്നതാണ് ഈ എഴുത്തുകാരന്റെ മറ്റൊരു സവിശേഷത. സമാഹാരത്തിലെ ഗുരുവേ നമഃ എന്ന കവിതയും നിറ സ്വപ്നങ്ങളുടെ നിർമ്മല ഭാവം എന്ന കവിതയും ആ ഗണത്തിൽപ്പെടുന്നവയാണ്.

മഹാകവി അക്കിത്തവുമായി ദൂരദർശനുവേണ്ടി നടത്തിയ മനസ്സോടു മനസ്സ് എന്ന പരിപാടിയിൽ നിന്നാണ് ഗുരുവേ നമഃ എന്ന രചന പിറക്കുന്നത്. ഡോ. എ. പി. ജെ അബ്ദുൾ കലാമിന്റെ ജീവിത വീക്ഷണങ്ങളോട് തോന്നുന്ന ആദരവാണ് നിറ സ്വപ്നങ്ങളുടെ നിർമ്മല ഭാവം എന്ന കവിത.

മുരളീധർ കൊല്ലത്ത് മൊഴി പബ്ലിക്കേഷനിലൂടെ ഈ കൃതി പ്രസിദ്ധീകരിച്ചതിനു പിന്നിലും വ്യക്തമായ ഒരു ലക്ഷ്യമുണ്ട്. മലപ്പുറം ജില്ലയിലെ ചാപ്പനങ്ങാടിയിൽ പ്രവർത്തിച്ചുവരുന്ന അസുഖ ബാധിതരായ കുട്ടികൾക്കായുള്ള സംസാര വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് കണ്ടെത്തുകയാണ് ആ ലക്ഷ്യം. ഇവിടേയും മുരളീധർ കൊല്ലത്ത് എന്ന കവി വ്യത്യസ്തനാകുന്നു. തന്റെ സഹജീവി സ്നേഹത്തിന്റെ നിറം മങ്ങാത്ത നിലപാടുകൾ പ്രകടമാക്കുന്നു.




***നിലാവ് പെയ്യുമ്പോൾ എഴുതിയ കവിതകൾ***
മുരളീധർ കൊല്ലത്ത്
മൊഴി പബ്ലിക്കേഷൻ, കോഴിക്കോട്
**വില 40 രൂപ**

■ കവിത

# വിട




**ടി. കെ. രഘുനാഥ്.**
**9961057228**


ഇളകിയ പല്ല്
വേദനയറിയാതെ അടർന്നു വീഴാൻ
ഇടക്കിടക്ക് ഇളക്കിക്കൊടുക്കുന്നതു
പോലെയാണ് അച്ഛൻ
അവസാന നാളുകളിൽ
മുറ്റത്തുകൂടി വടികുത്തി
വെറുതെ നടന്നത്

മൂത്തു വിളഞ്ഞ തേങ്ങയുടെ
ഞെട്ടിലുള്ള ദ്രവിച്ച നാരുകൾ
അള്ളിപ്പിടിക്കും പോലെയാണ്
ആ കാലുകൾ,

ഒരു പൂവ്, മുഴുവൻ അഴകും
പൊഴിച്ച ശേഷം ഉണങ്ങി
നില്ക്കുന്ന ചെടിയിൽ
പരതി നില്ക്കും പോലെ,

ഓരോ ചുവടും സസൂഷ്മം,
നിലത്ത് മുഴച്ചു കിടക്കുന്ന
വാക്കുകൾ തടയാതെ,
പോയ ദൂരങ്ങളത്രയും
ഉള്ളോർമ്മയിലെ
ആകാശത്തിലേക്കു ചെരിച്ചുവച്ച്,
ചുമടെടുത്ത്
കൂട്ടിവച്ച കുന്നുകളെ
പീളകെട്ടിയ കണ്ണിലേക്ക്
കുടിയിരുത്തി
സ്വയമൊരു ചുമടായി
നടന്നുനടന്ന്,
മുറ്റമെന്ന വട്ടത്തിനുള്ളിൽ,
ഞെട്ടു പൊട്ടാതെ..

തലമുടികൾ നരച്ചു
കൊഴിഞ്ഞു കൊണ്ടിരിക്കേ
കാലം പുതിയ പാഠങ്ങൾ
പറഞ്ഞു കൊടുത്തു,

നിലം, കാണാനാവാത്ത അച്ഛൻ
അവയൊക്കെ
തല കുലുക്കി അനുസരിച്ചു
അവസാനിക്കാറായ യാത്രയുടെ
ബാക്കി കാലടികൾ എണ്ണാൻ മടിച്ച്
ഉപബോധ തന്തുക്കളുടെ
ശീല്ക്കാരം മാത്രം ശ്രവിച്ച്
വടികുത്തി വടി കുത്തി
അങ്ങിനെ നടന്നു...


നടന്നുതീർത്ത വഴികളത്രയും
ശരീരത്തിലേറ്റ്
ശ്വസിക്കുകയാണിപ്പോൾ
ചിരിച്ചു കളഞ്ഞതത്രയും
കരഞ്ഞു തീർത്തതത്രയും
ശ്വസിക്കുകയാണിപ്പോൾ.

ശ്വാസത്തിന് സംസാരഭാഷയുടെ
താളമുണ്ടെന്ന് ഇപ്പോൾ ഒരു പാഠം
കൂടി അവിടുന്ന് പഠിക്കുന്നു.

ഇടക്ക് ചൂടാറുന്നു
ഇലകൾ തണുക്കുന്നു
വാക്കുകൾ കാക്കക്കരച്ചിലായി
മുറ്റം നിറയുന്നു.

ഏക തത്ത്വയുടെ
പ്രിയ വായനക്കാർക്ക്
ക്രിസ്തുമസ് - പുതുവത്സരാശംസകൾ

# ഈശ്വര സഹായം




ജയൻ പുതുമന
8330086062

**രാ**ത്രി നടന്നുപോകുമ്പോൾ പെട്ടെന്ന് വെളിച്ചം ഇല്ലാതായി. അപരിചിതമായ നഗരത്തിലാണ് അയാൾ എത്തിയത് ഒരു സുഹൃത്തിനെ തേടി. പക്ഷെ പവർക്കട്ട്. കയ്യിലുള്ള ഫോണിലെ വെളിച്ചം പോര യാത്ര തുടരാൻ. എന്ത് ചെയ്യും ? അയാൾ മനസ്സിൽ ഈശ്വരനെ വിളിച്ചു. അതുവഴി വലിയ ഒരു ടോർച്ച് വെളിച്ചവുമായി ഒരു താടിക്കാരൻ വന്നു. അയാളോട് കാര്യങ്ങൾ തിരക്കി. സുഹൃത്തിന്റെ വീടിന്റെ പരിസരത്തുകൂടിയാണ് എനിക്ക് പോകേണ്ടത്. എന്റെ കൂടെ വന്നാൽ ഞാൻ ലക്ഷ്യസ്ഥാനത്ത് എത്തിക്കാമെന്ന് പറഞ്ഞു. വഴിയിൽ തങ്ങിനിന്ന ആൾ സംശയിച്ചു. അപരിചിതമായ സ്ഥലം, അപരിചിതനായ ഒരാൾ. ഇയാളുടെ കൂടെ പോയാൽ തന്റെ ജീവൻ അപകടത്തിലാകുമോ ? കാലം മോശപ്പെട്ടതാണല്ലോ. ഫോണിലെ ചാർജ്ജ് കഴിയാറായിരിക്കുന്നു.

ഈശ്വരസഹായം ലഭിക്കുമ്പോൾ കർമ്മബന്ധങ്ങളുടെ വെളിച്ചം കെടുത്തിയേപറ്റൂ. ഇത് രണ്ടും കൂടി ഒന്നിച്ച് കൊണ്ടുപോകാൻ പറ്റില്ല. ഈശ്വരസാക്ഷാൽക്കാരം ലഭിച്ചുകഴിഞ്ഞാൽ കർമ്മങ്ങളുടെ ഭാരം കഴിഞ്ഞു. പിന്നെ ഈശ്വരൻ തന്നെ കർമ്മവും പ്രവൃത്തിയും ചിന്തയും.

ഈശ്വരനെ വിളിക്കുന്ന പലരും ഈശ്വരസഹായം ലഭിച്ചാലും ഫോണിലെ വെളിച്ചത്തെ കെടുത്തില്ല. അവർക്ക് ഈശ്വരനിൽ പോലും പൂർണ്ണവിശ്വാസം ഉണ്ടാകില്ല. അതിനാൽ അവർ ഈശ്വരനെ വിളിക്കുകയും ഒപ്പം ഭാരം ചുമക്കുകയും ചെയ്യുന്നു. ഈശ്വരനെ വിളിക്കുന്നത് ആത്മാർത്ഥമായിട്ടാണെങ്കിൽ നമ്മുടെ കർമ്മഭാരവും, ആശങ്കയും ആകുലതകളും കുറഞ്ഞുവരും. ഒരു ദിവസം കൊണ്ട് ദുഃഖമെല്ലാം മാറുമെന്നല്ല. നെഞ്ചിൽ സുഖമുള്ള ഒരു പ്രാണസഞ്ചാരം അനുഭവപ്പെടും. ഒരുഭാരക്കുറവ്. മനസ്സിന് ഒരു ആശ്വാസം അത് ഉണ്ടാകുന്നില്ലെങ്കിൽ നിങ്ങളുടെ ഈശ്വരവിശ്വാസത്തിൽ എന്തോ കുറവുണ്ടെന്ന് മനസ്സിലാക്കണം. അത് പരിഹരിക്കുകയും വേണം. ●

# ഔചിത്യബോധം!



അജയ് ബാലചന്ദ്രൻ
9895659050

കാലംതെറ്റി പെയ്യുന്ന മഴയ്ക്കല്ലേ യഥാർത്ഥത്തിൽ
ഔചിത്യബോധം?

വേനലിൻ വറുതിയിൽ നിറകുളിരായൊരു മഴ!
മഞ്ഞിൻ തണുവിനെ മണ്ണിൻ മാറിലണയ്ക്കാനൊരു മഴ!
പെയ്തൊഴിയാ പേമാരിക്കാലത്തെന്തിനിനിയൊരു മഴ?

■ കവിത

# ചെരുപ്പ്



ഉണ്ണിവിശ്വനാഥ്
9895555393

നടന്ന വഴിയോരങ്ങളിൽ ചിലപ്പോൾ
കാണാറുണ്ട് പൊട്ടിയ ചെരുപ്പുകൾ.

ചിലതു തുള വീണു പോയിരിക്കും
ചിലതുവാറു പൊട്ടിയതാകും.

കണ്ടവക്കൊന്നിനും പൂർണ്ണതയില്ല
എല്ലാം വികലാംഗരായിരുന്നു.

ചെരുപ്പുകൾക്കെന്തോ പറയാനുണ്ട്
എനിക്കതു കേൾക്കാൻ നേരമില്ല.

വൃദ്ധസദനത്തിൽ ചിലരിരിക്കുന്നുണ്ട്
കാൽപാദങ്ങൾ ഇടക്കിടെ തടവി.

ചെരുപ്പുകൾക്കവിടേക്ക് വഴിയറിയില്ല
ആരോഗ്യം
അതിനനുവദിക്കുന്നുമില്ല.

അകത്തേക്കും പുറത്തേക്കും പോകുന്നവർ
പുത്തൻ ചെരുപ്പുകളിട്ടിരിക്കുന്നു.

വൃദ്ധസദനമെന്ന പരസ്യപ്പലക കണ്ടപ്പോൾ
എനിക്കെന്റെ ചെരുപ്പഴിക്കണമെന്നുണ്ട്.

പുതുമ നഷ്ടപ്പെടാത്ത എന്റെ ചെരുപ്പ്
ഈ വഴിത്താരയിലൊരു മാറ്റമായാലോ?

ഇം ലോകത്ത് എന്റേതായി എനിക്ക്
എന്തേലുമൊക്കെ ചെയ്യണ്ടേ ?

ആരേലുമൊക്കെ കരഞ്ഞാലല്ലേ ?
ആർക്കെങ്കിലുമൊക്കെ ചിരിക്കാനാകൂ.

ഇനി ഞാനിവരോടൊപ്പം കഴിയും
ചെരുപ്പില്ലാത്ത പാദങ്ങൾക്കു താങ്ങായ്.

മനസ്സ് ഞാൻ മുറുകെപ്പിടിക്കുന്നു,
ചെരുപ്പ് ഞാനിവിടെ ഉപേക്ഷിക്കുന്നു.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# അക്ഷര പ്രഭ പുരസ്കാരം സുരേഷ് തെക്കീട്ടിലിന്



ശ്രീ. സുരേഷ് തെക്കീട്ടിലിന് അക്ഷര പ്രഭ പുരസ്കാര സമർപ്പണം 14-11-2019 വൈകീട്ട് 5ന് തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടന്നു. ശ്രീ. ശിവശങ്കരൻ കരവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. ചെമ്മാണിയോട് ഹരിദാസൻ ശ്രീ. സുരേഷ് തെക്കീട്ടിലിന് പുരസ്കാരം സമ്മാനിച്ചു. 'കഥ നിറയും കാലം' എന്ന കൃതിയാണ് പുരസ്കാരത്തിനർഹമായത്. കെ. കെ. ബുക്സ് മേഴത്തൂരിന്റെ 'കുട്ടി കുറുമ്പുകൾ' എന്ന ബാലമാസിക, ശ്രീ. അനിൽ മാരാത്ത് തനിമ എഡിറ്റർ ശ്രീ. എം. സി. ശങ്കരന് നൽകി പ്രകാശനം നിർവ്വഹിച്ചു. ശ്രീ. അജയ് മേനോന്റെ കഥാ സമാഹാരം 'ലവ് ലോക്ക്' കെ. കെ. ബുക്സ് എഡിറ്റർ ശ്രീ. എ. ബി. വി. കാവിൽപ്പാട് ഏക തത്ത്വ പത്രാധിപർ ശ്രീ. ഇ. ടി. മുരളീധരന് നൽകി പ്രകാശനം ചെയ്തപ്പോൾ ശ്രീ. അജയ് മേനോന്റെ നോവൽ 'അവൾ' ശ്രീ. സുഭാഷ് ചന്ദ്രൻ ശ്രീമതി. അംബികാ മേനോന് നല്കി പ്രകാശനം ചെയ്തു. ശ്രീ. ഉണ്ണി വിശ്വനാഥ്, ശ്രീ. ടി. വി നാരായണൻകുട്ടി എന്നിവർ ആശംസകൾ നേർന്നു. ശ്രീ. സൈനുദ്ദീൻ മുണ്ടക്കയം, കവിത കെ. എസ്, യദു, ലതാ അനിൽ തുടങ്ങി ഒട്ടേറെ കവികൾ പങ്കെടുത്ത കവിയരങ്ങും അരങ്ങേറി.

---

## പ്രകാശനത്തിനൊരുങ്ങി...

## ഏക തത്ത്വയുടെ രണ്ട് പുസ്തകങ്ങൾ


### ദേവഭൂമിയിലെ ദേവദാരുക്കൾ

**പേജ് 100 വില 100**

**(യാത്രാവിവരണം)**

by

**ഈശ്വർകുമാർ തരവത്ത്**





### പിണങ്ങാത്ത കണ്ണികൾ

**പേജ് 100 വില 100**


**(കഥാസമാഹാരം)**

by

**ടി. വി. നാരായണൻകുട്ടി**



**Published on 15/11/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 10, Issue 1, December 2019, Rs.15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019



Eka Thathwa

**Centralised Book Production Centre**
For Typing, Layouting, Cover Designing, Proof Reading, Printing & Publishing ന്
ഏക തത്ത്വയെ സമീപിക്കൂ, താത്പര്യപൂർവ്വം വിളിക്കൂ 9446443321